കവർസ്റ്റോറി

ഡോ.സി.എസ്.വെങ്കിടേശ്വരൻ

ആഗോളസിനിമയിൽ ആധിപത്യം പുലർത്തുന്ന യൂറോ–അമേരിക്കൻ കേന്ദ്രിതമായ ഭാവുകത്വത്തിന് വിരുദ്ധമായി 'മറ്റു സിനിമ'കളെ ഒന്നിച്ചു കൊണ്ടുവരുവാനും പരസ്പരവിനിമയത്തിനും പ്രചോദനത്തിനും കളമൊരുക്കാനും നമുക്ക് കഴിയുമോ എന്നതാണ് കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേള നേരിടുന്ന രാഷ്ട്രീയപരമായ വെല്ലുവിളി.

# ലോകസിനിമയുടെ സംഗമോത്സവം

## ബഹുമതികളും വെല്ലുവിളികളും

കേരള അന്താരാഷ്ട്ര ചലച്ചിത്രമേള അതിന്റെ 12-ാം ലക്കത്തിലേക്കു കടക്കുകയാണ് ഈ വർഷം. കഴിഞ്ഞ വർഷങ്ങളിലെന്ന പോലെ ഈ വർഷവും ആകർഷണീയമായ പാക്കേജുകളും സ്മൃതിപരമ്പരകളും അവതരിപ്പിക്കപ്പെടുന്നു. ലോകമെമ്പാടും നിന്നുള്ള ചിത്രങ്ങളും ചലച്ചിത്രകാരന്മാരും ഈ മേളയിൽ പങ്കെടുക്കുന്നു. ഒരുപക്ഷെ ഇന്ത്യയിലെമ്പാടുമുള്ള ചലച്ചിത്രപ്രേമികൾ എല്ലാ വർഷവും പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു ചലച്ചിത്രമേളയായി IFFK മാറിയിരിക്കുന്നു.

1994-ലാണ് ആദ്യത്തെ മേള സംഘടിപ്പിക്കപ്പെട്ടത്. അതുവരെ കേന്ദ്രസർക്കാർ സംഘടിപ്പിക്കുന്ന ഭാരത അന്താരാഷ്ട്ര ചലച്ചിത്രമേള (IFFI) മാത്രമാണ് ഉണ്ടായിരുന്നതെങ്കിൽ, കേരളത്തിന്റെ മേള ആദ്യമായി പ്രാദേശികതലത്തിലുള്ള ഒരു അന്താരാഷ്ട്രമേളയ്ക്ക് തുടക്കമിടുകയാണ് ചെയ്തത്. പിന്നീടാണ് കൊൽക്കത്തയും ചെന്നൈയും പൂനയും മുംബൈയുമെല്ലാം ഈ മാതൃക പിന്തുടർന്നത്.

ഒന്നാമത്തെ കാരണം, നല്ല സിനിമയിൽ താത്പര്യമുള്ള വലിയ ഒരു പ്രേക്ഷകസമൂഹത്തിന്റെ സാന്നിദ്ധ്യമാണ്. ഇന്ത്യയിൽ എവിടെ നടക്കുന്ന മേളകളിലും മലയാളികളുടെ വമ്പിച്ച സാന്നിദ്ധ്യം എക്കാലത്തും പ്രകടമായിരുന്നു. ഒപ്പം തന്നെ ഫിലിം സൊസൈറ്റി പ്രസ്ഥാനത്തിന്റെ സ്വാധീനവും കാരണമായിരുന്നിരിക്കണം. അതുവരെ ഇത്തരം അന്തർദേശീയ മേളകൾ ചെറിയ തോതിലെങ്കിലും സംഘടിപ്പിച്ചിരുന്നത് ഇവിടുത്തെ ഫിലിം സൊസൈറ്റികളായിരുന്നു. കോഴിക്കോട് അശ്വിനി, തിരുവനന്തപുരത്തെ ചിത്രലേഖ, പിന്നെ ചലച്ചിത്ര, സൂര്യ തുടങ്ങിയവ, തൃശൂരിലെ നവചിത്ര, കാസർകോഡ് ഫിലിം സൊസൈറ്റി, എറണാകുളത്തെ കൊച്ചിൻ ഫിലിം സൊസൈറ്റി തുടങ്ങിയവ ശ്രദ്ധേയമായ ചലച്ചിത്രമേളകളിലൂടെയും ചലച്ചിത്ര ആസ്വാദനക്യാമ്പുകളിലൂടെയും പ്രാദേശിക തലത്തിൽ തന്നെ സിനിമാസ്വാദകരുടെ ഒരു സമൂഹത്തെ വളർത്തിയെടുത്തിരുന്നു. ഒപ്പം തന്നെ സമാന്തരവും സ്വതന്ത്രവുമായ- സിനിമാവ്യവസായത്തിന് പുറത്തുനിൽക്കുന്ന - സിനിമാനിർമാണ പ്രവർത്തനങ്ങളും എക്കാലത്തും കേരളത്തിൽ സജീവമായിരുന്നു. ബംഗാൾ, കർണ്ണാടക, ബോംബെ തുടങ്ങിയ ഇടങ്ങളിൽ സർക്കാർ പിന്തുണയുടെ പിന്മാറ്റത്തോടെ "നവതരംഗം" ഒടുങ്ങിയപ്പോഴും കേരളത്തിൽ അതു സജീവമായിത്തന്നെ നിലകൊണ്ടു. ഇപ്പോഴും എല്ലാവർഷവും വ്യവസായത്തിന്റെ ചിട്ടവട്ടങ്ങൾക്കു പുറത്തുനിന്നുകൊണ്ട് സ്വതന്ത്രമായി സിനിമ നിർമിക്കുന്ന ചെറുപ്പക്കാരുടെ സിനിമകൾ നിരന്തരം പുറത്തുവരുന്ന ഏക ഭാഷയാണ് മലയാളം. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വ്യാപനം ഇത്തരം സംരംഭങ്ങൾക്ക് ആക്കം കൂട്ടിയിട്ടുമുണ്ട്. ഇതൊക്കെക്കൊണ്ടുതന്നെയാകണം കേരള അന്താരാഷ്ട്ര ചലച്ചിത്രമേളയ്ക്ക് മറ്റു മേളകളിൽ നിന്നെല്ലാം വ്യത്യസ്തമായ രൂപവും ഭാവവും കൈക്കൊള്ളാനായതും. ഒന്നരപ്പതിറ്റാണ്ടിനുള്ളിൽത്തന്നെ ഈ മേള ദേശീയവും ആഗോളീയ

വുമായ തലങ്ങളിൽ വളരെ സവിശേഷമായ ഒരു സ്ഥാനവും പ്രാധാന്യവും കൈവരിച്ചിട്ടുണ്ട്.

ഗോവയിൽ സംഘടിപ്പിക്കപ്പെടുന്ന കേന്ദ്രസർക്കാരിന്റെ അന്താരാഷ്ട്രമേളയെ അപേക്ഷിച്ച് ഉള്ളടക്കത്തിന്റെയും സംഘാടനത്തിന്റെയും ഉദ്യോഗസ്ഥപ്രമാണിത്തത്തിന്റെ അഭാവത്തിന്റെയും മറ്റും കാര്യത്തിൽ വ്യത്യസ്തതയും മികവും പുലർത്തുന്ന ഒന്നാണ് നമ്മുടെ മേള എന്ന് സിനിമാപ്രേമികൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.


മറ്റൊരു പ്രധാനപ്പെട്ട വ്യത്യാസം നമ്മുടെ മേള ഗൗരവപ്പെട്ട സിനിമയ്ക്ക് നൽകുന്ന ഊന്നലാണ്. ഗോവ പോലെ



മറ്റു പല മേളകളും നിർമാതാക്കൾ, സംവിധായകർ, വിതരണക്കാർ തുടങ്ങിയ ചലച്ചിത്രവ്യവസായ പ്രവർത്തകരുടേതു മാത്രമായിരിക്കുമ്പോൾ, ഇവിടെ അത് മുഖ്യമായും പ്രേക്ഷകരുടേതുമാത്രമാണ്.

യുള്ള മേളകൾ കച്ചവടസിനിമക്കാർ പൂർണമായി കൈയടക്കിക്കഴിഞ്ഞ ഒരു സാഹചര്യത്തിൽ ഇത്തരം മേളയുടെ പ്രസക്തി കൂടുതൽ വർദ്ധിക്കുന്നു. ഉദ്യോഗസ്ഥൻമാരുടെയോ സിനിമാവ്യവസായത്തിന്റെയോ അമിതമായ സാന്നിദ്ധ്യമോ സ്വാധീനമോ ഇവിടെ ഉണ്ടാകാറില്ല. സർക്കാർ സഹായത്തോടെ ചലച്ചിത്ര അക്കാദമിയും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റീസ് തുടങ്ങിയ സംഘടനകളും ചേർന്ന് സംഘടിപ്പിക്കുന്ന ഈ മേള എന്നും പ്രേക്ഷകരുടെ മേള തന്നെയായിരുന്നു. വമ്പിച്ച താരസാന്നിദ്ധ്യമോ സിനിമാവിപണനമോ അവയുമായി ബന്ധപ്പെട്ട കെട്ടുകാഴ്ച്ചകളോ അതുകൊണ്ടുതന്നെ പരിമിതമാണുതാനും.

മറ്റു പല മേളകളും ചലച്ചിത്രവ്യവസായ പ്രവർത്തകരുടെ – നിർമാതാക്കൾ, സംവിധായകർ, വിതരണക്കാർ തുടങ്ങിയവർ – മാത്രമായിരിക്കുമ്പോൾ, ഇവിടെ നേരെ മറിച്ച് അത് മുഖ്യമായും പ്രേക്ഷകരുടേതുമാത്രമാണ്. അന്താരാഷ്ട്രതലത്തിൽ സിനിമയിൽ സംഭവിക്കുന്ന ചലനങ്ങളറിയാനും അതതു വർഷങ്ങളിൽ നിർമിക്കപ്പെടുന്ന ഏറ്റവും മികച്ച ചിത്രങ്ങൾ കാണാനും ഓർമ പുതുക്കാനും മറ്റുമുള്ള വേദിയാണ് ഈ ചലച്ചിത്രമേള. അതുകൊണ്ടുതന്നെ



**പൊതുവെ, മൂന്നാംലോക സിനിമയ്ക്കും പ്രസ്ഥാനങ്ങൾക്കും ഊന്നൽ കൊടുക്കുക എന്നതാണ് മേളയുടെ ഉദ്ദേശ്യങ്ങളിലൊന്ന്. ഫോക്കസ് വിഭാഗത്തിൽ വികസ്വര രാജ്യങ്ങൾക്കു ലഭിക്കുന്ന പ്രത്യേക പ്രാധാന്യം അതിനു തെളിവാണ്.**

ഈ മേളയിൽ പങ്കെടുക്കുന്നവരിൽ ഭൂരിപക്ഷവും ദൃശ്യമാധ്യമരംഗത്തെ ക്രിയാത്മകമായ മേഖലകളിൽ പ്രവർത്തിക്കുന്നവരും വിദ്യാർത്ഥികളും സിനിമാക്കമ്പക്കാരും ഫിലിം സൊസൈറ്റി പ്രവർത്തകരും മറ്റുമാണ്.

### പ്രേക്ഷകർ/ ആസ്വാദനം

പ്രേക്ഷകരുചികൾക്കും സിനിമാസ്വാദനത്തിനും ഉള്ള ഈ കേന്ദ്രത്വം തീർച്ചയായും ചിത്രങ്ങളുടെയും പാക്കേജുകളുടെയും തിരഞ്ഞെടുപ്പിലും മേളയിലുള്ള ബഹുജനപങ്കാളിത്തത്തിലും പ്രകടമാണ്. വിപണനത്തിനും വില്പനയ്ക്കും മറ്റും വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല എന്നതു തന്നെയാണ് മാറുന്ന സാഹചര്യങ്ങളിൽ - പ്രത്യേകിച്ചും സാംസ്കാരിക പ്രവർത്തനങ്ങളിൽ നിന്നും ഭരണകൂട ഏജൻസികളുടെ പിന്മാറ്റത്തിന്റെ പശ്ചാത്തലത്തിൽ - ഒരു പ്രതിസന്ധിയായി രൂപം കൊള്ളുന്നതും.

പൊതുവെ, മൂന്നാംലോക സിനിമയ്ക്കും പ്രസ്ഥാനങ്ങൾക്കും ഊന്നൽ കൊടുക്കുക എന്നതാണ് മേളയുടെ പ്രധാന ഉദ്ദേശ്യങ്ങളിലൊന്ന്. Focus വിഭാഗത്തിൽ പ്രത്യേക വികസ്വര രാജ്യങ്ങൾക്കും അത്തരം ഊന്നലുള്ള പാക്കേജുകൾക്കും ലഭിക്കുന്ന പ്രാധാന്യം അതിനു തെളിവാണ്. ഉദാഹരണത്തിന് കഴിഞ്ഞ വർഷം മഗ്രേബ് പ്രദേശത്തെ വനിതാ ചലച്ചിത്രകാരികളുടെ സിനിമകളുടെ ഒരു പാക്കേജ് ഉണ്ടായിരുന്നെങ്കിൽ ഈ വർഷം ലാറ്റിനമേരിക്കൻ സ്ത്രീ സിനിമകളുടെ ഒരു വിഭാഗം മേളയിലുണ്ട്.

നമ്മെ വിട്ടുപോയ ചലച്ചിത്രപ്രതിഭകളുടെ കൃതികളടങ്ങുന്ന സ്മൃതിവിഭാഗങ്ങൾ ഏതു മേളയിലും എന്ന പോലെ എല്ലാ വർഷവും പതിവുള്ളതാണ്. ഐസൻസ്റ്റെൻ, അലക്സാണ്ടർ ക്ലൂഗേ, വെർണർ ഹെർസോഗ്, ഴാങ്ങ് ലുക് ഗോദാർദ്, ലൂയി ബുനുവേൽ, പൗലോ പസോളിനി, ഉസ്മെനെ സെംബനെ, ജീൻ റൂഷ്, ഷാന്റൽ അക്കർമാൻ തുടങ്ങിയവരുടെ ചിത്രങ്ങളെ തുടർന്ന് ഈ വർഷം ബർഗ്മാൻ, ആന്റോണിയോനി, പി.ഭാസ്കരൻ, കെ.കെ.മഹാജൻ, സി.വി.ശ്രീരാമൻ തുടങ്ങിയവർ ഓർമിക്കപ്പെടുന്നു.

ഇത്തരം റിട്രോസ്പെക്ടീവുകൾ സിനിമ ചരിത്രത്തിലെ അതികായന്മാരെയും പ്രകൃഷ്ടകൃതികളെയും പ്രസ്ഥാനങ്ങളെയും കുറിച്ച് നമ്മെ ഓർമിപ്പിക്കുന്നുവെങ്കിൽ, Contemporary Masters വിഭാഗം ലോകത്തെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവപ്രതിഭകളെ പരിചയപ്പെടുത്തുന്നു. സായ് മിങ്ങ് ലിയാങ്ങ്, മെമ്പറ്റി, അദ്രമാൻ സിസാക്കോ, ഒമർ കാവൂർ, കിം കിദുർ തുടങ്ങിയവർ കഴിഞ്ഞകാല മേളകളിൽ ജനപ്രീതി പിടിച്ചുപറ്റിയിരുന്നു. എഡ്വേർഡ് യാങ്ങ്, പെഡ്രോ അൽമറോ എന്നിവരുടെ ചിത്രങ്ങളാണ് ഈ വർഷം ഉൾപ്പെടുത്തിയിരിക്കുന്നത്.



ഈ മേളയിലെ മത്സരവിഭാഗവും ഇതിനകം ആഗോളശ്രദ്ധ ആകർഷിച്ചിട്ടുള്ള ഒന്നാണ്. ഏഷ്യൻ ലാറ്റിനമേരിക്കൻ, ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ചിത്രങ്ങളാണ് ഈ വിഭാഗത്തിൽ പങ്കെടുക്കുന്നത്. ദശലക്ഷം രൂപ സമ്മാനത്തുകയുള്ള "സുവർണചകോര" പുരസ്കാരം മൂന്നാംലോകസിനിമാപ്രവർത്തകർ ഉറ്റു നോക്കുന്ന ഒന്നാണ്. പ്രശസ്ത ചലച്ചിത്ര സംവിധായകനായ ജിറി മെൻസൽ ആണ് ഇത്തവണത്തെ ജൂറി അദ്ധ്യക്ഷൻ.

ഇന്ത്യയിലും കേരളത്തിലും ഓരോ വർഷവും നിർമിക്കപ്പെടുന്ന ശ്രദ്ധേയമായ ചിത്രങ്ങളും ഇവിടെ അർഹിക്കുന്ന പ്രാധാന്യത്തോടെ പ്രദർശിപ്പിക്കപ്പെടുന്നു. കേരളത്തിലെ മേള പൊതുജനങ്ങളിൽ ഉണർത്തുന്ന താത്പര്യവും ഓപ്പൺഫോറം തുടങ്ങിയ ചർച്ചാവേദികളിൽ പ്രകടമാവുന്ന പങ്കാളിത്തവും മറ്റും വിദേശപ്രതിനിധികളെ അമ്പരപ്പിക്കുന്ന തരത്തിലുള്ളതാണ്. അതുപോലെ തന്നെയാണ് പത്രങ്ങളും ടെലിവിഷനും മറ്റും ഈ മേളയിൽ പ്രകടിപ്പിക്കുന്ന താത്പര്യം. മറ്റെവിടെയും ലഭിക്കാത്ത പ്രാധാന്യവും സമയവും ഈ മേളകൾക്ക് മാധ്യമങ്ങൾ നല്കാറുണ്ട്.

**വെല്ലുവിളികൾ**

സംഘാടനം, പങ്കാളിത്തം, ഉള്ളടക്കം എന്നീ മേഖലകളിൽ മികവുനിലനിർത്തുന്ന നമ്മുടെ മേള നമ്മുടെ ഭാഷയിൽ നടക്കുന്ന സിനിമാപ്രവർത്തനങ്ങളെ എങ്ങനെ സ്വാധീനിക്കുന്നു? ഇത്തരം മേളകൾ നമ്മുടെ പ്രേക്ഷക ആസ്വാദന നിലവാരത്തെ സ്വരൂപിക്കുന്നതിൽ പങ്കുവഹിക്കുന്നുണ്ടോ? അതോ വിദേശത്തുനിന്നുള്ള വിവിധചിത്രങ്ങൾ വന്നെത്തുന്ന ഈ മേള നമുക്ക് മറ്റൊരു തലത്തിലുള്ള ഉപഭോഗശീലം (consumerism) മാത്രമാണോ? ഈ മേളകൾ നമ്മുടെ സിനിമാപ്രവർത്തകരെ മാറി വരുന്ന ആഗോളസിനിമാഭാവുകത്വവുമായി പരിചയപ്പെടുത്തുമ്പോൾ തന്നെ, അവരുടെ രചനകളെ ആഗോളനിലവാരത്തിലേക്കുയർത്താൻ പ്രേരണയാവുന്നുണ്ടോ? നമ്മുടെ ചിത്രങ്ങൾക്കും ചലച്ചിത്രകാരന്മാർക്കും ആഗോളവിപണി കണ്ടെത്താൻ ഈ മേളകളിലൂടെ സാധ്യമാകുന്നുണ്ടോ?

മാധ്യമം – പ്രത്യേകിച്ചും ദൃശ്യമാധ്യമങ്ങൾ – അങ്ങേയറ്റം ആഗോളീകരിക്കപ്പെട്ട ഇക്കാലത്ത് പ്രാദേശിക സംസ്കാരങ്ങളും വ്യവസായങ്ങളും നേരിടുന്ന പുതിയ വെല്ലുവിളികളാണിവ. ഈ വെല്ലുവിളികൾ ഭാവുകത്വപരം മാത്രമല്ല മറിച്ച് വ്യാവസായികമായ തലത്തിൽ വിപണിയെയും ഉപഭോക്തൃശീലങ്ങളെയും ഉത്പാദനവ്യവസ്ഥയെയും എല്ലാം ചൂഴ്ന്നുനില്ക്കുന്ന ഒന്നാണ്.

തീർച്ചയായും കേരളത്തിന്റെ അന്താരാഷ്ട്ര ചലച്ചിത്രമേള മുമ്പ് ഫിലിം സൊസൈറ്റി പ്രസ്ഥാനം എന്നപോലെ ലോകസിനിമയെ നമ്മിലെത്തിക്കുന്നതിൽ വിജയിച്ചിട്ടുണ്ട്. ലോകത്തിന്റെ ഏതൊരു കോണിലും നടക്കുന്ന ചലച്ചിത്രരംഗത്തെ ലാവണ്യ ഭാവുകത്വമാറ്റങ്ങളെ പിടിച്ചെടുക്കുന്നതിലും അവയെ നമ്മുടെ മുമ്പിലെത്തിക്കുന്നതിലും ഈ മേളകൾ വഹിച്ച പങ്ക് നിസാരമല്ല. എന്നാൽ, നമ്മുടെ സിനിമയെ ആഗോളവിപണിയിലും മറ്റ് അന്താരാഷ്ട്രമേളകളിലും എത്തിക്കാൻ ഈ മേള കളമൊരുക്കിയിട്ടുണ്ടോ എന്നത് നിർണായകമായ ഒരു ചോദ്യമാണ്. ടെഹ്റാൻ, സീയൂൾ, ബുർക്കിനാ ഫാസോ തുടങ്ങിയ മേളകൾ അവിടത്തെ സിനിമകളെ അന്തർദേശീയ ശ്രദ്ധയിലേക്ക് ഉയർത്തുകയും അതുവഴി അവിടത്തെ സിനിമാനിർമാണത്തെ ഗണ്യമായി സഹായിക്കുകയും ചെയ്തിട്ടുണ്ട്. ഒരുതരം കൊള്ളക്കൊടുക്കലിലേക്ക് ആ മേളകൾ വികസിച്ചു എന്നു പറയാം. അത്തരത്തിൽ നമ്മുടെ മേള മലയാള സിനിമയെ ഒരു ആഗോളസിനിമയാക്കി മാറ്റുന്നതിൽ സഹായിക്കുന്നുണ്ടോ? അതോ ആഗോളസിനിമയുടെ വ്യവസ്ഥാപിത കേന്ദ്രങ്ങളിൽനിന്ന് കേരളം പോലെയുള്ള അതിരുകളിലേക്കുള്ള ഏകദിശാപ്രവാഹം മാത്രമായി ഇത്തരം മേളകൾ അവശേഷിക്കുമോ?



ഒരു പക്ഷെ ഇതായിരിക്കും നമ്മുടെ മേളയ്ക്ക് മുന്നിലുള്ള ഏറ്റവും വലിയ വെല്ലുവിളി. ചലച്ചിത്ര മേള എന്ന വേദിയെയും അവിടെ വിദേശപ്രതിനിധികളുടെ സാന്നിദ്ധ്യത്തെയും പങ്കാളിത്തത്തെയും മറ്റും നമ്മൾ മലയാളസിനിമയുടെ വളർച്ചയ്ക്കുള്ള ഉത്തേജകമായി മാറ്റേണ്ടിയിരിക്കുന്നു. മികച്ച ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനൊപ്പംതന്നെ അവയെ അർഹിക്കുന്ന പ്രാധാന്യം നല്കി അവതരിപ്പിക്കുകയും വിപണനം ചെയ്യുകയും കൂടി വേണം. വിവിധ വിദേശരാജ്യങ്ങളിൽ നിന്നും നമ്മുടെ മേളയിലെത്തുന്ന ആകർഷകമായ സിനിമാപാക്കേജുകൾ പോലെ നമ്മുടെ സിനിമയിൽ നിന്നും അത്തരം പാക്കേജുകൾ വികസിപ്പിക്കുകയും വിവിധ അന്തർദേശീയ മേളകളിൽ അവയെ എത്തിക്കുകയും വേണം. എങ്കിലേ ലോകഭൂപടത്തിൽ മലയാള സിനിമ ശ്രദ്ധിക്കപ്പെടാൻ പോകുന്നുള്ളൂ. എങ്കിൽ മാത്രമേ അങ്ങേയറ്റം ആഗോളീകരിക്കപ്പെട്ട ഇന്നത്തെ സാഹചര്യത്തിൽ ഇനിയുള്ള വളർച്ചയും സാധ്യമാകൂ.

ഇന്ത്യൻ സിനിമയിലുള്ള ആഗോളതാത്പര്യം ഇന്ന് 'ബോളിവുഡ്' സിനിമയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന അവസ്ഥയെ മറികടക്കാൻ ഇത്തരം 'പ്രാദേശിക' സംരംഭങ്ങൾ കൂടിയേ തീരൂ.

**ഉള്ളടക്കത്തിന്റെ രാഷ്ട്രീയം**

മറ്റൊരു വെല്ലുവിളി ഉള്ളടക്കത്തെ സംബന്ധിക്കുന്നതാണ്. ചിത്രങ്ങളുടെ വൈവിധ്യവും മികവും നോക്കിയാൽ ഉള്ളടക്കത്തിന്റെ കാര്യത്തിൽ നമ്മുടെ മേള സമ്പന്നമാണ്. എങ്കിലും ഒരു മൂന്നാംലോക രാജ്യാന്തരമേള എന്ന അർത്ഥത്തിൽ അതിന് സ്വന്തം സ്ഥാനം ഉറപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ? ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ നിന്നുള്ള ചലച്ചിത്രങ്ങൾക്ക് വേണ്ട രീതിയിലുള്ള പ്രാതിനിധ്യവും പ്രാധാന്യവും ഉറപ്പുവരുത്താൻ നമുക്ക് കഴിഞ്ഞിട്ടുണ്ടോ? ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനോടൊപ്പം തന്നെ മൂന്നാം ലോക ചലച്ചിത്രപ്രവർത്തകരുടെ സാഹോദര്യവും പങ്കാളിത്തവും ഉറപ്പുവരുത്തുന്നതും അവർ ഉറ്റുനോക്കുന്നതുമായ ഒരു വേദിയായി നമ്മുടെ മേളയ്ക്ക് മാറാൻ കഴിഞ്ഞിട്ടുണ്ടോ?

ഇന്ന് ആഗോളസിനിമയിൽ ആധിപത്യം പുലർത്തുന്ന അമേരിക്കൻ – യൂറോ – കേന്ദ്രിതമായ ഭാവുകത്വത്തിന് വിരുദ്ധമായി 'മറ്റു സിനിമ'കളെ ഒന്നിച്ചു കൊണ്ടുവരുവാനും പരസ്പരവിനിമയത്തിനും പ്രചോദനത്തിനും കളമൊരുക്കാനും നമുക്ക് കഴിയുമോ എന്നതാണ് ഈ മേള നേരിടുന്ന രാഷ്ട്രീയപരമായ വെല്ലുവിളി. അത്തരം വെല്ലുവിളി ഏറ്റെടുക്കാൻ ഏറ്റവും പ്രാപ്തിയും പ്രായവുമുള്ള അന്താരാഷ്ട്ര ചലച്ചിത്രമേളയാണ് നമ്മുടേത്.■

അനിജ. ഇ.ജെ

# പെട്ടിക്യാമറയിൽ നിന്ന് ഡി

ആധുനിക ലോകത്തിലെ ഏറ്റവും വലിയ വിനോദോപാധിയായി സിനിമ മാറിക്കഴിഞ്ഞിരിക്കുന്നു.

വിനോദത്തോടൊപ്പം വിജ്ഞാനം പകരാനും സിനിമകൾക്കു കഴിയുന്നുണ്ട്. ഒരാളുടെ ഒറ്റപ്പെട്ട കണ്ടുപിടിത്തമല്ല സിനിമ. നിരവധി സാങ്കേതിക മേഖലകളിൽ സുദീർഘമായ നിരീക്ഷണ - പരീക്ഷണങ്ങളുടെ ഫലമായിട്ടാണ് സിനിമ ആവിർഭവിച്ചത്.

### സിനിമയുടെ ചരിത്രം

നിശ്ചലഛായാഗ്രഹണ രംഗത്തെ കണ്ടുപിടിത്തമാണ് സിനിമയുടെ ആവിർഭാവത്തിനു നിദാനം. ഛായാഗ്രഹണത്തിലുള്ള ആദ്യ പരിശ്രമങ്ങൾ നടത്തിയത് ജോസഫ് നീസ് ഫോർ നീപ്സ് എന്ന ഫ്രഞ്ചുകാരനാണ്. അദ്ദേഹം ആദ്യമായി പകർത്തിയത് ഒരു പൂന്തോട്ടത്തിന്റെ ചിത്രമായിരുന്നു. അദ്ദേഹത്തിന്റെ ചിത്രങ്ങൾ അനാകർഷകങ്ങളും താമസംവിനാ മാഞ്ഞുപോകുന്നവയുമായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായ ലൂയി ദാഗുരേ രാസവസ്തുക്കൾ ഉപയോഗിച്ച് ചെമ്പു തകിടിൽ സ്ഥിരമായ ചിത്രങ്ങൾ പകർത്താനുള്ള വിദ്യ കണ്ടുപിടിച്ചു. ഇതിനിടയ്ക്ക് വില്യം ഹെൻറി ഫോക്സ് ടാൽബോട്ട് എന്ന ഇംഗ്ലീഷുകാരൻ കടലാസിൽ ഫോട്ടോ പതിച്ചെടുക്കാൻ കഴിയുമെന്ന് തെളിയിച്ചു. 1888 ൽ ജോർജ്ജ് ഈസ്റ്റ്മാൻ പെട്ടിക്യാമറയും 1889 ൽ റോൾഫിലിമും വിപണിയിൽ ഇറക്കിയതോടെയാണ് ഫോട്ടോഗ്രഫി പ്രചുരപ്രചാരം നേടിയത്.

ഇക്കാലത്തു തന്നെ ചലനത്തെ ചിത്രീകരിക്കാനുള്ള ശ്രമങ്ങളും നടന്നുകൊണ്ടിരുന്നു. എഡ്വേർഡ് മേബ്രിഡ്ജ് എന്ന അമേരിക്കക്കാരൻ 1878ൽ 24 ക്യാമറകൾ ഓരോ അടി അകലത്തിൽ സ്ഥാപിച്ച് കുതിരയുടെ ഓട്ടം ചിത്രീകരിച്ചു. വൃത്താകൃതിയിലുള്ള ഒരു ഫ്രെയിമിൽ ഈ ചിത്രങ്ങൾ പതിച്ച് അത് വേഗത്തിൽ കറക്കിയപ്പോൾ കുതിര ചലിക്കുന്നതായി അനുഭവപ്പെട്ടു. പല ക്യാമറകൾ സ്ഥാപിച്ച് ചലനം ചിത്രീകരിക്കുന്നതിനു പകരം കാഞ്ചിവലിച്ചാൽ തുടർച്ചയായി ഫോട്ടോ എടുക്കുന്ന ഫോട്ടോഗ്രാഫിക്ഗൺ എന്ന ഉപകരണം ഫ്രഞ്ച്


ലൂമിയർ സഹോദരൻമാർ

ശാസ്ത്രജ്ഞനായ പ്രൊഫ. ഇ.ജെ. മാരി വികസിപ്പിച്ചെടുത്തു. ഇതിന്റെ പ്രവർത്തനരീതിയെ ആസ്പദമാക്കിയാണ് ഷൂട്ടിങ് എന്ന പ്രയോഗം പ്രചാരത്തിൽ വന്നത്.

### ചലനചിത്രങ്ങൾ

ചലനചിത്രങ്ങളെ സംബന്ധിച്ച ഗവേഷണത്തിന് ശാസ്ത്രജ്ഞൻമാരെ പ്രേരിപ്പിച്ചു കൊണ്ടിരുന്നത് അനസ്യൂതദർശനം എന്ന സിദ്ധാന്തമാണ്. 1824ൽ ഡോ. പീറ്റർ മാർക്ക് റോഗർട്ട് എന്ന ശാസ്ത്രജ്ഞൻ ചലിക്കുന്ന വസ്തുക്കൾ കാഴ്ചയിൽ എങ്ങനെ മാറുന്നു എന്ന വിഷയത്തെപ്പറ്റി നടത്തിയ പഠനങ്ങൾ ഏറെ ശ്രദ്ധേയമായി. 1829 ൽ ബൽജിയൻ ശാസ്ത്രജ്ഞനായ ജോസഫ് ആന്റോണി ഫെർഡിനൻസ് പ്ലേറ്റോ അനുസ്യൂതദർശനത്തെ സംബന്ധിച്ച തന്റെ നിഗമനങ്ങൾ പ്രസിദ്ധപ്പെടുത്തിയതും ചലച്ചിത്ര മേഖലയിലെ ഗവേഷണങ്ങളുടെ വേഗത കൂട്ടി.


ദീർഘകാലമായി പ്രചാരത്തിലിരുന്ന മായാദീപങ്ങളുടെ സഹായത്തോടെ വില്യം ഫ്രീൻസ് ഗ്രീൻ ചലനചിത്രങ്ങൾ പ്രദർശിപ്പിക്കാനുള്ള ഉദ്യമങ്ങളിൽ ഏർപ്പെട്ടു. ദീപത്തിന്റെ സഹായത്തോടെ നിശ്ചല ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നതിനാണ് മായാദീപങ്ങൾ ഉപയോഗിച്ചിരുന്നത്. അനുസ്യൂതദർശനത്തെയും മായാദീപത്തെയും പറ്റി പഠിച്ച ഫ്രീസ് ഗ്രീൻ ഒരു പെൺകുട്ടിയുടെ വ്യത്യസ്ത മുഖഭാവങ്ങൾ കണ്ണാടിച്ചില്ലുകളിൽ രേഖപ്പെടുത്തി ക്രമമായി അതിവേഗത്തിൽ ചലിപ്പിക്കുകയും മായാദീപത്തിന്റെ സഹായത്തോടെ ആ ചിത്രങ്ങൾ ഒരു തിരശ്ശീലയിൽ പതിപ്പിക്കുകയും ചെയ്തു. അപ്പോൾ മുഖഭാവങ്ങളിൽ നിന്നും പുഞ്ചിരിയിലേക്കു മാറുന്ന പെൺകുട്ടിയുടെ


ബൈസിക്കിൾ തീവ്സിൽ നിന്ന് ഒരു ദൃശ്യം

ചലച്ചിത്രഭാഷയുടെ വികാസം
സാങ്കേതികവിദ്യയുടെ വികസനവുമായി
ഇഴ ചേർന്നുകിടക്കുന്നു.
സിനിമയുടെ ചരിത്രത്തിലൂടെ
ഒരു ഓട്ടപ്രദക്ഷിണം

# ഡിജിറ്റൽ യുഗത്തിലേക്ക്


ഗ്രിഫിത്ത്


എഡിസൻ


ഐസൻസ്റ്റൈൻ


കുറസോവ

ചിത്രം തിരശ്ശീലയിൽ തെളിഞ്ഞു. ഉത്സാഹഭരിതനായ ഗ്രീൻ പിന്നീട് ഛായ പതിപ്പിക്കാവുന്ന സെല്ലുലോയിഡും ചിത്രം പ്രദർശിപ്പിക്കാനുള്ള പ്രൊജക്ടറും കണ്ടുപിടിച്ചു. അദ്ദേഹം ഇതിന് 1889 ൽ പേറ്റന്റ് നേടി. ഫ്രീസ് ഗ്രീനിനെ പലരും സിനിമയുടെ പിതാവെന്നു വിശേഷിപ്പിക്കാറുണ്ട്.

## കൈനെറ്റോസ്കോപ്പ്

ഫ്രീസ് ഗ്രീനിന് തന്റെ കണ്ടുപിടിത്തം വ്യാവസായികാടിസ്ഥാനത്തിൽ വികസിപ്പിച്ചെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ അമേരിക്കൻ ശാസ്ത്രജ്ഞനായ എഡിസൻ കൈനെറ്റോസ്കോപ്പ് എന്ന പുതിയ പ്രദർശനയന്ത്രവുമായി 1903 ൽ വിപണിയിലെത്തി. ഫിലിമിന്റെ സ്റ്റാൻഡേർഡ് ആകൃതി 25 മില്ലീമീറ്ററായി നിജപ്പെടുത്തിയത് എഡിസനാണ്.



## സിനിമാറ്റോഗ്രാഫ്

എഡിസൻ ഫിലിമിന് കൊള്ളവില ഈടാക്കുന്നതിൽ മനംനൊന്ത ആന്റണി ലൂമിയർ എന്ന ഫ്രഞ്ച് ഫോട്ടോഗ്രാഫർ തന്റെ മക്കളായ അഗസ്റ്റസ് ലൂമിയർ, ലൂയി ലൂമിയർ എന്നിവരുടെ സഹായത്തോടെ സ്വന്തമായി അസംസ്കൃത ഫിലിം കണ്ടുപിടിക്കുന്നതിന് ശ്രമം തുടങ്ങി. അതിൽ വിജയം വരിച്ച അവർ ക്യാമറയും പ്രൊജക്ടറും ചേർന്ന മറ്റൊരുപകരണത്തിനും രൂപം നൽകി. 1895 ൽ അതിന് അവർ പേറ്റന്റ് നേടി. സിനിമാറ്റോഗ്രാഫ് എന്ന പേരിലാണ് ഈ സമ്പ്രദായം അറിയപ്പെട്ടത്. കിനിമാ (ചലനം), ഗ്രാഫ്(രേഖ) എന്നീ ഗ്രീക്ക് പദങ്ങൾ ചേർന്നുണ്ടായ കിനിമാറ്റോഗ്രാഫ് എന്ന പദത്തിന്റെ രൂപാന്തരമാണത്. ഫിലിമിൽ നിന്ന് പ്രൊജക്ട് ചെയ്തു കാണിക്കുന്ന ഈ സമ്പ്രദായത്തോടെയാണ് ആധുനിക സിനിമ ഉടലെടുത്തത്.

## ലൂമിയർ സഹോദരൻമാർ

കഷ്ടിച്ച് മൂന്ന് പതിറ്റാണ്ടു മാത്രം നിലനിന്ന നിശ്ശബ്ദ സിനിമ ഒട്ടേറെ മനോഹര ചിത്രങ്ങൾ സംഭാവന ചെയ്യുകയുണ്ടായി. 1903ൽ എഡ്വിൻ എസ്. പോർട്ടർ സംവിധാനം ചെയ്ത ഗ്രേറ്റ് ട്രെയിൻ റോബറി വികാരോജ്വലമായ ഒരു ചിത്രമായിരുന്നു. ഒറ്റ സ്വീക്വൻസിന് വിവിധ ഷോട്ടുകൾ ഉപയോഗിച്ച ആദ്യത്തെ ചിത്രമാണത്

ലൂമിയർ സഹോദരൻമാർ തങ്ങളുടെ ആദ്യചിത്രം 1895 മാർച്ച് 22ന് പാരീസിലെ ഗ്രാൻഡ് കഫേയിൽ പ്രദർശിപ്പിച്ചു. പ്രവേശന ടിക്കറ്റോടുകൂടിയാണ് ഈ പ്രദർശനം നടത്തിയത്. തുടർന്ന് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അവർ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. സമുദ്രതീരത്തെ സ്നാനം, തീവണ്ടിയുടെ ആഗമനം, തൊഴിൽശാല വിട്ട് തൊഴിലാളികൾ പുറത്തു വരുന്നത് തുടങ്ങിയ രംഗങ്ങളാണ് അവർ പ്രദർശിപ്പിച്ചത്. ഒരേ ആംഗിളിൽ റെക്കോർഡു ചെയ്ത വിഭവങ്ങളായിരുന്നു ഇവ. ലൂമിയർ സഹോദരൻമാർ ഇന്ത്യയിലുമെത്തി. 1896 ജൂലായ് 7 ന് ബോംബെയിലെ വാട്ട്സൺ ഹോട്ടലിൽ അവർ തങ്ങളുടെ ചിത്രങ്ങൾ പ്രദർശിപ്പിച്ചു.

കഷ്ടിച്ച് മൂന്ന് പതിറ്റാണ്ടുമാത്രം നിലനിന്ന നിശ്ശബ്ദ സിനിമ ഒട്ടേറെ മനോഹര ചിത്രങ്ങൾ സംഭാവന ചെയ്യുകയുണ്ടായി. 1903 ൽ എഡ്വിൻ. എസ്. പോർട്ടർ സംവിധാനം ചെയ്ത ഗ്രേറ്റ് ട്രെയിൻ റോബറി വികാരോജ്വലമായ ഒരു ചിത്രമായിരുന്നു. ഒറ്റ സ്വീകൻസിന് വിവിധ ഷോട്ടുകൾ ഉപയോഗിച്ച ആദ്യത്തെ ചിത്രമാണത്. ചലച്ചിത്രത്തിന് സ്വന്തമായ ഭാഷയും വ്യാകരണവും നൽകിയത് അമേരിക്കക്കാരനായ ഗ്രിഫിത്ത് (1875–1948), റഷ്യക്കാരനായ ഐസൻസ്റ്റൈൻ(1898–1948) എന്നിവരാണ്. വില കുറഞ്ഞ വിനോദോപാധി മാത്രമായിരുന്ന സിനിമയെ ഗൗരവാവഹമായ ഒരു കലയാക്കി മാറ്റി എന്നതാണ് ഗ്രിഫിത്തിന്റെ സംഭാവന. ദൃശ്യങ്ങളെ ഷോട്ടുകളായി തിരിക്കുന്ന സമ്പ്രദായം, ഫ്ളാഷ്ബാക്ക് സങ്കേതം എന്നിവ ആദ്യമായി അവതരിപ്പിച്ചത് അദ്ദേഹമാണ്. ദി ബെർത്ത് ഓഫ് എ നേഷൻ (1915) ആണ് ഗ്രിഫിത്തിന്റെ പ്രധാന ചിത്രം. ഐസൻസ്റ്റൈൻ നിർമിച്ച ബാറ്റിൽ ഷിപ്പ് പോട്ടെംകിൻ (1925) എക്കാലത്തെയും ഏറ്റവും മികച്ച ചിത്രങ്ങളിലൊ



ചാപ്ളിൻ

ന്നാണ്. നിശ്ശബ്ദ സിനിമകളുടെ മികച്ചൊരു സംഭാവനയാണ് ബ്രിട്ടീഷ് ഹാസ്യനടനായ ചാർലിചാപ്ലിൻ (1889-1977).

1923 ൽത്തന്നെ ചലച്ചിത്രത്തിന് ശബ്ദം നൽകാനുള്ള സാങ്കേതിക വിദ്യ കണ്ടുപിടിക്കപ്പെട്ടിരുന്നു. എന്നാൽ ആദ്യമൊന്നും സിനിമാക്കമ്പനികൾ അതിൽ താത്പര്യം പുലർത്തിയില്ല. 1926 ൽ പുറത്തുവന്ന ഡോൺജുവാൻ എന്ന ഹ്രസ്വചിത്രത്തിലാണ് ആദ്യമായി ശബ്ദം ഉൾക്കൊള്ളിച്ചത്. തിയേറ്ററിൽ സിനിമ സംസാരിച്ചു തുടങ്ങിയത് അമേരിക്കയിലെ വാർണർ ബ്രദേഴ്സ് എന്ന കമ്പനി നിർമിച്ച ദി *ജാസ് സിംഗർ* എന്ന ചിത്രത്തിലാണ്. 1927 ഒക്ടോബർ അഞ്ചിന് അതിന്റെ പ്രദർശനം നടന്നു. അതിൽ ഏതാനും സ്ഥലങ്ങളിൽ മാത്രമേ ശബ്ദമുണ്ടായിരുന്നുള്ളൂ. മുഴുവനായും സംസാരിച്ച ആദ്യചിത്രം വാർണർ ബ്രദേഴ്സ് തന്നെ നിർമിച്ച ദി ലൈറ്റ്സ് ഓഫ് ന്യൂയോർക്ക് (1928) ആയിരുന്നു.

നിശ്ശബ്ദ സിനിമയുടെ കാലത്തു തന്നെ അമേരിക്കയിലെ ഹോളിവുഡ് ആഗോള ചലച്ചിത്ര കേന്ദ്രമായി. ലോകത്തിലെ പ്രശസ്ത സിനിമകളിൽ ഭൂരിപക്ഷവും അവിടെ നിന്നാണ് പുറത്ത് വന്നിട്ടുള്ളത്. ജുറാസിക് പാർക്ക് (1993), ടൈറ്റാനിക് (1998) എന്നിവ അടുത്തകാലത്ത് റിക്കാർഡു സൃഷ്ടിച്ച ഹോളിവുഡ് ചിത്രങ്ങളാണ്. ഇറ്റലിക്കാരനായ വിറ്റോറിയോഡിസീക്കയുടെ ബൈസിക്കിൾ തീവ്സ് (1948) സിനിമയുടെ ചരിത്രത്തിൽ ഒരു നവീനാധ്യായം സൃഷ്ടിച്ചു. അമ്പതുകളിൽ ദസ്തയേവ്സ്കി, ഗോർക്കി, ഷേക്സ്പിയർ എന്നിവരുടെ കൃതികൾക്ക് ചലച്ചിത്രാവിഷ്കാരം നൽകി ജാപ്പനീസ് സംവിധായകനായ കുറോസോവ സിനിമയെ ഉത്തമകലയുടെ ലോകത്തിലേക്കുയർത്തി.

ആദ്യമായി സംസാരിച്ച ജാസ് സിംഗർ (1927) എന്ന സിനിമയിൽ ശബ്ദം കേൾപ്പിച്ചത് ഒരു ഗ്രാമഫോൺ റെക്കോർഡിന്റെ സഹായത്തോടെ ആയിരുന്നു. സിനിമയിലെ രംഗങ്ങൾക്കനുസൃതമായി റെക്കോർഡിൽ നിന്ന് സംഭാഷണവും പാട്ടുകളും മറ്റും പുറപ്പെട്ടിരുന്നു. ബ്രിട്ടീഷ് ഫോട്ടോഗ്രാഫറായ ജോർജ് ആൽബർട്ട് സ്മിത്ത് 1909 ൽ കളർ സിനിമ നിർമിക്കാനുള്ള വിദ്യ കണ്ടുപിടിച്ചു. അതനുസരിച്ച് ഏതാനും നിറങ്ങൾ മാത്രമേ ഉൾപ്പെടുത്താൻ കഴിഞ്ഞിരുന്നുള്ളൂ. എല്ലാ നിറങ്ങളും ആദ്യമായി ഫിലിമിൽ ചേർത്തത് 1930 ൽ പുറത്തിറങ്ങിയ വാൾട്ട്ഡിസ്നിയുടെ ഒരു കാർട്ടൂൺ ചിത്രത്തിലാണ്. കൂടുതൽ വിസ്താരമുള്ള സ്ക്രീനിൽ സിനിമ കാണിക്കുന്ന വിദ്യയാണ് സിനിമാസ്കോപ്പ്. 1952 ലാണ് ഇത്തരം ചിത്രങ്ങൾ നിർമിച്ചു തുടങ്ങിയത്.



പൊട്ടംകിൻ - ഒരു ദൃശ്യം

1923 ൽത്തന്നെ ചലച്ചിത്രത്തിന് ശബ്ദം നൽകാനുള്ള സാങ്കേതിക വിദ്യ കണ്ടുപിടിച്ചിരുന്നു. എന്നാൽ ആദ്യമൊന്നും സിനിമാക്കമ്പനികൾ അതിൽ താത്പര്യം പുലർത്തിയില്ല.

## കവർസ്റ്റോറി

അരുൺ

**സിനിമ എന്ന കലയ്ക്കും ചലച്ചിത്രകാരന്റെ സൃഷ്ടിപരതയ്ക്കും ഒരു ഒത്തുതീർപ്പിന് തയ്യാറാവേണ്ടി വരുന്നു. യഥാർത്ഥത്തിൽ നമ്മുടെ സിനിമയുടെ പ്രതിസന്ധി ഇതുതന്നെയല്ലേ?**

അതിശക്തമായ ദൃശ്യസംസ്കാര പാരമ്പര്യത്തിൽ നിന്ന് ഊർജം ഉൾക്കൊണ്ടാണ് നമ്മുടെ സിനിമ വളർന്നത്. കേവലമായ സൗന്ദര്യാനുഭൂതി പകരുക എന്ന തലത്തിൽ നിൽക്കാതെ മലയാളിയുടെ സാമൂഹിക ജീവിതത്തിൽ ശക്തമായി ഇടപെടുവാനും നമ്മുടെ സിനിമയ്ക്ക് കഴിഞ്ഞിരുന്നു. എന്നാൽ ഇന്ന് സിനിമയുടെ കലാപരവും സാമൂഹികവുമായ ഉള്ളടക്കം ഒത്തുതീർപ്പുകൾക്ക് വിധേയമാകുന്ന കാഴ്ച്ചയാണ് മുന്നിലുള്ളത്.

സർഗസൃഷ്ടിയെന്ന നിലയിൽ വ്യാവസായികമൂല്യങ്ങളും സാങ്കേതികതയും ഒരേ പോലെ സമ്മർദം ഏറ്റുവാങ്ങുന്ന കലയാണ് സിനിമ. മാത്രമല്ല സാങ്കേതികവിദ്യ ദൃശ്യാദ്ഭുതങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. വ്യവസായം എന്നതിനെക്കാൾ ഉപരി സാങ്കേതികവിദ്യയുടെ മാറ്റങ്ങൾ ഉയർത്തുന്ന വെല്ലുവിളികളോട് സർഗവൈഭവം പകച്ചുനിൽക്കുകയാണെന്നാണ് തോന്നുന്നത്. തദ്ദേശ സിനിമാ വ്യവസായം ഇതിനെ നേരിട്ടേന്നിരിക്കും. പക്ഷേ, സിനിമ എന്ന കലയ്ക്കും ചലച്ചിത്രകാരന്റെ സൃഷ്ടിപരതയ്ക്കും ഒരു ഒത്തുതീർപ്പിന് തയ്യാറാ



# ഒത്തുതീർപ്പിന്റെ സിനിമകൾ



വേണ്ടിവരുന്നു. യഥാർത്ഥത്തിൽ നമ്മുടെ സിനിമയുടെ പ്രതിസന്ധി ഇതുതന്നെയല്ലേ?


മൂന്നുകോടിയിലധികം മാത്രം ജനസംഖ്യയുള്ള മലയാളികൾക്കായി അത്രതന്നെ തുക മുടക്കി ചിത്രം നിർമിച്ചാൽ എങ്ങനെ മുടക്കുമുതൽ തിരികെ ലഭിക്കും? ഇക്കാരണത്താൽത്തന്നെ ഇന്ത്യയിൽ എവിടെയും പ്രദർശനവിജയം നേടാൻ കഴിയുന്ന വിഷയങ്ങൾ പ്രമേയവത്കരിക്കുകയാണ് നമ്മുടെ പ്രമുഖ നിർമാതാക്കൾ. ഇതിലൂടെ നഷ്ടപ്പെടുന്നത് മൗലികമായ ചലച്ചിത്രകാവ്യങ്ങളാണ്. മാത്രമല്ല, പുതുതലമുറയുടെ ചലച്ചിത്രാഭിരുചികളെ മാറ്റിമറിക്കുകയും ചെയ്യും. അതിന്റെ പ്രതിഫലനമാണ് തമിഴ്-ഹിന്ദി-തെലുങ്ക് ചിത്രങ്ങൾ നമ്മുടെ കൊട്ടകകളിൽ പ്രദർശനവിജയം നേടുന്നത്. സിനിമകളുമായി നിരന്തരം ബന്ധം പുലർത്തുമ്പോഴാണ് നല്ല സിനിമ ആസ്വദിക്കാനുള്ള അഭിരുചി ഉണ്ടാകുന്നത്. അത്തരം സിനിമകളെ പ്രോത്സാഹിപ്പിക്കാനാണ് സർക്കാർ സബ്സിഡിയും അവാർഡുകളും ഏർപ്പെടുത്തിയത്. ഇവിടെ പുരസ്കാരങ്ങൾക്ക് അർഹരായവർ സിനിമയെ സ്നേഹിക്കുന്നവരും അതിലേറെ ഈ മാധ്യമം സാമൂഹിക മാറ്റത്തിനുള്ള ഉപകരണമാണെന്ന് തിരിച്ചറിഞ്ഞിട്ടുള്ളവരുമാണ്. അവരെ അഭിനന്ദിക്കുവാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു.

രണ്ടുകാര്യങ്ങളാണ് സർക്കാരിനും ചലച്ചിത്ര പ്രവർത്തകർക്കും ഈ പ്രതിസന്ധിഘട്ടത്തിൽ ചെയ്തുതീർക്കേണ്ടതായിട്ടുള്ളത്. ഒന്ന്, സാമൂഹിക പ്രസക്തിയും കലാമൂല്യവുമുള്ള സിനിമകൾ കാഴ്ച്ചക്കാരിലേയ്ക്ക് എത്തിക്കുന്നതിന് അവസരമൊരുക്കുന്ന തരത്തിൽ സിനിമയുടെ കമ്പോളാവസ്ഥയെ മാറ്റിത്തീർക്കുക. രണ്ട്, അതേ അവസരത്തിൽത്തന്നെ ഊഹക്കച്ചവടത്തിന്റെ

ഈ മേള ആവശ്യപ്പെടുന്ന ആദരവും അച്ചടക്കവും



യഥാർത്ഥ ചലച്ചിത്രകാരന്റെ സിനിമയിൽ ഒരു താരമേയുള്ളൂ. അത് അയാൾ തന്നെയാണ്. അയാളുടെ സിനിമയ്ക്ക് ഒരു സന്ദേശമേയുള്ളൂ. അത് ആ സിനിമ തന്നെയാണ്.



അന്തരീക്ഷത്തിൽ പ്രവർത്തിക്കുവാൻ നിർബന്ധിക്കപ്പെടുന്ന, ബോക്സ് ഓഫീസിനെ ലക്ഷ്യമാക്കുന്ന ചലച്ചിത്രത്തിനുമേലുള്ള കമ്പോള സമ്മർദത്തെ ലഘൂകരിക്കുകയും ചെയ്യുക.

ഈ പ്രവർത്തനങ്ങൾ സിനിമാ വ്യവസായത്തിനകത്തു നിന്നുമാത്രമേ നിർവഹിക്കുവാൻ കഴിയുകയുള്ളൂ. സർക്കാരിന്റെ വേദികൾ ഈ പ്രയത്നത്തിന് ചാലകശക്തികളായി പ്രവർത്തിക്കുകയും ചെയ്യും.

താരങ്ങളെ നിശ്ചയിച്ച് അവർക്കിണങ്ങുന്ന കഥ മെനഞ്ഞെടുത്ത് കമ്പോളത്തിലേയ്ക്ക് പടമിറക്കുമ്പോൾ അതിൽ നഷ്ടപ്പെടുന്നത് സിനിമയാണ്. അവിടെ ചലച്ചി



ത്രകാരന് എന്ത് പ്രസക്തിയാണ് ഉള്ളത്? യഥാർത്ഥ ചലച്ചിത്രകാരന്റെ സിനിമയിൽ ഒരു താരമേയുള്ളൂ. അത് അയാൾതന്നെയാണ്. അയാളുടെ സിനിമയ്ക്ക് ഒരു സന്ദേശമേയുള്ളൂ. അത് ആ സിനിമ തന്നെയാണ്. അവിടെ ഛായാഗ്രഹണത്തിനും ചിത്രസന്നിവേശത്തിനും ശബ്ദമിശ്രണത്തിനും വേറിട്ട വ്യക്തിത്വങ്ങളില്ല. എന്നാൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ അതിപ്രസരം ചലച്ചിത്രകാരന്റെ അപ്രമാദിത്വത്തിന് വെല്ലുവിളി ഉയർത്തുന്നതായി പറയപ്പെടുന്നു. പക്ഷേ, ആ വിദ്യയുമായി സമരസപ്പെടുവാനും അതിനെ വേണ്ടവിധം പ്രയോജനപ്പെടുത്തുവാനും നമ്മുടെ ചലച്ചിത്രകാരന്മാർക്ക് കഴിയും.

നമ്മുടെ സിനിമയും അന്തർദേശീയ സിനിമയും സൃഷ്ടിപരമായ സമ്പർക്കത്തിലേർപ്പെടുകയും മൂല്യങ്ങൾ പരസ്പരം കൈമാറി ശക്തമാകുകയും ചെയ്യണമെന്ന് പ്രത്യാശിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.■

സി. അനൂപ്

മനുഷ്യജീവിതത്തിലെ നഗ്നമായ നേരുകൾ തേടി ബഹുകാതം സഞ്ചരിച്ച ഈ കഥാകാരന്റെ കാല്പാടുകൾ മലയാളസിനിമയുടെ അക്ഷയഖനിയിലേക്കുള്ള വഴി കൂടിയാണ്.

# കഥയുടെ പുരുഷാർഥം


യാത്ര ഒരനുഭവമാണ്. അതേസമയം ഒരു തിരിച്ചറിവുമാണ്. അറിയാത്ത സമതലങ്ങളിലും താഴ്‌വരകളിലും യാത്ര ചെയ്യുമ്പോൾ മനസിൽ അലയുതിർക്കുന്ന ഓർമകൾ. അല്ലെങ്കിൽ രൂപങ്ങൾ, ഭാവങ്ങൾ, ഗന്ധങ്ങൾ-ഇവയൊക്കെ ഒരു എഴുത്തുകാരനെ തന്റെ രചനാമുറിയിലേക്കു പോകാൻ പ്രേരിപ്പിക്കും. അവിടെ പുതിയ കഥാപാത്രങ്ങളും കഥകളും രൂപപ്പെട്ടേക്കാം. കവിതയുടെ പേരാലിൽ കാറ്റുരഞ്ഞേക്കാം. എഴുത്തുകാർ യാത്രകളിലൂടെ രചനയ്ക്കാവശ്യമായ ഊർജം സംഭരിക്കാറുണ്ട്. ലോകസാഹിത്യത്തിലെ മഹാപ്രതിഭകൾ പലരും നല്ല സഞ്ചാരികളായിരുന്നു. സഞ്ചാരങ്ങളൊന്നും സഞ്ചാരസാഹിത്യമെഴുതുക എന്ന ലക്ഷ്യത്തോടെയായിരുന്നില്ല. മറിച്ച് സ്വയം നവീകരിക്കുന്നതിനും എഴുത്തിനെ നവോന്മേഷങ്ങളിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നതിനുമായിരുന്നു. മലയാളത്തിൽ എസ്.കെ. പൊറ്റക്കാട്ടിനെപ്പോലെ യാത്രയെ ഉത്സവമാക്കിയ എഴുത്തുകാരനില്ല. അദ്ദേഹത്തിനു ശേഷം എഴുത്തും യാത്രയുമായി ഗാഢമായി ലയം ഭാവിക്കുന്നത് നാം സി.വി. ശ്രീരാമനിലാണ് കാണുന്നത്. കഥയിലാണെങ്കിലും നോവലിലാണെങ്കിലും യാത്രയുടെ ചൂരും സുഗന്ധവും ഇത്രമാത്രം ഖനനം ചെയ്തെടുത്ത എഴുത്തുകാരൻ നമുക്കു വേറെയില്ല എന്നു തന്നെ പറയാം.

കഥകളിൽ നിന്നും കഥ ഇറങ്ങിപ്പോകുകയും കസർത്തുകൾ ഇടം നേടുകയും ചെയ്യുന്ന കാഴ്ച മലയാളത്തിൽ പല കാലഘട്ടങ്ങളിലും നമുക്ക് കാണാനാകും. അക്കാര്യത്തിൽ മാത്രം ആധുനികതയെന്നോ ഉത്തരാധുനികതയെന്നോ വ്യത്യാസമില്ല. എന്നാൽ എല്ലാ കാലത്തും താൻ എഴുതുന്ന കഥയിൽ കഥ വേണം എന്ന ശാഠ്യം സൂക്ഷിച്ച എഴുത്തുകാരനായിരുന്നു സി.വി.ശ്രീരാമൻ. അദ്ദേഹത്തിന്റെ കഥകൾ ജീവിതത്തിന്റെ വിഭിന്നമായ അവസ്ഥകൾ ആലേഖനം ചെയ്യുന്നവയായിരുന്നു. ജീവിതം അതിന്റെ ഭിന്നമായ ഏറ്റിറക്കങ്ങൾ-ഇതൊക്കെയായിരുന്നു ശ്രീരാമന്റെ കഥകളുടെ ഊർജപ്രവാഹങ്ങൾ.



ഭൗതിക ജീവിത സങ്കല്പവും അതിനനുരൂപമായ അവബോധവും സൂക്ഷിക്കാൻ ശ്രീരാമനു സാധിച്ചിരുന്നു. അതേസമയം എഴുത്തിൽ അത്തരം കാർക്കശ്യങ്ങളൊന്നും അദ്ദേഹം പിന്തുടർന്നില്ല. *ക്ഷുരസ്യധാര* പോലെയുള്ള കഥകൾ നാം മറന്നിട്ടില്ല. പ്രത്യക്ഷത്തിൽ ആധ്യാത്മിക പശ്ചാത്തലം ഇതുപോലുള്ള കഥകളിൽ കടന്നുവരുന്നു എന്നതുമാത്രമാണ് സത്യം. ആധ്യാത്മികമായ അന്വേഷണ വഴിയിലും ജീവിതത്തിന്റെ നേർചിത്രങ്ങളും യാഥാർഥ്യത്തിന്റെ പരുക്കൻ ദൃശ്യങ്ങളുമാണ് ശ്രീരാമൻ അവതരിപ്പിക്കുന്നത്. അതുകൊണ്ടുതന്നെയാണ് ഏത് സന്ദർഭത്തെയും അതിന്റെ വിചിത്രവും യഥാർഥവുമായ പരിസരത്തുവച്ച് കാണാൻ ശ്രീരാ

## കഥാലോകത്തെ ഒറ്റയാൻ



മലയാളത്തിന്റെ പ്രിയപ്പെട്ട കഥാകാരൻ 1931 ഫെബ്രുവരി 7- ാം തീയതി ചെറുതുരുത്തി വേലപ്പന്റെയും കല്ലായിൽ ദേവകിയുടെയും മകനായി കുന്നംകുളത്ത് ജനിച്ചു. ബാല്യകാലം സിലോണിൽ. മദ്രാസ് ലോ അക്കാഡമിയിൽ നിന്ന് നിയമബിരുദം നേടി. ഏഴുകൊല്ലം ആൻഡമാൻ നിക്കോബാർ ദ്വീപിൽ അഭയാർത്ഥികളെ കുടിയേറിപ്പാർപ്പിക്കുന്ന വകുപ്പിൽ ജോലി നോക്കി. പിന്നീട് ദീർഘകാലം അഭിഭാഷകനായി സേവനം അനുഷ്ഠിച്ചു. ആദ്യകഥ *ഒരു പുതിയ സമരൂപം. വാസ്തുഹാര, ചിദംബരം. ക്ഷുരസ്യധാര, ദു:ഖിതരുടെ ദു:ഖം, പുറംകാഴ്ചകൾ, എന്റോസ് വല്യമ്മ, തീർത്ഥക്കാവടി, സുനിമ, ചക്ഷുശ്രാവണ ഗളസ്ഥമാം* എന്നിവയാണ് പ്രധാന കഥകൾ. അദ്ദേഹത്തിന്റെ *വാസ്തുഹാര, ചിദംബരം, പൊന്തൻമാട, ശീമതമ്പുരാൻ, ഇരിക്കപിണ്ഡം(പുരുഷാർത്ഥം)* എന്നീ ചെറുകഥകൾ പ്രശസ്ത സംവിധായകർ സിനിമയാക്കിയിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും(*ശ്രീരാമന്റെ കഥകൾ,* 1999) ലഭിച്ചിട്ടുണ്ട്. കേരള സാഹിത്യ അക്കാദമി വൈസ് ചെയർമാൻ, കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നി നിലകളിൽ സേവനം അനുഷ്ഠിച്ചു.

വിദ്യാർത്ഥിയായിരുന്ന കാലം മുതല്ക്കേ ഇടതുപക്ഷപ്രസ്ഥാനത്തോട് ആഭിമുഖ്യം പുലർത്തിയിരുന്ന ശ്രീരാമൻ പഞ്ചായത്തു പ്രസിഡന്റായിരുന്നു. പുരോഗമന കലാസാഹിത്യസംഘവുമായും ബന്ധപ്പെട്ടു സജീവമായി പ്രവർത്തിച്ചിട്ടുണ്ട്.

ആൻഡമാൻ നിക്കോബാർ ദ്വീപിലെ ഏഴുവർഷത്തെ ജീവിതം അദ്ദേഹത്തിന്റെ പല കഥകൾക്കും വിഷയമായിട്ടുണ്ട്. മലയാള കഥാസാഹിത്യത്തിലെ ഒറ്റയാനായിരുന്ന ശ്രീരാമൻ മനുഷ്യജീവിതത്തെ പച്ചയായി നിരീക്ഷിച്ച പ്രതിഭാശാലിയായ കഥാകൃത്തായിരുന്നു. 2007 ഒക്ടോബർ 10-ാം തീയതി അദ്ദേഹം അന്തരിച്ചു.

**ഹരിപ്രിയ, ജിയോ**

മനിലെ എഴുത്തുകാരന് സാധിച്ചതും.

രാഷ്ട്രീയമായി കൃത്യമായ നിലപാടുള്ള എഴുത്തുകാർ നമുക്ക് കുറവാണ്. അതതുകാലത്തെ അധികാര രാഷ്ട്രീയവുമായി ചങ്ങാത്തം കൂടുകയും അതുവഴി സ്വന്തം ഇടവും ഇടപാടും ഉറപ്പിക്കുകയും ചെയ്യുന്നവരാണ് അധികവും. ഇവർക്കിടയിൽ നിന്നും വഴിമാറി നടന്ന എഴുത്തുകാരനായിരുന്നു ശ്രീരാമൻ. എഴുത്തുകാരൻ ദന്തഗോപുരവാസിയാണോ എന്ന തർക്കം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. മനുഷ്യ ജീവിതത്തിന്റെ തീക്ഷ്ണവും നഗ്നവുമായ അവസ്ഥകളിലൂടെ നടക്കുന്നതിനോടു വിമുഖത കാട്ടുന്ന എഴുത്തുകാർ നമുക്കിടയിലുണ്ട്. അവരിൽ നിന്നും ബഹുദൂരം മാറിനടന്ന എഴുത്തുകാരനായിരുന്നു ശ്രീരാമൻ. മനുഷ്യനും അവന്റെ ജീവിതവും അതിന്റെ നഗ്നമായ നേരുകളുമായിരുന്നു ശ്രീരാമനിലെ എഴുത്തുകാരനെ



മനുഷ്യനും അവന്റെ ജീവിതവും അതിന്റെ നഗ്നമായ നേരുകളുമായിരുന്നു ശ്രീരാമനിലെ എഴുത്തുകാരനെ ഏറെ ആകർഷിച്ചത്



ഏറെ ആകർഷിച്ചത്.

അതുകൊണ്ടുതന്നെ അനാർഭാടവും ആഴമുള്ളതുമായ ജീവിതത്തെ പകർന്നു നൽകാൻ അദ്ദേഹം ശ്രമിച്ചു. സ്വയം അനുകരിക്കുന്നു എന്നു തോന്നും മട്ടിലുള്ള രചനകൾ ശ്രീരാമന്റെ രചനാലോകത്ത് നമുക്ക് കാണാം. എന്നാൽ ആ സമാനതകൾ ഭാഷയിലൂടെയും ആഖ്യാനത്തിലൂടെയും സൃഷ്ടിക്കപ്പെടുന്നതായിരുന്നു. കഥകളും കഥാപാത്രങ്ങളും കഥാപരിസരവുമൊക്കെ വ്യത്യസ്തമാകണം എന്ന തീവ്രമായ ആഗ്രഹം സൂക്ഷിച്ച എഴുത്തുകാരൻ കൂടിയായിരുന്നു ശ്രീരാമൻ. അതിനുവേണ്ടിയാവണം അദ്ദേഹം നിരന്തരം യാത്ര ചെയ്തത്. പരിചിതമായ ഭൂപ്രകൃതിയെയും മനഷ്യാനുഭവത്തെയും മറികടക്കുകയായിരുന്നു ഈ യാത്രകളുടെ ലക്ഷ്യം എന്ന് തോന്നുന്നു.

### കഥ സിനിമയാകുമ്പോൾ

കഥയില്ലായ്മയാണ് ലോകസിനിമയുടെ തന്നെ പ്രതിസന്ധി. പുതിയ കഥകൾ, കഥാപാത്രങ്ങൾ - ഇവയ്ക്കായി ചലച്ചിത്രപ്രവർത്തകർ നിരന്തരം അന്വേഷണം നടത്തുന്നു. ബഹുഭൂരിപക്ഷം പേരും സാമ്പത്തിക വിജയം വരിച്ച സിനിമകളുടെ അനുകരണങ്ങൾ ഉത്പാദിപ്പിച്ച് അവരുടെ ലക്ഷ്യം സാക്ഷാത്കരിക്കുന്നു! ഇതിൽ നിന്നു വ്യത്യസ്തമായ ചലച്ചിത്ര സംസ്കാരത്തിനു വേണ്ടിയാണ് അരവിന്ദനെപ്പോലെയുള്ള സംവിധായകർ ശ്രമിച്ചത്. വ്യത്യസ്തവും മൗലികവുമായ കഥകൾ പറയുന്നതിലായിരുന്നു അരവിന്ദന്റെ പ്രതിഭ താത്പര്യം കാണിച്ചത്.അതുകൊണ്ടുതന്നെയാകണം അരവിന്ദൻ നിരന്തരം തന്റെ സിനിമകൾക്കു വേണ്ട സൗരോർജം ശ്രീരാമന്റെ കഥകളിൽ കണ്ടെത്തിയത്. ഒരു പക്ഷേ അതൊരു ആത്മബന്ധത്തിന്റെ തുടർച്ചകൂടിയാവാം. ശ്രീരാമന്റെ ആദ്യകഥ മാതൃഭൂമിയിൽ പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിച്ചത് അരവിന്ദനായിരുന്നു. ശ്രീരാമനിലെ കഥാ വൈഭവം തിരിച്ചറിയാൻ അരവിന്ദനു കഴിഞ്ഞിരുന്നു. അതുകൊണ്ടാകണം ശ്രീരാമന്റെ രചനകളിലെ ദൃശ്യസാധ്യതയെ വേഗം തിരിച്ചറിയാൻ അരവിന്ദനിലെ ചലച്ചിത്രകാരനു കഴിഞ്ഞത്.

ഇരിക്കപിണ്ഡം എന്ന കഥ അത്ര പെട്ടെന്നൊന്നും വായനക്കാർ മറക്കില്ല. വാക്കുകൾകൊണ്ടെങ്ങനെയാണ് ഒരു ജീവിതം, അല്ലെങ്കിൽ അനുഭവം സാക്ഷാത്കരിക്കുക എന്ന് ഈ കഥ വ്യക്തമാക്കുന്നു. ഇരിക്കപിണ്ഡം എന്ന കഥയിൽ ഒരു സിനിമയുടെ സാധ്യതകൾ സംവിധായകനായ കെ.ആർ.മോഹനൻ തിരിച്ചറിഞ്ഞു. മനുഷ്യജീവിതത്തിന്റെ സാന്നിധ്യവും സംഘർഷവും ഇരിക്കപിണ്ഡം നമ്മെ ബോധ്യമാക്കുന്നു. *പുരുഷാർഥം* എന്ന പേരിൽ ഈ കഥ സിനിമയായപ്പോൾ മലയാളസിനിമ അത്രനാളും കണ്ടുശീലിച്ചതിൽ നിന്നും വ്യത്യസ്തമായ ഒരു ലോകമായിരുന്നു അത്. അതുകൊണ്ടുതന്നെയാണ് സിനിമയെ ഗൗരവപൂർവം കാണുന്നവർ പുരുഷാർഥം എന്ന സിനിമയെപ്പറ്റി ചർച്ച ചെയ്തത്. വെറും നേരമ്പോക്കായിരുന്നില്ല ഇരിക്കപിണ്ഡം. സിനിമയായപ്പോഴും അത് നേരമ്പോക്കായില്ല എന്നതാണ് യാഥാർഥ്യം.

ചിദംബരം എന്ന കഥ മനുഷ്യനിസ്സഹായതയുടെയും അവന്റെ അടങ്ങാത്ത ആഗ്രഹങ്ങളുടെയും നേർചിത്രമായിരുന്നു. മനുഷ്യന്റെ കാമനകൾ ശമിക്കാത്തതാണെന്നും അതിന്റെ



അറുതിയിൽ പശ്ചാത്താപത്തിന്റെ നെടുവീർപ്പുകൾ കേൾക്കാനാകുമെന്നും *ചിദംബരം* എന്ന കഥ നമ്മോടു പറഞ്ഞു. ശ്രീരാമന്റെ ഭദ്രമായ രചനകളിലൊന്നാണ് *ചിദംബരം*. വാക്കുകൾ കൊണ്ട് എങ്ങനെയാണ് മനുഷ്യാവസ്ഥകൾ വായനക്കാരിൽ എത്തിക്കുക എന്നതിന് നല്ല മാതൃകയാണ് *ചിദംബരം* എന്ന കഥ. സ്വന്തം സ്വപ്നങ്ങൾ അസ്തമിക്കുകയും അവിടെ ആരുടെയൊക്കെയോ കാലൊച്ച കേൾക്കുകയും ചെയ്യുന്ന മുനിയാണ്ടിയുടെ കഥയാണ് *ചിദംബരം* എന്നു പറയാം. മുനിയാണ്ടിയുടെ ജീവിതത്തെ ഗ്രസിക്കുന്ന ഉത്കണ്ഠകൾക്ക് അയാൾ കണ്ടെത്തുന്ന പോംവഴി സ്വന്തം ജീവിതത്തെ ഹോമിക്കുക എന്നതാണ്. അരവിന്ദന്റെ പ്രതിഭ അതിന്റെ സൂര്യശോഭയിൽ നാം കാണുകയും ചെയ്ത സിനിമയാണ് *ചിദംബരം*. ഭരത്ഗോപി, ശ്രീനിവാസൻ, സ്മിതാ പാട്ടീൽ എന്നിവർ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ച *ചിദംബരം* ഇന്ത്യൻ സിനിമയുടെ ചരിത്രത്തിൽ നിർണായകമായ ഇടം നേടുകയുണ്ടായി. എങ്ങനെയാണ് മനുഷ്യജീവിതത്തെ അതിന്റെ യഥാർഥ പരിസരത്തുവച്ച് അവതരിപ്പിക്കുകയെന്നു വ്യക്ത

മാക്കിയ സിനിമയായിരുന്നു *ചിദംബരം*. കഥയുടെ അഗാധമായ ഇഴയടുപ്പം തന്നെയാണ് *ചിദംബര*ത്തെ ഇത്രമാത്രം ആസ്വാദ്യമാക്കിയതെന്ന് അരവിന്ദൻ വ്യക്തമാക്കിയിട്ടുണ്ട്.

*വാസ്തുഹാര*യും കൊൽക്കത്തയുടെ പശ്ചാത്തലത്തിൽ അവിടെയെത്തപ്പെട്ട മലയാളികളുടെ കഥയാണ്. ആ കഥ പ്രസിദ്ധീകരിച്ചപ്പോൾത്തന്നെ രചനാപരമായ പുതുമകൊണ്ടും അനുഭവസാധ്യത കൊണ്ടും ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. അസ്തിത്വം തേടിയലയുന്ന മനുഷ്യരുടെ കഥയാണ് *വാസ്തുഹാര* എന്നു പറയാം. അവിടെ സ്നേഹവും വേർപാടുമൊക്കെ നിഴലിട്ടുനില്ക്കുന്നു. ഈ കഥയിലെ വ്യത്യസ്തമായ മുനുഷ്യാവസ്ഥയാണ് സിനിമയാക്കാൻ പ്രേരണയായയതെന്ന് അരവിന്ദൻ ഒരഭിമുഖത്തിൽ പറയുകയുണ്ടായി. മോഹൻലാൽ, ശോഭന, നീലാഞ്ജന മിശ്ര, നീനാഗുപ്ത, പദ്മിനി തുടങ്ങിയവർ കേന്ദ്രകഥാപാത്രങ്ങളെ അവതരിപ്പിച്ച *വാസ്തുഹാര* ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. ദേശീയമോ പ്രാദേശികമോ ആയ പുരസ്കാരങ്ങൾ നേടിയതു കൊണ്ടുമാത്രമല്ല ഇങ്ങനെ പറയുന്നത്. മറിച്ച് ലോകസിനിമയിൽത്തന്നെ ഇന്ത്യൻ സിനിമയുടെ അല്ലെങ്കിൽ മലയാളസിനിമയുടെ അഭിമാനമായി അവതരിപ്പിക്കാവുന്ന സിനിമയാണ് *വാസ്തുഹാര*.

*പൊന്തൻമാട* ടി.വി.ചന്ദ്രൻ സംവിധാനം ചെയ്ത സിനിമയാണ്. മമ്മൂട്ടി കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ച ഈ സിനിമയുടെ കഥയും സി.വി.ശ്രീരാമന്റേതാണ്. ഇതും പലവിധസവിശേഷതകളുള്ള കഥയും സിനിമയുമായിരുന്നു. മാട എന്ന കഥാപാത്രത്തെ നാം മറന്നിട്ടില്ല. ഇത്തരം വ്യത്യസ്തമായ കഥാപാത്രങ്ങളെ കണ്ടെത്താനുള്ള അഭിനന്ദാർഹമായ ശേഷിയായിരുന്നു സി.വി.ശ്രീരാമന്റെ യഥാർഥ പ്രതിഭയുടെ സവിശേഷത. അതേസമയം സിനിമയിൽ തന്റെ കഥകളെ ചലച്ചിത്രഭാഷയിലേക്ക് പരാവർത്തനം ചെയ്തതിന്റെ മികവ് സംവിധായകർക്കുള്ളതാണെന്ന് ശ്രീരാമൻ വ്യക്തമാക്കിയിട്ടുമുണ്ട്.

മലയാള ഭാഷയിൽ ആർഭാടരഹിതമെങ്കിലും കുലീനമായ ഒരു സാന്നിധ്യമായിരുന്നു സി.വി.ശ്രീരാമന്റെ കഥകൾ. ഭാഷ കൊണ്ടോ വിഷയം കൊണ്ടോ ആസൂത്രിതമായ പുതുമകൾ സൃഷ്ടിക്കാൻ അദ്ദേഹം ശ്രമിച്ചില്ല. അതുകൊണ്ടുതന്നെ വായനയിൽ നേരും നെറിയും തിരിച്ചറിയുന്ന വായനക്കാർ ശ്രീരാമന്റെ കഥകൾ വീണ്ടും വീണ്ടും വീണ്ടെടുക്കും എന്നു തീർച്ചയാണ്. മലയാള സിനിമയ്ക്ക് നല്ല കഥകൾ തേടിപ്പോകാവുന്ന അക്ഷയഖനിയാണ് ശ്രീരാമന്റെ മരണത്തിലൂടെ നമുക്ക് നഷ്ടമായത്.■

കവർസ്റ്റോറി

പ്രമോദ് ഇരുമ്പുഴി

# മലയാളസിനിമയുടെ ജാതി

മലയാളിയുടെ സാംസ്കാരികബോധത്തിന്റെ പോക്ക് ശരിയായ വഴിയിലേയ്ക്കാണോ? സിനിമയിലൂടെ പരോക്ഷമായി പടരുന്ന സവർണ മോധാവിത്വം മലയാളിയെ പിറകോട്ട് നടത്തുമോ എന്ന് ലേഖകൻ ഭയപ്പെടുന്നു.

മറ്റേത് മാധ്യമത്തെക്കാളും ജനങ്ങൾ ആസ്വദിക്കുന്ന ഒന്നാണ് സിനിമ. അവിടെ എന്ത് ചലനമുണ്ടായാലും അത് ജീവിതത്തിൽ പകർത്താൻ ശ്രമിക്കുന്ന ഒരു രീതി കേരളത്തിൽ മാത്രമല്ല, ലോകജനതയിൽ ഭൂരിപക്ഷത്തിനുമുണ്ട്. ജനങ്ങളുടെ ഭാഷ, വസ്ത്രം, ആഭരണം തുടങ്ങിയവയെ എല്ലാം സിനിമ സ്വാധീനിക്കാറുണ്ട്. അതിനാലാവണം 'താരാരാധന' ദൈവവിശ്വാസമെന്നപോലെ ജനങ്ങൾ നെഞ്ചേറ്റുന്നത്. തമിഴ്നാട്ടിലെ 'അണ്ണാകോവിലുക'ളെയും (എം ജി ആർ വിശ്വാസികൾ) മറ്റും മലയാളികൾ ഒരു കാലത്ത് പരിഹസിക്കാറുണ്ടായിരുന്നെങ്കിലും, ഇന്ന് വിവിധ സൂപ്പർസ്റ്റാറുകളുടെ ഫാൻസ് അസോസിയേഷനുകളുടെ ഫ്ളക്സ് ബോർഡുകളും സേവന പ്രവർത്തനങ്ങളും (ഫാൻസ് അസോസിയേഷനുകളെല്ലാം വെൽഫെയർ എന്ന പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്) പത്രത്തിലും നേരിട്ടും കാണുമ്പോൾ നാമിപ്പോൾ ചിരിക്കാതായിരിക്കുന്നു. ആരാധിക്കുന്ന നടന്റെ ഏത് സിനിമ കാണുന്നവരും മോശം സിനിമയാണെങ്കിൽ മറ്റുള്ള പ്രേക്ഷകർ കൂവുമ്പോൾ ഉള്ളിൽ അമർഷം തോന്നുന്നവരുമായി നാം മാറിക്കഴിഞ്ഞു. മലയാള സിനിമ ജനിച്ച് ബാലാരിഷ്ടതകളിൽ നിന്ന് മോചനം ലഭിച്ചിട്ട് അധികകാലമൊന്നും ആയിട്ടില്ല. അപ്പോഴേക്കും അത് ജനങ്ങളെ ഒട്ടാകെ ആഴത്തിൽ സ്വാധീനിച്ചു കഴിഞ്ഞിരിക്കുന്നു. അതിനാൽ, സിനിമയിൽ സംഭവിക്കുന്ന ഏത് ദോഷവും ജനങ്ങളെയും ബാധിക്കും എന്നത് സത്യമാണ്.

ഒളിഞ്ഞും തെളിഞ്ഞും വെള്ളിത്തിരയിൽ കടന്നുകൂടിക്കൊണ്ടിരിക്കുന്ന സവർണബിംബങ്ങളുടെ അതിപ്രസരം ശ്രദ്ധിക്കാത്തവർ ചുരുക്കമായിരിക്കും. കച്ചവട/കച്ചവടേതര സിനിമകളിലെല്ലാം ഇത് പ്രകടമാണ്. സിനിമയ്ക്ക് മാർക്കറ്റുണ്ടാകണമെങ്കിൽ അതിലെ കഥ സവർണമായിരിക്കണം എന്ന് വന്നിരിക്കുന്നു. സിനിമ തിയേറ്ററിലിരുന്ന് ആസ്വദിക്കുന്നവരുടെ ഒരേകദേശ കണക്കെടുത്താൽ മനസിലാകുക തിയേറ്ററുകളിലെ പ്രേക്ഷകരിൽ ഭൂരിഭാഗവും സവർണരല്ല എന്നതാണ്. തിയേറ്ററുകളിലെ പ്രേക്ഷകരുടെ കണക്ക് പ്രത്യേകിച്ച് പറയാൻ കാരണം, അവർ സിനിമ കാണുന്നതിന്റെ എണ്ണത്തിനനുസരിച്ചാണല്ലോ ഒരു സിനിമ സാമ്പത്തിക വിജയം നേടിയോ എന്ന് കണക്കാക്കു







ന്നത്. സിനിമാ പ്രേക്ഷകരിൽ ഭൂരിഭാഗവും താഴ്ന്ന ജീവിതപരിസരത്തു നിന്നും വരുന്നവരായിട്ടുകൂടി സവർണബിംബങ്ങളും സവർണകഥകളും അവതരിപ്പിച്ചാൽ മാത്രമെ ആ സിനിമയ്ക്ക് നല്ല സിനിമ എന്ന സർട്ടിഫിക്കറ്റ് ജനങ്ങൾ നൽകുകയുള്ളു എന്നു വരാൻ കാരണമെന്താണ്? എന്നുമുതലാണ്, എങ്ങനെയൊക്കെയാണ് മലയാളസിനിമയെ സവർണത വിഴുങ്ങിയത് എന്ന അന്വേഷണം രസകരമാണ്.

എൺപതുകളിലാണ് സവർണതയുടെയും ഫ്യൂഡൽ മൂല്യങ്ങളുടെയും ശക്തമായ സാന്നിദ്ധ്യം മലയാള സിനിമയിൽ ആരംഭിക്കുന്നത്.തൊണ്ണൂറുകളിൽ അത് ഒരാഘോഷമായി മാറി. കൂടല്ലൂരിന്റെയും നിളയുടെയും പശ്ചാത്തലം പേറുന്ന എംടി തിരക്കഥകൾ കഥയുടെ സ്വാഭാവികതയിൽ വള്ളുവനാടൻ ഭാഷയും ക്ഷയിച്ച തറവാടിന്റെ ജീവിതക്രമങ്ങളും അവതരിപ്പിച്ചു. ഈ സ്വാഭാവികതയിൽ നിന്നു തെന്നിമാറി ആവശ്യത്തിനും അനാവശ്യത്തിനും ഈ പശ്ചാത്തലം സിനിമയ്ക്ക്പ്രമേയമാവുന്നതോടെയാണ് സവർണതയുടെ വേലിയേറ്റവും അധഃസ്ഥിതവർഗത്തിന്റെ ജീവിതനിരാസവും മലയാളസിനിമയിൽ ശക്തമാവുന്നത്.

എം ടി. തിരക്കഥ എഴുതുന്നതിനു മുമ്പുതന്നെ സവർണബിംബങ്ങളെ കൊട്ടിഘോഷിക്കുന്നതായിരുന്നു മലയാളിത്തം (കേരളീയത). പിന്നീട് വള്ളുവനാടൻ സവർണഭാഷകൂടി കേരളീയതയുടെ മുഖമുദ്രയായി. നായകനും വില്ലനും നാലുകെട്ടും ആഢ്യത്തവും ഭസ്മക്കൊട്ടയും ആനയും 'ഇല്ലേ' സംസാരവും മലയാള സിനിമയ്ക്ക് ഒഴിച്ചുകൂടാൻ പറ്റാത്തതായി. ചാള, മാടം, പുര, കുടി, ഇല്ലം തുടങ്ങിയ നിരവധി പദങ്ങൾ 'വീടിന്' പകരം പല ജാതിക്കാരും ഉപയോഗിച്ചിരുന്നെങ്കിലും 'വീട്' എന്ന പദമാണ് കേരളീയർക്ക് മാനകമായി മാറിയത്. അതുപോലെ സിനിമാക്കഥ മുസ്ലിം, ക്രിസ്ത്യൻ, നമ്പൂതിരി, ദളിത് കഥയല്ലെങ്കിൽ അവിടെ നായർ തറവാട്ടിലെ കഥയാണ് അരങ്ങേറുക. അമ്മാവനായിരിക്കും വീട്ടിൽ മുഖ്യസ്ഥാനം. 'എന്നെത്തല്ലേണ്ടമ്മാവാ ഞാൻ നന്നാവില്ല' എന്ന പഴമൊഴി മരുമക്കത്തായ നായർത്തറവാട്ടിൽ ആണ് ഉപയോഗിച്ചിരുന്നതെങ്കിലും കേരളത്തിന്റെ മൊത്തം പഴമൊഴിയായി മാറിയപോലെ സിനിമയിലെ സവർണകഥകൾ സ്വാഭാവിക കഥകളായി മാറിക്കഴിഞ്ഞിരിക്കുന്നു.

**'എന്നെത്തല്ലേണ്ടമ്മാവാ ഞാൻ നന്നാവില്ല' എന്ന പഴമൊഴി മരുമക്കത്തായ നായർത്തറവാട്ടിൽ ആണ് ഉപയോഗിച്ചിരുന്നതെങ്കിലും കേരളത്തിന്റെ മൊത്തം പഴമൊഴിയായി മാറിയപോലെ സിനിമയിലെ സവർണകഥകൾ സ്വാഭാവിക കഥകളായി മാറിക്കഴിഞ്ഞിരിക്കുന്നു.**

സൂപ്പർസ്റ്റാറുകളായ മോഹൻലാൽ, മമ്മൂട്ടി തുടങ്ങിയവരുടെ മികച്ച സിനിമകൾ, കഥാപാത്രങ്ങൾ എന്നിവ അന്വേഷിച്ചാൽ ചെന്നെത്തുക സവർണകഥാപാത്രങ്ങളിലാണ്. *ഭരതം, ആറാം തമ്പുരാൻ, ദേവാസുരം, ബാലേട്ടൻ, വടക്കുംനാഥൻ, ആര്യൻ, നരസിംഹം* തുടങ്ങിയവ മോഹൻലാലിന്റെ എക്കാലത്തെയും മികച്ച കഥാപാത്രങ്ങളെന്ന് അറിയപ്പെടുന്നു. മമ്മൂട്ടിയുടെ നാല് സി.ബി.ഐ സിനിമകളും *വാൽസല്യം, അരയന്നങ്ങളുടെ വീട്, രാപ്പകൽ, ധ്രുവം* തുടങ്ങിയവയും ഉദാഹരണങ്ങളാണ്. മുഖ്യ



വേഷങ്ങൾ കൈകാര്യം ചെയ്യുന്ന സുരേഷ്ഗോപി (*ചിന്താമണി കൊലക്കേസ്, മഹാത്മ, ഏകലവ്യൻ*), ജയറാം (*അദ്വൈതം*), ദിലീപ് (*ലയൺ, വിനോദയാത്ര*), പൃഥ്വിരാജ് (*വാസ്തവം, നന്ദനം*) തുടങ്ങിയവരെല്ലാം ഇത്തരം കഥാപാത്രങ്ങൾ കൈകാര്യം ചെയ്തിട്ടുണ്ട്.

ക്യാരക്ടർ വേഷങ്ങൾ കൈകാര്യം ചെയ്യുന്നവരുടെയും ജനശ്രദ്ധ ആകർഷിച്ച വേഷം സവർണകഥാപാത്രങ്ങൾ തന്നെ. തമ്പുരാനായും നായർ/നമ്പൂതിരി തറവാട്ടിലെ കാരണവരായും നമ്മൾ നിരവധി കണ്ട നടനാണ് നെടുമുടിവേണു. ബ്രാഹ്മണനായ ജ്യോതിഷിയായും മന്ത്രവാദിയായുമാണ് തിലകനെ നമുക്ക് ഓർമവരിക . *പെരുന്തച്ചൻ* തച്ചനാണെങ്കിൽ കൂടി പൂണൂലിട്ട തച്ചനാണ് എന്നതും ഓർക്കുക. എം.എസ്. തൃപ്പൂണിത്തുറ, പൂജപ്പുര രവി, ബാബു നമ്പൂതിരി എന്നിവരെ നാമോർക്കുകതന്നെ നമ്പൂതിരി കഥാപാത്രങ്ങളിലൂടെയാണ്.

കേരളത്തിന്റെ ഏത് പ്രദേശത്ത് കഥ നടന്നാലും കുറച്ചുകാലമായി നായികമാർ സംസാരിക്കുന്ന ഭാഷ വള്ളുവനാടിന്റേതാണ്. പൂമ്പാറ്റപോലെ ശബ്ദമില്ലാതെ നായകന് ചുറ്റും പറന്നുനടക്കാൻ വിധിക്കപ്പെട്ടവരാണ് മലയാളത്തിലെ നായികമാർ. കേരളത്തിലെ മിക്കവാറും സ്ത്രീകളുടെ ശബ്ദം മോശമാണെന്നും വിരലിലെണ്ണാവുന്ന ഡബ്ബിങ് ആർട്ടിസ്റ്റുകൾക്കു മാത്രമേ നല്ല ശബ്ദമുള്ളൂ എന്ന വിശ്വാസമാണ് മലയാള സിനിമയ്ക്കുള്ളത്. അവർ സംസാരിക്കുന്നത് വള്ളുവനാടൻ ഭാഷയിൽ കൂടിയാണെങ്കിൽ മാത്രമെ ജനം സ്വീകരിക്കുകയുള്ളൂ എന്നാണ് പൊതുധാരണ. നായികമാരെപ്പോലെ ശബ്ദമില്ലാത്തവരല്ല അമ്മ കഥാപാത്രങ്ങൾ. കവിയൂർ പൊന്നമ്മ, ആറന്മുള പൊന്നമ്മ, സുകുമാരി, ശാരദ തുടങ്ങിയവർ അവതരിപ്പിച്ച അമ്മ കഥാപാത്രങ്ങൾ ഭൂരിപക്ഷവും വലിയ തറവാട്ടിലെ അമ്മമാരെയാണ്. നായകൻ, സഹനടൻ, നായിക, അമ്മകഥാപാത്രങ്ങൾ എന്നിവരെ ഓർക്കുമ്പോഴെല്ലാം സവർണരെയാണ് ഓർമ്മ വരുന്നതെങ്കിൽ അതിന് കാരണം മറ്റൊന്നുമല്ല, മലയാളത്തിൽ ഇറങ്ങുന്ന ഭൂരിഭാഗം സിനിമകളും സവർണ ബിംബങ്ങളെ കൊത്തിവയ്ക്കുന്നവയാണ് എന്നതു തന്നെ.

തമിഴ്ബ്രാഹ്മണർ കേരളത്തിൽ കുറവാണെങ്കിലും, ആ പശ്ചാത്തലത്തിലുള്ള എത്രയധികം സിനിമകൾ നാം കണ്ടു. ചിലത് തമ്പുരാക്കൻമാരുടെയും തമ്പുരാട്ടിമാരുടെയും നന്മയാണെങ്കിൽ ചിലത് ക്രൂരതയാണ്. എന്നാൽ തമിഴ് സംസാരിക്കുന്ന മുസ്ലിങ്ങളും, മറ്റ് നിരവധി ജാതി വിഭാഗങ്ങളും കേരളത്തിൽ ഉണ്ട്. എന്നാൽ ഇവരുടെ കഥ പറയുന്ന ഒരൊറ്റ സിനിമ പോലും മലയാളത്തിലിറങ്ങിയിട്ടില്ല. അതുപോലെ കൊങ്കണി, തെലുങ്ക് എന്നിവ സംസാരിക്കുന്നവരുടെയും കഥ സിനിമയാക്കാറില്ല.


സവർണത ആഘോഷിക്കുന്നതിനിടയിൽ അപൂർവമായി ദളിത് പശ്ചാത്തലത്തിലുള്ള സിനിമകളും വരാറുണ്ട്. ഈ സിനിമകളുടെ കഥാപ്രമേയം ശ്രദ്ധിച്ചാൽ മനസ്സിലാകുന്ന രീതി ഇങ്ങനെയാണ്: ഒന്നാം പകുതിയിൽ അവർണരുടെ ദാരിദ്ര്യവും മദ്യപാനവും ആയിരിക്കും മുഖ്യപ്രമേയം. കള്ളുകുടിച്ച് ലക്കുകെട്ടു പാടുന്ന ഒരു നാടൻപാട്ട് ഇത്തരം സിനിമകളിൽ നിർബന്ധമാണ്. ഇതെല്ലാം കണ്ട് പ്രേക്ഷകർ ആർത്തു ചിരിക്കും. എന്നാൽ രണ്ടാം പകുതിയിൽ ഇവരുടെ ദൈന്യത വളരെ വികൃതമായി ചിത്രീകരിച്ച് പ്രേക്ഷകരെ കരയിപ്പിക്കും. ദളിത് കഥകളിലെ മുഖ്യകഥാപാത്രം പലപ്പോഴും മന്ദബുദ്ധിയോ അന്ധനോ ആയിരിക്കും എന്നതും ഇത്തരം സിനിമകളുടെ പ്രത്യേകതയാണ്. (ഉദാ.- *കരുമാടിക്കുട്ടൻ, വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും, ഒരു മറവത്തൂർ കനവ്*) സവർണകഥാപാത്രങ്ങൾക്കിടയിലെ അവർണകഥാപാത്രം പലപ്പോഴും പ്രേക്ഷകരുടെ പുച്ഛത്തിന് വിധേയമാകാറുണ്ട്. പട്ടികജാതി/പട്ടിക വർഗ വകുപ്പുമന്ത്രി (*നാട്ടുരാജാവ്*) പട്ടികജാതിക്കാരനായ ദേവസ്വം ബോർഡ് മന്ത്രി (*അദ്വൈതം*) തുടങ്ങിയവ ഉദാഹരണമാണ്.

മലയാള സിനിമയിലെ ദളിതർ എന്ന് വിശേഷിപ്പിക്കേണ്ടത് ഹാസ്യനടന്മാരെയാണ്. കാരണം, ഇവർ നിരന്തരം തൊലിയുടെ കറുപ്പിന്റെ പേരിലും ഭക്ഷണപ്രിയത്തിന്റെ പേരിലും പരിഹസിക്കപ്പെടുന്നു. നായകന് കൈ തരിക്കുമ്പോൾ അടി കൊടുക്കാനുള്ളതാണ് ഹാസ്യകഥാപാത്രങ്ങൾ എന്ന് ബോധ്യപ്പെടുത്തുന്ന നിരവധി സിനിമകൾ നാം കണ്ടിട്ടുണ്ട്. ഇവരുടെ പ്രണയം പോലും തമാശ ചിത്രീകരിക്കാനുള്ള അവസരമായിട്ടാണ് സിനിമക്കാർ ഉപയോഗിക്കുന്നത്. ഒരു പക്ഷേ ചില ചലച്ചിത്രകാരൻമാർ ബോധപൂർവമാകണമെന്നില്ല ഈ പ്രവണതയിലകപ്പെടുന്നത്. വിജയിച്ച ഒരു ഫോർമുല എടുത്തു പ്രയോഗിക്കാനുള്ള വെമ്പലിൽ സംഭവിക്കുന്നതാകാം അവർക്കിത്. എന്നാൽ ബോധപൂർവം തന്നെ ഫ്യൂഡൽ മൂല്യങ്ങളുടെ തിരിച്ചുവരവിനു കളമൊരുക്കുന്ന സിനിമകളും നമുക്കുണ്ടായ്ട്ടുണ്ട്. *പൈതൃകവും ദേശാടനവും* പോലുള്ള സിനിമകൾ മലയാളിയുടെ യുക്തിബോധത്തെപ്പോലും പുറകോട്ടുവലിച്ചു.



കേരളത്തിന്റെ ഏത് പ്രദേശത്ത് കഥ നടന്നാലും കുറച്ചുകാലമായി നായികമാർ സംസാരിക്കുന്ന ഭാഷ വള്ളുവനാടിന്റേതാണ്. പൂമ്പാറ്റപോലെ ശബ്ദമില്ലാതെ നായകന് ചുറ്റും പറന്നുനടക്കാൻ വിധിക്കപ്പെട്ടവരാണ് മലയാളത്തിലെ നായികമാർ

ഒരു ജനപ്രിയകല എന്ന നിലയിൽ സിനിമ വളരെയധികം സൂക്ഷ്മമായി കൈകാര്യം ചെയ്യേണ്ട ഒന്നാണ്. അവിടെ അനാവശ്യമായ ധാരണകളെ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുമ്പോൾ തകരുന്നത് മലയാളിയുടെ സാംസ്കാരിക ബോധമാണ്. പുരോഗമനപരവും മുമ്പോട്ടു പോക്കിന് സഹായിക്കുന്നതുമായ സിനിമകളാണ് കാലഘട്ടം ആവശ്യപ്പെടുന്നത്.■



# മലയാള സിനിമയുടെ ബാല്യകാലം

കാട്ടൂക്കാരൻ വാറുണ്ണി ജോസഫ് ആണ് സിനിമയെന്ന അത്ഭുത പ്രതിഭാസത്തെ മലയാളമണ്ണിൽ ആദ്യമായി എത്തിച്ചത്. 1907-ലായിരുന്നു സിനിമ പ്രദർശിപ്പിച്ചത്. തൃശൂർപൂരത്തോടനുബന്ധിച്ച് നിരനിരയായി ഉയർന്ന സ്റ്റാളുകളുടെ ഇടയിൽ ഒരു ടെന്റ്. അതിന്റെ നടുവിലെ തിരശീലയിൽ ഇരുട്ടത്ത് ഒരു ചിത്രം തെളിഞ്ഞു-ഒരു ചെടി വളർന്നു വലുതായി പൂത്തുലയുന്നു. വിദേശത്തു നിന്നും കൊണ്ടുവന്ന ഒരു ബയോസ്കോപ്പ് ഉപയോഗിച്ചാണ് വാറുണ്ണി ഈ ചിത്രം പ്രദർശിപ്പിച്ചത്. അതിന് എട്ടുമിനിറ്റ് ദൈർഘ്യമുണ്ടായിരുന്നു. ഇന്ത്യൻ സിനിമയുടെ പിതാവായ ഫാൽക്കേയുടെ ചിത്രങ്ങൾ പോലും അദ്ദേഹം പ്രദർശിപ്പിച്ചു. ഇങ്ങനെയാണ് ജോസ് ബയോസ്കോപ്പ് എന്ന പേരിൽ കേരളത്തിൽ ആദ്യത്തെ സിനിമാ തിയേറ്റർ രൂപം കൊണ്ടത്. ലൈംലൈറ്റിനു പകരം വിദ്യുച്ഛക്തി ഉപയോഗിച്ചുള്ള സിനിമാ പ്രദർശനം സാധ്യമായത് 1912 ൽ മാത്രമാണ്. തുടർന്ന് കേരളത്തിന്റെ പല ഭാഗങ്ങളിലും ഇന്നത്തെ സർക്കസ് കൂടാരത്തിന്റെ മാതൃകയിലുള്ള താത്കാലിക തിയേറ്ററുകൾ ഉയർന്നു വന്നു. കോഴിക്കോട്, തൃശ്ശൂർ, തിരുവനന്തപുരം തുടങ്ങിയ നഗരങ്ങളിൽ സ്ഥിരം തിയേറ്ററുകളും ഉണ്ടായി. ഇംഗ്ലീഷ്, ഹിന്ദി, തമിഴ് തുടങ്ങിയ ഭാഷകളിൽ സബ്ടൈറ്റിലുകളുള്ള ചിത്രങ്ങളാണ് പ്രധാനമായും പ്രദർശിപ്പിച്ചിരുന്നത്. ഇവയിലെ ദൃശ്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നതിന് കാണികളുടെ നടുവിൽ ഇട്ടിരിക്കുന്ന പീഠത്തിൽ കയറി നിന്ന് ഒരാൾ ഉച്ചഭാഷിണിയിലൂടെ റണ്ണിങ് കമന്ററി നൽകിയിരുന്നു. സ്യൂട്ടും ടൈയും തൊപ്പിയുമൊക്കെയാണ് അയാളുടെ വേഷം, വാദ്യോപകരണങ്ങളുടെ അകമ്പടിയോടെയാണ് വിവരണം നൽകുക.

### വിഗതകുമാരൻ

1928 നവംബർ ഏഴിനാണ് കേരളത്തിൽ ആദ്യമായി നിർമിക്കപ്പെട്ട വിഗതകുമാരൻ എന്ന ചിത്രം പ്രദർശനമാരംഭിച്ചത്. ആദ്യ പ്രദർശനം നടന്നത് ക്യാപിറ്റോൾ തിയേറ്ററിലായിരുന്നു.

വിഗതകുമാരന്റെ നിർമാതാവും സംവിധായകനും ക്യാമറാമാനും കഥാനായകനുമായിരുന്നു ജെ.സി. ഡാനിയൽ. ദി ട്രാവൻകൂർ നാഷണൽ പിക്ചേഴ്സ് എന്ന പേരിൽ 1926 ൽ കേരളത്തിലെ ആദ്യത്തെ ഫിലിം സ്റ്റുഡിയോ അദ്ദേഹം സ്ഥാപിച്ചു.

### മാർത്താണ്ഡവർമ്മ

ജെ.സി. ഡാനിയലിന്റെ ഒരു ബന്ധുവായ ആർ. സുന്ദരരാജ് നിർമിച്ച മാർത്താണ്ഡവർമ്മയാണ് കേരളത്തിലെ രണ്ടാമത്തെ നിശ്ശബ്ദ ചിത്രം. സി.വി. രാമൻപിള്ളയുടെ സുപ്രസിദ്ധ ആഖ്യായികയെ ആസ്പദമാക്കി നിർമിച്ച ചിത്രം സംവിധാനം ചെയ്തത് പി.വി. റാവു ആയിരുന്നു.

### ബാലൻ

1931 മാർച്ച് 14ന് ഇന്ത്യയിൽ ആദ്യത്തെ ശബ്ദചിത്രമായ ആലം ആര ബോംബെയിലെ മെജസ്റ്റിക് തിയേറ്ററിൽ പ്രദർശിപ്പിച്ചു. ഇതോടെ ശബ്ദചിത്രം നിർമിക്കാനുള്ള പരിശ്രമം കേരളത്തിലും ആരംഭിച്ചു. അത് സഫലമായത് 1938ൽ ബാലൻ എന്ന ചിത്രം പുറത്തുവന്നതോടെയാണ്.

ഈ ചിത്രത്തിന്റെ നിർമാണത്തിന് തുടക്കമിട്ട തിരുവനന്തപുരം സ്വദേശിയായ എം. സുന്ദരംപിള്ള പല നിർമാതാക്കളുടെയും സഹായം അഭ്യർത്ഥിച്ചിരുന്നു. അതിന്റെ ഫലമായി സേലത്തെ മോഡേൺ തിയേറ്റർ ഉടമയായ പി.ആർ. സുന്ദരം സഹായവാഗ്ദാനവുമായി എത്തി. അദ്ദേഹം പിള്ളയുടെ നേതൃത്വത്തിലുള്ള മലയാളി അസോസിയേഷനുമായി പാർട്ണർഷിപ്പ് കരാർ ഉണ്ടാക്കി. എന്നാൽ കരാർ വ്യവസ്ഥകളെല്ലാം കാറ്റിൽ പറത്തിക്കൊണ്ടാണ് പി.ആർ. സുന്ദരം ചിത്രം നിർമിച്ചത്. മുതുകുളം രാഘവൻപിള്ളയെ സേലത്തു വരുത്തി വിധിയും മിസ്സിസ് നായരും എന്ന ആദ്യകഥ തിരുത്തി എഴുതിച്ച് ബാലൻ എന്ന പേരിലാക്കി. നൊട്ടാണി എന്ന തമിഴനെയാണ് സംവിധായകനായി നിയമിച്ചത്. 1938 ഡിസംബറിൽ ഈ ചിത്രം റിലീസായി.

ബാലനെ തുടർന്ന് ജ്ഞാനാംബികയും(1940), പ്രഹ്ളാദനും(1941) പുറത്തുവന്നു. രണ്ടാം ലോകമഹായുദ്ധത്തിന്റെ ഫലമായി ആറുവർഷത്തേക്ക് മലയാളത്തിൽ സിനിമയൊന്നും ഉണ്ടായില്ല. 1947 ന് മുമ്പ് രണ്ട് നിശ്ശബ്ദചിത്രങ്ങൾ ഉൾപ്പെടെ ആകെ അഞ്ച് ചിത്രങ്ങളാണ് കേരളത്തിലുണ്ടായത്.

### സാഹിത്യ ബാന്ധവത്തിന്റെ അറുപതുകൾ

ഇന്ത്യയിൽ ഏറ്റവും അധികം സിനിമകൾ നിർമിക്കപ്പെടുന്ന ഭാഷകളിലൊന്നെന്ന നിലയിലേക്കു കടക്കുവാനും സാങ്കേതിക മേന്മയിലും കലാപരമായ മികവിലും ദേശീയ-ദേശാന്തര തലങ്ങളിൽ ശ്രദ്ധ പിടിച്ചു പറ്റാനും സ്വാതന്ത്ര്യാനന്തര മലയാള സിനിമയ്ക്ക് കഴിഞ്ഞു. ഉദയയിൽ നിർമിച്ച ജീവിതനൗക (1951)യാണ് ശ്രദ്ധേയമായ വിജയം നേടുന്ന ആദ്യത്തെ മലയാള സിനിമ. പി. ഭാസ്കരനും രാമു കാര്യാട്ടും കൂടി സംവിധാനം ചെയ്ത നീലക്കുയിലും(1954) രാമദാസ് സംവിധാനം ചെയ്ത ന്യൂസ് പേപ്പർ ബോയ് (1955)യും മലയാള സിനിമയുടെ ഗതി മാറ്റിവിട്ട ചിത്രങ്ങളാണ്.

മലയാള സിനിമയിലെ സാഹിത്യബന്ധത്തിന്റെ സുവർണകാലമായിരുന്നു അറുപതുകൾ. ഈ പതിറ്റാണ്ടിലുണ്ടായ 230 ചിത്രങ്ങളിൽ 69 എണ്ണവും(30%) സാഹിത്യകൃതികളെ ആസ്പദമാക്കി നിർമിക്കപ്പെട്ടവയാണ്. തകഴി, ബഷീർ, കേശവദേവ്, എസ്.കെ. പൊറ്റക്കാട്, മലയാറ്റൂർ രാമകൃഷ്ണൻ, കെ. സുരേന്ദ്രൻ, ജി. വിവേകാനന്ദൻ, പാറപ്പുറത്ത് തുടങ്ങിയ നോവലിസ്റ്റുകളുടെ പല പ്രശസ്ത നോവലുകളും ഈ കാലഘട്ടത്തിൽ സിനിമയായി. മുട്ടത്തുവർക്കി, കാനം, ചെമ്പിൽജോൺ, മൊയ്തു പടിയത്ത് തുടങ്ങിയവരുടെ നോവലുകൾ സിനിമയായപ്പോൾ നല്ല പ്രദർശനവിജയം നേടി. പൊൻകുന്നം വർക്കി, തോപ്പിൽ ഭാസി, എസ്.എൽ. പുരം, ടി.എൻ. ഗോപിനാഥൻ നായർ, കാലടി ഗോപി, കെ.ടി. മുഹമ്മദ്, സി.ജി. ഗോപിനാഥ് തുടങ്ങി നാടകരംഗത്തെ പ്രമുഖരുടെ കൃതികളും സിനിമയായി. കലാനിലയം കൃഷ്ണൻനായർ ചന്തുമേനോന്റെ ഇന്ദുലേഖ ഫിലിമിൽ പകർത്തി. കെ.എസ്. സേതുമാധവൻ, എ. വിൻസന്റ്, രാമു കാര്യാട്ട്, പി. ഭാസ്കരൻ തുടങ്ങിയ അന്നത്തെ പ്രമുഖ സംവിധായകർ സാഹിത്യകൃതികളിൽ നിന്ന് ഇതിവൃത്തങ്ങൾ സ്വീകരിക്കുന്നതിൽ തത്പരരായിരുന്നു. അറുപതുകളിലെ ഏറ്റവും വലിയ നേട്ടം, 'ചെമ്മീൻ' ആയിരുന്നു. 'മുറപ്പെണ്ണ്' എന്ന ചിത്രത്തിന് കഥയും തിരക്കഥയും സംഭാഷണവും രചിച്ച് എം.ടി. വാസുദേവൻനായർ രംഗത്തെത്തിയതും ഈ ദശകത്തിലാണ്.■

**ഹരിപ്രിയ**

വി. എസ്. അച്യുതാനന്ദൻ, മുഖ്യമന്ത്രി



# സമഗ്ര വികസനത്തിന്റെ ജലപാത

ചെറുതും വലുതുമായ 44 നദികൾ, കായലുകൾ, തടാകങ്ങൾ ഇതൊക്കെയുള്ള നമ്മുടെ സംസ്ഥാനത്ത് ജലഗതാഗതത്തിന്റെ സുവർണകാലം വീണ്ടും വരാൻ പോകുന്നു. അതിന്റെ വിളംബരമാണ് ദേശീയ ജലപാത വികസനത്തിലൂടെ നടക്കുന്നത്.

ജലഗതാഗതത്തിൽ നമ്മുടെ പെരുമ വീണ്ടെടുക്കാനുള്ള യത്നത്തിൽ പ്രധാനപ്പെട്ട ഒരു ചുവടുവയ്പ് പൂർത്തിയായിരിക്കുന്നു. ചീനക്കാരും പറങ്കികളും യവനരും ഈജിപ്ഷ്യന്മാരും അറബികളുമെല്ലാം സഹസ്രാബ്ദങ്ങൾക്ക് മുൻപേ നമ്മുടെ തീരങ്ങളിൽ നങ്കൂരമിട്ടു. വിദേശ വാണിജ്യത്തിൽ പൂർവദിക്കിലെ പ്രധാന കേന്ദ്രം കേരളതീരമായി. നമ്മുടെ നാടിന്റെ കീർത്തി ലോകമെങ്ങും പരന്നു. മലയാളികൾ വിശ്വപൗരന്മാരായി വിശേഷിപ്പിക്കപ്പെടുന്നു. മതങ്ങളുടെയും സംസ്കാരങ്ങളുടെയും സംഗമ ഭൂമിയായി പാരസ്പര്യത്തിലൂടെ പുരോഗതിയിലെത്തി നമ്മുടെ നാട്. അപാരമായ ജലഗതാഗത സൗകര്യമാണ് ഇതിനെല്ലാം കാരണം. ഒരറ്റം മുതൽ മറ്റേ അറ്റം വരെ അതിരിടുന്ന പാരാവാരം, ചെറുതും വലുതുമായ 44 നദികൾ, കായലുകൾ, തടാകങ്ങൾ ഇതൊക്കെയുള്ള നമ്മുടെ സംസ്ഥാനത്ത് ജലഗതാഗതത്തിന്റെ സുവർണകാലം വീണ്ടും വരാൻ പോകുന്നു. അതിന്റെ വിളംബരമാണ് ദേശീയ ജലപാതാ വികസനത്തിലൂടെ നടക്കുന്നത്.

കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയെ മൂന്നാം ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ട് പതിനാല് സംവത്സരങ്ങളോളമായി. 32 മീറ്റർ വീതിയും രണ്ട് മീറ്റർ ആഴവും വേണം ദേശീയ ജലപാതയ്ക്ക് എന്നാണ് കണക്ക്. കോട്ടപ്പുറത്തു നിന്നും കൊല്ലത്തേക്കും കൊച്ചിയിൽ നിന്ന് ഉദ്യോഗമണ്ഡൽ, ചെമ്പക്കര കനാൽ, ഏലൂർ വരെയും നീളുന്ന ജലപാതയിൽ പലേടത്തും മേൽപ്പറഞ്ഞ നിബന്ധന പാലിക്കാൻ വർഷങ്ങളായിട്ടും കഴിഞ്ഞില്ല. മുപ്പത്തിയഞ്ചു ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് കുഴിച്ചെടുക്കേണ്ടതുണ്ടായിരുന്നു. വീതി കൂട്ടുന്നതിനാൽ ഇരു കരകളിലെയും നിരവധി പേരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. നൂറു കണക്കിന് കുറ്റിവലകളും ചീനവലകളും പരമ്പരാഗതമായി നിലവിലുണ്ട്. ദേശീയ ജലപാത അതോറിറ്റി വിഭാഗം ഈ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് സംസ്ഥാന സർക്കാരിനോടാവശ്യപ്പെടാൻ തുടങ്ങിയിട്ട് വർഷങ്ങളായി. പ്രതിബന്ധങ്ങൾ പദ്ധതി വൈകിക്കുകയാണെന്ന് കേന്ദ്രമന്ത്രിമാർ പലതവണ കുറ്റപ്പെടുത്തി.

കേരളത്തിന്റെ മുന്നേറ്റത്തിന് ദേശീയ ജലപാത സുഗമമാക്കേണ്ടത് അനിവാര്യമാണെന്ന് ഈ സർക്കാർ തിരിച്ചറിഞ്ഞു. അതോടൊപ്പം ദേശീയ ജലപാതയുടെ അനുബന്ധമായി സംസ്ഥാന ജലപാത വികസിപ്പിക്കേണ്ടതാണെന്ന് വ്യക്തമായി. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള പണവും സംസ്ഥാന ബഡ്ജറ്റിൽ കാലാകാലമായി നീക്കി വയ്ക്കുന്ന തുകയും ഉപയോഗിക്കുന്നതു മുൻകാലത്ത് നീണ്ടു നീണ്ടു പോയി. മൂന്നാം ദേശീയ ജലപാതപ്രഖ്യാപനം നടന്നിട്ട് ഒരു വ്യാഴവട്ടത്തിലേറെ പിന്നിട്ടിട്ടും പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത് വലിയ വീഴ്ചയായി മാറി.

ഈ സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്



**ജലഗതാഗതത്തിന്റെ പെരുമ വീണ്ടെടുക്കുന്നു: ജലപാതയുടെ മൂന്നാം ഘട്ടം മുഖ്യമന്ത്രി വി. എസ്. അച്യുതാനന്ദൻ നാടിന് സമർപ്പിക്കുന്നു**



ഏറ്റവും മുന്തിയ പരിഗണന നൽകി ഈ വിഷയം ഏറ്റെടുത്തത്. ഇൻലാന്റ് വാട്ടർ അധികൃതരും നന്നായി ഉത്സാഹിച്ചു. ആഴവും വീതിയും കൂട്ടിയും ദശലക്ഷക്കണക്കിന് ക്യുബിക് അടി മണ്ണ് നീക്കം ചെയ്തും ഇതിനകം ഒമ്പത് ടെർമിനലുകൾ പണിതും വലകൾ നീക്കം ചെയ്തും ജലപാത സുഗമമാക്കുന്ന പ്രവൃത്തിയാണ് നടന്നത്. ഇപ്പോൾ സാമാന്യം വലിയ ബാർജുകൾക്ക് സുഗമമായി സഞ്ചരിക്കാൻ സൗകര്യമായിക്കഴിഞ്ഞു.

ജലപാത വികസനത്തിന്റെ ആദ്യപടി മാത്രമാണ് പൂർത്തിയായത്. ഇനിയും ഏറെ മുന്നോട്ട് പോവാനുണ്ട്. കോട്ടപ്പുറത്തു നിന്നും വടക്കോട്ട് നീലേശ്വരം വരെ സംസ്ഥാന ജലപാത രണ്ട് വർഷം കൊണ്ട്  യാഥാർഥ്യമാക്കണമെന്നാണ് ലക്ഷ്യം. വടകരയിൽ നിന്ന് മയ്യഴി വരെയുള്ള 38 കിലോമീറ്റർ സ്ഥലത്ത് മൂന്ന് കനാലുകൾ ഉണ്ടാക്കിയാലേ പാത നീലേശ്വരത്ത് എത്തിക്കാനാവൂ. വടകര മയ്യഴി മേഖലകളിൽ കനാലുണ്ടാക്കാൻ 125 കോടി രൂപ വേണ്ടി വരും. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. വൈകാതെ അനുമതി നൽകുമെന്നാണ് പ്രതീക്ഷ.

നെടുമ്പാശ്ശേരി വിമാനത്താവളവുമായി കൊച്ചി തുറമുഖത്തെ ബന്ധിപ്പിക്കുന്ന കനാലുണ്ടാക്കുക, ദേശീയ ജലപാതയെ കോട്ടയവുമായി ബന്ധിപ്പിക്കുന്നതിന് കനാലുകൾ ഉണ്ടാക്കുക എന്നിങ്ങനെയുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് കൊച്ചി തുറമുഖത്തേക്ക് ജലപാത ഉണ്ടായാൽ അത്തരത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ തുറമുഖവും എയർപോർട്ടും ആയിരിക്കും കൊച്ചിയിലേത്. അനതി വിദൂര ഭാവിയിൽ അതും നമുക്ക് സാക്ഷാത്കരിക്കാനാകും.

ഇനി പറയാനുള്ള ഒരു കാര്യം കൊല്ലം-കോവളം ജലപാതയാണ്. കേരളപ്പിറവിയുടെ സുവർണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായാണ് കൊല്ലം-കോവളം സംസ്ഥാന ജലപാതയുടെ പ്രവൃത്തിക്ക് തുടക്കം കുറിച്ചത്. അതിന്റെ തന്നെ ഭാഗമായി വർക്കല തുരപ്പും അനുബന്ധ കനാലുകളും നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതിന് ടെണ്ടർ വിളിച്ചു കഴിഞ്ഞു. പ്രസ്തുത ജലപാത രണ്ടു കൊല്ലം കൊണ്ട് പൂർത്തിയാവും. ഇപ്പോൾ ഏറെക്കുറെ സുഗമമായിക്കഴിഞ്ഞ ദേശീയ ജലപാതയിൽ പ്രവൃത്തികൾ ഇനിയും ശേഷിക്കുന്നുണ്ട്. പുനരധിവാസ പ്രശ്നവും അവശേഷിക്കുന്നുണ്ട്. ഇതെല്ലാം ആർക്കും വിഷമമില്ലാതെ സമയബന്ധിതമായി പരിഹരിക്കും. കൊല്ലം-കോട്ടപ്പുറം ജലപാതയിലൂടെ ഇനി 500 ടൺ ശേഷിയുള്ള ബാർജുകൾക്ക് യഥേഷ്ടം പോകാൻ കഴിയും. പ്രതിവർഷം ചുരുങ്ങിയത് നൂറുലക്ഷം ടൺ ചരക്ക് കടത്താൻ കഴിയും. റോഡ് വഴിയുള്ള ചരക്കു ഗതാഗതം ഗണ്യമായി കുറച്ചുകൊണ്ട് വരാൻ ഇത് സഹായകരമാവും. കടത്തുകൂലി കുറഞ്ഞത് പകുതിയെങ്കിലുമായി കുറയ്ക്കാൻ കഴിയും. റോഡ് വഴിയുള്ള വാഹനപ്പെരുപ്പവും അപകടങ്ങളും ഗണ്യമായി കുറച്ചുകൊണ്ടു വരാനും കഴിയും.

ജലപാതാപദ്ധതിയുടെ വിജയത്തിന് എല്ലാ വിഭാഗമാളുകളുടെയും സഹകരണം വേണം. വ്യാപാരികളും വ്യവസായികളും ടൂർ ഓപ്പറേറ്റർമാരുമെല്ലാം ജലഗതാഗതത്തിന്റെ സാധ്യതകൾ മനസ്സിലാക്കി മുന്നോട്ടു വരണം.■

# ജലഗതാഗതസാധ്യത കണ്ടറിഞ്ഞ മുഖ്യമന്ത്രിയുടെ ബോട്ട്യാത്ര

നവംബർ 20 ന് എറണാകുളത്ത് ദേശീയ ജലപാത മൂന്നിന്റെ സമർപ്പണച്ചടങ്ങിനു ശേഷം മരട് കണ്ണാടിക്കടവിൽ നിന്ന് ഹൈക്കോടതി ജെട്ടിയിലേക്കുള്ള മുഖ്യമന്ത്രിയുടെ ബോട്ട്യാത്ര കേരളത്തിന്റെ ജലഗതാഗത ആസൂത്രണത്തിന്റെയും വികസനത്തിന്റെയും സജീവ ചർച്ചയ്ക്ക് വേദിയായി. രണ്ട് ഫർലോങ് വിട്ട് കോന്തുരുത്തി തീരം പിന്നിട്ട് കായൽവിരിപ്പിൽ എത്തിയപ്പോൾ ബോട്ടിലെ താഴത്തെ പ്രത്യേക കാബിനിൽ ഉച്ചഭക്ഷണം കഴിച്ച ശേഷം  മുഖ്യമന്ത്രി ബോട്ടിന്റെ മുകൾത്തട്ടിലെത്തി. മന്ത്രിമാരായ എസ്.ശർമ, കെ.പി.രാജേന്ദ്രൻ, എൻ.കെ.പ്രേമചന്ദ്രൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എസ്. ഷൈല, ജലഗതാഗതവികസന ഉപദേഷ്ടാവ് റിയർ അഡ്മിറൽ ബി.ആർ.മേനോൻ. ജലവിഭവ പ്രിൻസിപ്പൽ സെക്രട്ടറി കെ.ജയകുമാർ, മുഖ്യമന്ത്രിയുടെ പ്രസ് സെക്രട്ടറി കെ.ബാലകൃഷ്ണൻ എന്നിവരും മാധ്യമപ്രവർത്തകരും ഒപ്പമുണ്ടായിരുന്നു.

കുണ്ടന്നൂർ, ചെലവൂർ തീരങ്ങളുടെ ദൃശ്യഭംഗിയിൽ ആകൃഷ്ടനായ മുഖ്യമന്ത്രി ജലപാതവികസനം നൽകുന്ന ടൂറിസം സാധ്യതകളെക്കുറിച്ച് പരാമർശിച്ചു. കൊച്ചിയിലെ ഫ്ളാറ്റുകളുടെ ബാഹുല്യമറിയാൻ ഈ യാത്ര ഉപകരിച്ചതായി മന്ത്രി കെ.പി.രാജേന്ദ്രൻ പറഞ്ഞു. തേവരപ്പാലം പിന്നിട്ടപ്പോൾ, ജലപാതയൊരുക്കാൻ നേരിട്ട പ്രതിബന്ധങ്ങളും വെല്ലുവിളികളും റിയർ അഡ്മിറൽ മേനോൻ വിവരിച്ചു. ജലപാതകളുടെ പൂർത്തീകരണത്തിന് തടസ്സം നേരിടുന്ന പ്രദേശങ്ങളെക്കുറിച്ച് മന്ത്രി ശർമ ആരാഞ്ഞു.

കൊടുങ്ങല്ലൂർ, കാലടി, നെടുമ്പാശ്ശേരി പ്രദേശങ്ങൾ ജലപാത ശൃംഖലയിൽ എത്തുമ്പോൾ ഉണ്ടാകുന്ന വികസനസാദ്ധ്യതകൾ ചർച്ചയിൽ വിഷയമായി. ജലപാത പൂർണമാകുമ്പോൾ സംസ്ഥാനം തൊഴിൽ-സാമ്പത്തിക മേഖലകളിൽ കൈവരിക്കുന്ന കുതിച്ചുചാട്ടം മുഖ്യമന്ത്രി സഹമന്ത്രിമാരുമായി ചർച്ച ചെയ്തു. ഡാമുകളിൽ അടിഞ്ഞുകിടക്കുന്ന ചെളി സംബന്ധിച്ച പഠനറിപ്പോർട്ട് ലഭിച്ചതായി മന്ത്രി എൻ. കെ പ്രേമചന്ദ്രൻ പറഞ്ഞു.

കൊച്ചിക്കായലിൽ വിനോദയാത്രയ്ക്കെത്തിയ മറ്റ് ബോട്ടുകളിലെ യാത്രക്കാർ അപ്രതീക്ഷിതമായി മുഖ്യമന്ത്രിയെ കണ്ടതിൽ സന്തോഷഭരിതരായി അഭിവാദ്യം ചെയ്തു.

**പി. വിനോദ്**
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, എറണാകുളം*

വിശകലനം

ശശികുമാർ

# മാധ്യമങ്ങളും ജനാധിപത്യവും

**ജനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും പരിഗണിക്കാതെ, എന്തും എഴുതാനുള്ള തന്റെ അവകാശം ജനങ്ങളും സർക്കാരും അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിൽ വൈരുദ്ധ്യമുണ്ടെന്ന് ലേഖകൻ.ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് നടത്തിയ മാധ്യമ ശില്പശാലയിൽ പ്രശസ്ത മാധ്യമപ്രവർത്തകൻ ചെയ്ത പ്രസംഗത്തിൽ നിന്ന്**

ജനാധിപത്യവും മാധ്യമങ്ങളുമായുള്ള പാരസ്പര്യത്തെ കുറിച്ച് ആലോചിക്കുമ്പോൾ ആദ്യം സൂചിപ്പിക്കാനുള്ളത് മാധ്യമ സ്വാതന്ത്ര്യവും ഭരണഘടനയുമായുള്ള ബന്ധത്തെക്കുറിച്ചാണ്. നമ്മുടെ ഭരണഘടനയിൽ നേരിട്ട് സൂചിപ്പിക്കുന്ന ഒരു അവകാശമല്ല അത്. മറിച്ച്, ആശയപ്രകാശനത്തിനും സംസാരത്തിനുമുള്ള സ്വാതന്ത്ര്യം, സഞ്ചാരസ്വാതന്ത്ര്യം,ഇഷ്ടപ്പെട്ടതൊഴിലിനുള്ള സ്വാതന്ത്ര്യം തുടങ്ങി ഭരണഘടനയുടെ 19-ാം അനുച്ഛേദത്തിൽ (1)(a)(g) ഉപവിഭാഗങ്ങളിൽ വിവരിക്കുന്ന മൗലികാവകാശങ്ങളിൽ നിന്ന് വ്യാഖ്യാനിച്ചെടുക്കേണ്ട ഒന്നാണ് അത്. അതുകൊണ്ട് തന്നെ പൗരസമൂഹമെന്ന നിലയിൽ നാം മാധ്യമങ്ങൾക്ക് നൽകുന്ന ഒരു അവകാശമാണ് മാധ്യമ സ്വാതന്ത്ര്യം. ഭരണഘടനാപരമായും ധാർമികമായുമുള്ള ഉയർന്ന അടിത്തറയിൻമേലാണ് അത് നിലകൊള്ളുന്നത്. പക്ഷേ, ഓരോ പ്രസാധകനും തന്റെ മാധ്യമത്തിന്റെ സ്വഭാവം നിർണയിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് പ്രസ് കൗൺസിൽ പോലും അംഗീകരിച്ചിട്ടുള്ള കാര്യം കൂടി ഇതോടൊപ്പം ചേർത്തു വായിക്കേണ്ടതുണ്ട്. ആ അവകാശത്തെപ്പറ്റി വാചാലനാവുന്ന ഒരു പ്രസാധകന് ഭരണഘടന വാഗ്ദാനം ചെയ്യുന്ന മാധ്യമ സ്വാതന്ത്ര്യം കൂടി അതേ ശ്വാസത്തിൽ അവകാശപ്പെടാൻ കഴിയില്ല. ജനതയെ ശക്തിപ്പെടുത്തുമോ, പൗരസമൂഹത്തെ പരിവർത്തനം ചെയ്യാൻ ഉതകുമോ എന്നൊന്നും നോക്കാതെ എന്തും എഴുതാനുള്ള സ്വാതന്ത്ര്യം തനിക്കുണ്ടെന്ന് വാദിക്കുന്ന ഒരാൾക്ക് ഈ സ്വാതന്ത്ര്യം പ്രയോഗിക്കാനുള്ള അവകാശം സർക്കാരും ജനങ്ങളും ഉറപ്പിച്ച് തരണമെന്നു പറയുന്നത് ശരിയല്ല. ജനങ്ങളുടെ അവകാശങ്ങളും അധികാരങ്ങളും പരിഗണിക്കാതെ, എന്തും എഴുതാനുള്ള തന്റെ അവകാശം ജനങ്ങളും സർക്കാരും അംഗീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിൽ വൈരുദ്ധ്യമുണ്ട്. മാധ്യമങ്ങളുടെ സാമൂഹിക ഉത്തരവാദിത്വവും ജനങ്ങളോടുള്ള ബാധ്യതയും ചുരുങ്ങി വരുന്ന അവസ്ഥയിൽ മാധ്യമ സ്വാതന്ത്ര്യത്തെക്കുറിച്ച് മാത്രം പറയുന്നതിൽ വൈരുദ്ധ്യമുണ്ടെന്ന് അർത്ഥം.

## ഉടമസ്ഥതയുടെ പ്രശ്നങ്ങൾ

മാധ്യമമേഖലയിലെ മറ്റൊരു വൈരുദ്ധ്യം മൂലധനവുമായി ബന്ധപ്പെട്ടതാണ്. നേരിട്ടുള്ള വിദേശ നിക്ഷേപം വാർത്താ മാധ്യമങ്ങളിൽ അനുവദിക്കാൻ കഴിയുമോ എന്നതായിരുന്നു ഇന്നലെവരെയുള്ള പ്രധാന ചർച്ചാവിഷയം. അവിടെയും മാധ്യമങ്ങൾ തമ്മിലൊരു വിവേചനം കാണുന്നുണ്ട്. ഓൺലൈൻ മാധ്യമങ്ങളിൽ 100% വിദേശ നിക്ഷേപം അനുവദിക്കപ്പെടുന്നു. എന്നാൽ ടെലിവിഷൻ വാർത്താ മാധ്യമങ്ങളിൽ 49% വിദേശ നിക്ഷേപമേ അനുവദിക്കപ്പെടുന്നുള്ളു. ടെലിവിഷൻ വിനോദമേഖലയിൽ 60 –75 % വരെ വിദേശ നിക്ഷേപമാകാം. ടെലികമ്മ്യൂണിക്കേഷൻ മേഖലയിൽ നിങ്ങൾക്ക് 75% വരെയാകാം. എന്നാൽ അച്ചടി മേഖലയിൽ 26%ത്തിൽ കൂടുതൽ വിദേശനിക്ഷേപം അനുവദിക്കപ്പെടുന്നില്ല. അതിന്റെ അർത്ഥം നമുക്കിടയിൽ മാധ്യമങ്ങളും മാധ്യമങ്ങളും മാധ്യമങ്ങളുമുണ്ടെന്നല്ലേ? ഇത്തരത്തിലുള്ള വിഭജനം ശരിയായ മാധ്യമ സ്വാതന്ത്ര്യത്തിന്റെ പശ്ചാത്തലത്തിൽ അനാരോഗ്യപരമായ കാഴ്ചപ്പാടാണെന്ന് ഞാൻ പറയും. ക്രോസ്സ് മീഡിയ ഓണർഷിപ്പ് ആണ് മറ്റൊരു പ്രശ്നം. അമേരിക്കയിൽ ഇന്നും ഇതിന് വിലക്കുണ്ട്. അവിടെ നിങ്ങൾ ഒരു പത്രത്തിന്റെ ഉടമയാണെങ്കിൽ അതേ സമയം ഒരു ടെലിവിഷൻ സ്റ്റേഷന്റെയോ റേഡിയോ സ്റ്റേഷന്റെയോ ഉടമയാകാൻ കഴിയില്ല. മാധ്യമ രംഗത്ത് കുത്തകവത്കരണത്തിന് കാരണമാകും, മാധ്യമത്തിലൂടെ ലഭിക്കുന്ന ശക്തി ഒരാളിലോ ഒരു കമ്പനിയിലോ കേന്ദ്രീകരിക്കാൻ കാരണമാകും എന്നൊക്കൊക്കൊണ്ടാണ് അവിടെ ആ നിയന്ത്രണം. പക്ഷേ ഈ അവസ്ഥ അമേരിക്കയിൽ പോലും വെല്ലുവിളി നേരിടുന്നുണ്ട്. അതുകൊണ്ടുതന്നെ മുൻപത്തേപ്പോലെ വ്യക്തത ഇപ്പോൾ അക്കാര്യത്തിൽ അവിടെയില്ല. പക്ഷേ ഇന്ത്യയിൽ വ്യത്യസ്ത മാധ്യമങ്ങളുടെ ഉടമസ്ഥത ഒന്നിച്ച്വഹിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ഇനിയും പരിഗണനയിൽ മാത്രമേയുള്ളൂ. ഈ വാദം ഭാഗികമായെങ്കിലും ഉൾക്കൊള്ളുന്ന പ്രക്ഷേപണ ബിൽ ഇപ്പോഴും പാർലമെന്റിന്റെ മുൻപിലെത്തിയിട്ടില്ല. ഈ പ്രശ്നം ചർച്ചയ്ക്ക് വന്നപ്പോൾ ഇന്ത്യയിലെ വലിയ മാധ്യമ ഉടമസ്ഥരിൽ ചിലർ – പ്രധാനമായും അച്ചടി മേഖലയിലുള്ളവരാണവർ – ഇന്ത്യൻ മീഡിയഗ്രൂപ്പ് എന്ന പേരിൽ ന്യൂഡൽഹിയിൽ സമ്മേളിച്ച് ഒരു പ്രമേയം പാസാക്കുകയുണ്ടായി. മാധ്യമ മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബങ്ങളെ പ്രോത്സാഹിപ്പിക്കണമെന്നും മാധ്യമ കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ള മാധ്യമ സ്ഥാപനങ്ങൾക്ക് പ്രാമുഖ്യം നല്കണമെന്നുമാണ് അവർ ആവശ്യപ്പെട്ടത്. പരമ്പരാഗതമായി മാധ്യമ നടത്തിപ്പിൽ ഏർപ്പെടുന്നവർക്ക് പ്രൊഫഷണൽ വൈദഗ്ധ്യം കൂടുമെന്നതിനാൽ ഈ വാദത്തിൽ അല്പം യുക്തിയുണ്ടെന്ന് വേണമെങ്കിൽ സമ്മതിക്കാം. പക്ഷേ ഇത് ഒരു മാതൃകയായോ തത്ത്വമായോ അംഗീകരിക്കുന്നത് വളരെ അപകടകരമാണ്. പ്രത്യേകിച്ചും വ്യത്യസ്തതരം മാധ്യമങ്ങളുടെ ഒന്നിച്ചുള്ള ഉടമസ്ഥത നമ്മുടെ രാജ്യത്ത് ഒരു പുതിയ ട്രെൻഡായി തുടരുന്ന സാഹചര്യത്തിൽ. വാസ്തവത്തിൽ മാധ്യമങ്ങളുടെ ഉടമസ്ഥതാ സ്വഭാവം വളരെ അപകടമായ രീതിയിൽ ഒരു പരിവർത്തനത്തെ നേരിടുകയാണ്. ആശങ്കയുണർത്തും വിധം ജനങ്ങളിൽ നിന്ന് കൂടുതൽ കൂടുതൽ അന്യവത്കരിക്കപ്പെടുന്ന ഒന്നായി നമ്മുടെ മാധ്യമങ്ങൾ മാറികൊണ്ടിരിക്കുന്നു.

## ജനാധിപത്യത്തെ തുണയ്ക്കുന്ന സാങ്കേതികവ്യാപനം

അതേ സമയം മറുവശത്ത് പ്രതീക്ഷയുണർത്തുന്ന മറ്റൊരു കാര്യവും സംഭവിക്കുന്നുണ്ട്. മാധ്യമ സാങ്കേതിക വിദ്യയിൽ വരുന്ന വളർച്ച മാധ്യമ രീതികളിലുണ്ടാ

ക്കുന്ന മാറ്റങ്ങളാണവ. മാധ്യമകുത്തകകൾക്കും ഉടമസ്ഥർക്കും നിക്ഷിപ്ത താത്പര്യക്കാർക്കും കീഴടക്കാൻ പറ്റാത്ത വിധം മാധ്യമ രംഗത്തെ ജനാധിപത്യവത്കരണത്തെ സഹായിക്കുന്ന ഒരു പ്രവണതയാണ് ഇത്. ഡിജിറ്റൽവത്കരണത്തിലൂടെ സാങ്കേതികവിദ്യയുടെ വസന്തം വിരിയുകയാണ്. ഇന്റർനെറ്റും ബ്ലോഗുകളുമൊക്കെ മുഖ്യധാരാ മാധ്യമങ്ങളുടെ തുടർച്ചയായി മാറുന്നു. തീർച്ചയായും ബ്ലോഗുകളിലും മറ്റും വസ്തുതകളുടെ ആധികാരികതയെപ്പറ്റിയും പരിശോധനക്ഷമതയെപ്പറ്റിയുമുള്ള പ്രശ്നങ്ങളുണ്ടെന്ന് അംഗീകരിക്കുന്നു. എന്നിരുന്നാലും വളരെയധികം ഉപയോഗയോഗ്യമായ വിവരങ്ങളും ആഴത്തിലുള്ള ധാരണകളും അവ സമൂഹത്തിന് പ്രദാനം ചെയ്യുന്നുണ്ട്.

സിറ്റിസൺ ജേർണലിസം എന്ന സങ്കല്പം ശക്തമായൊരു സാന്നിദ്ധ്യമാക്കാൻ ബ്ലോഗുകൾ സഹായിക്കുന്നു. ഇപ്പോൾ വാർത്തകളുടെ ഉത്പാദനം മാധ്യമങ്ങളുടെ മാത്രം കുത്തകയാകുന്നില്ല. ദന്തഗോപുരങ്ങളിലിരുന്ന് ഞങ്ങൾ മാധ്യമ പ്രവർത്തകർ എന്ത് വാർത്തകൾ വേണമെന്ന് തീരുമാനിക്കും, എന്ത് അജണ്ട സമൂഹത്തിന് വേണമെന്ന് നിശ്ചയിക്കും എന്ന് ഊറ്റം കൊണ്ടിരുന്ന കാലം അവസാനിക്കുകയാണ്. മറിച്ച് വായനക്കാരും ശ്രോതാക്കളും പ്രേക്ഷകവൃന്ദവും തിരിച്ച് മാധ്യമപ്രവർത്തകരോട് ഞങ്ങളും വാർത്തകൾ ഉത്പാദിപ്പിക്കുന്നവരാണ് എന്നു പറയുന്ന കാലം വന്നിരിക്കുന്നു. വാർത്തകൾ ഉൾപ്പെടെയുള്ള മാധ്യമങ്ങളുടെ ഉള്ളടക്ക നിർമിതിയിൽ അവർ പങ്കാളികളാകുന്നു. ആ പ്രവണത ഒരു പരിപക്വ അവസ്ഥയിൽ എത്തിയിട്ടില്ലെങ്കിലും മാധ്യമ ലോകത്തെ ജനാധിപത്യവത്കരണത്തിന് വഴിതുറക്കുന്ന ഒന്നായി മാറിയിട്ടുണ്ട്.

അത്തരം ഓപ്പൺ പേജിസം അച്ചടിമാധ്യമത്തിൽ വായനക്കാർക്ക് ഇന്ന് കാര്യമായി സാധ്യമല്ലെങ്കിലും ഇലക്ട്രോണിക് മാധ്യമങ്ങളിൽ അതിന് വലിയ സാധ്യത തെളിഞ്ഞിരിക്കുന്നു. ഇത് ഏത് അളവ് വരെ പോകും, മുന്നോട്ടുള്ള പോക്കിനിടയ്ക്ക് ഹൈജാക്ക് ചെയ്യപ്പെടുമോ എന്നതൊക്കെ കാത്തിരുന്നു കാണേണ്ട വസ്തുതകളാണ്. എങ്കിലും പങ്കാളിത്ത മാധ്യമ വ്യവസ്ഥയിലേക്കുള്ള സാങ്കേതിക വിദ്യയുടെ വലിയൊരു സംഭാവനയാണത്.

### വീഭജിതമാവുന്ന താത്പര്യങ്ങൾ; കടന്നുകയറുന്ന കമ്പോളം

മാധ്യമങ്ങളെ സംബന്ധിച്ച മറ്റൊരു ശ്രദ്ധേയമായ സംഗതി ഒരാശയത്തിന്റെ സാർവലൗകിക വ്യാപനത്തിനുള്ള ഉപകരണമായി അതിനെ ഇനി ഉപയോഗിക്കാൻ കഴിയില്ല എന്നതാണ്. തൊണ്ണൂറുകളിൽ തുടങ്ങിയ ആഗോളീകരണ ഉദാരികരണ പ്രവണതകളുമായി ബന്ധപ്പെടുത്തി മാത്രമെ ഇന്നത്തെ മാധ്യമത്തിന്റെ സ്വഭാവത്തെ വിലയിരുത്തുവാൻ കഴിയുകയുള്ളു. ഘടനാപരമായി വിഭജിക്കപ്പെടലും ആശയപരമായി ചെറുഘടകങ്ങളാക്കപ്പെടലും ഇന്ന് മാധ്യമലോകത്ത് സംഭവിക്കുന്ന ഒരു പ്രവണതയായിരിക്കുന്നു; സാർവലൗകികത്വവും സമഗ്രതയും ഇല്ലാതാവുന്നു. ഇതു പറയുമ്പോൾ ഉയരുന്ന ഒരു ചോദ്യമുണ്ട്. നിരവധി ചാനലുകളും പത്രങ്ങളുമൊക്കെ നമുക്കുണ്ട്. പക്ഷെ അവയെല്ലാം വിശദാംശങ്ങളിൽ ചെറിയ വ്യത്യാസമുണ്ടെങ്കിലും ഒരേ തരം വാർത്തകളും പരിപാടികളും തന്നെയല്ലേ നമുക്ക് തരുന്നതെന്ന ചോദ്യം. കുറെക്കാലം മുൻപ് വരെ അത് പൂർണ്ണമായും ശരിയായിരുന്നു. എന്നാൽ ഇന്ന് അത്തരത്തിൽ ഒരു സാമാന്യവത്കരണത്തിന് കഴിയാത്ത സ്ഥിതിയാണുള്ളത്. അച്ചടി മാധ്യ



സിറ്റിസൺ ജേർണലിസം ശക്തമായൊരു സാന്നിദ്ധ്യമാക്കാൻ ബ്ലോഗുകൾ സഹായിക്കുന്നു. ഞങ്ങൾ മാധ്യമ പ്രവർത്തകർ എന്ത് വാർത്തകൾ വേണമെന്ന് തീരുമാനിക്കും, എന്ത് അജണ്ട സമൂഹത്തിന് വേണമെന്ന് നിശ്ചയിക്കും എന്ന് ഊറ്റം കൊണ്ടിരുന്ന കാലം അവസാനിക്കുകയാണ്.

മങ്ങളിലും ഇലക്ട്രോണിക് മാധ്യമങ്ങളിലും പ്രാദേശികവത്കരണം, വ്യത്യസ്ത സാമ്പത്തിക നിലയിലുള്ള പ്രേക്ഷകരുടെ സാന്നിദ്ധ്യം തുടങ്ങി നിരവധി കാരണങ്ങളാൽ ഒരു തരം സെഗ്മന്റേഷൻ നടക്കുന്നു എന്നു കാണാം. വലിയ വൈരുദ്ധ്യങ്ങളിലേക്ക് അത് മാദ്ധ്യമലോകത്തെ നയിക്കുന്നു. ഉദാഹരണത്തിന് പരസ്യങ്ങളുടെ കാര്യമെടുക്കുക. കൂടുതൽ ആളുകളുകളിലെത്തിക്കുക എന്നതാണല്ലോ പരസ്യങ്ങളുടെ ഒരു ലക്ഷ്യം. പക്ഷേ ആ ലക്ഷ്യത്തിനു മാറ്റം വരികയാണ്. നിങ്ങളുടെ ഉത്പന്നം വാങ്ങാൻ കഴിവുള്ളതോ സാധ്യതയുള്ളതോ ആയ ആളുകളിൽ മാത്രം പരസ്യം എത്തുക എന്നതാണ് ഇന്നു കൂടുതൽ അഭികാമ്യമായി വന്നിരിക്കുന്നത്. നിങ്ങളുടെ ചാനലിന്റെ ടാർഗറ്റ്ഗ്രൂപ്പ് ചെറുതാകുന്തോറും നിങ്ങൾക്കും പരസ്യം കൂടുതൽ കിട്ടാൻ സാദ്ധ്യത വർദ്ധിക്കുന്നു. അതുകൊണ്ടാണ് ജനസംഖ്യയിൽ ഒരു ശതമാനം മുതൽ രണ്ടു ശതമാനം വരെ ആളുകളിൽ മാത്രം എത്തുന്ന *എൻ.ഡി.ടി.വി , ഐ.ബി.എൻ, ടൈംസ് നൗ* തുടങ്ങിയ ചാനലുകൾക്ക് പരസ്യവരുമാനത്തിന്റെ 10 – 13% ലഭിക്കുന്നത്. എത്രയാളുകളിൽ എത്തുന്നുവെന്നതല്ല, വാങ്ങൽ ശേഷിയുള്ള എത്രയാളുകളിൽ എത്തുന്നുവെന്നതാണ് പ്രധാനം. ഇത്തരം സാമൂഹിക, സാമ്പത്തിക, സാങ്കേതിക സമ്മർദ്ദങ്ങളുടെ ഫലമായാണ് മാധ്യമ മേഖലയിൽ സെഗ്മെന്റേഷൻ പ്രവണതകൾ വർധിക്കുന്നത്. തദ്ഫലമായി ഫ്രാഗ്മെന്റഡ് ആയിട്ടുള്ള ഒരു ന്യൂസ് മീഡിയ മാർക്കറ്റാണ് ഇന്ന് ലോകത്തെവിടെയുമുള്ളത്. വ്യത്യസ്ത തരത്തിലുള്ള സന്ദേശങ്ങളാണ്- പലപ്പോഴും പരസ്പര വിരുദ്ധങ്ങളായ ആശയ വ്യാപനമാണ്- മാധ്യമലോകത്ത് ഇന്ന് സംഭവിക്കുന്നത്.

ഓരോ പ്രശ്നത്തിലും, ഉദാഹരണത്തിന് നന്ദിഗ്രാം തന്നെയെടുക്കുക-വ്യത്യസ്ത വീക്ഷണങ്ങളുടെ ഒരു സ്പെക്ട്രം തന്നെ നമുക്കു കിട്ടുന്നു. ഇവയ്ക്കിടയിൽ സത്യം കണ്ടെത്താൻ പലപ്പോഴും നാം ഏറെ ബുദ്ധിമുട്ടേണ്ടിവരും. ഈ അവസ്ഥയിൽ സംഭവിക്കുന്നതെന്താണ്? ഒരു മാധ്യമത്തിന് ഒരു പ്രത്യേക വീക്ഷണ കോണിലൂടെ വാർത്തകളെ അവതരിപ്പിക്കാം. ആവർത്തിച്ചുള്ള ഈ പ്രക്രിയയിലൂടെ ഒടുവിൽ ആ വീക്ഷണം ശരിയാണെന്ന് അംഗീകരിക്കുന്ന മാനസികാവസ്ഥ ആളുകളിൽ സൃഷ്ടിക്കാൻ കഴിയും. സത്യത്തിന്റെ ചരിത്രം ഏറ്റവും കൂടുതൽ കാലം നിലനിൽക്കുന്ന കള്ളത്തിന്റെ ചരിത്രമാണെന്നൊരു പ്രസ്താവം ഗബേഴ്സ് നടത്തിയിട്ടുണ്ട്. ഇപ്പോഴത്തെ ചില മാധ്യമങ്ങളുടെ റിപ്പോർട്ടിങ് രീതിയെ വിലയിരുത്താൻ പറ്റിയ ഏറ്റവും ഉചിതമായ കമന്റാണിതെന്നെനിക്കു തോന്നുന്നു. ഇതാണ് സംഭവിച്ചത്, ഇതാണ് സംഭവിച്ചത് എന്ന് രാവും പകലും ആവർത്തിക്കുകയും ഒടുവിൽ ഒരു സുപ്രഭാതത്തിൽ ആരെങ്കിലും ഇതായിരിക്കാം സംഭവിച്ചത് എന്ന് തിരുത്തുകയും ചെയ്യുന്നു. ഇതിനെതിരായ വ്യാഖ്യാനം മറ്റൊരു മാധ്യമത്തിൽ നിന്നുണ്ടാകുന്നു. ചുരുക്കത്തിൽ ആകെ മൊത്തം ആശയക്കുഴപ്പം എന്ന അവസ്ഥയാണ് സൃഷ്ടിക്കപ്പെ

ടുന്നത്. മാധ്യമവിപണി പലതായി വിഭജിക്കപ്പെടുന്നതിന്റെ ഒരു ദുരന്തഫലം കൂടിയാണിത്– എല്ലാവർക്കും പൊതുവായി സ്വീകാര്യമാവുന്ന വാർത്തകൾ ദുർലഭമാവുന്നു. അത്തരം വാർത്തകൾ ഇല്ലാതാവുന്നു. കേവലം ഉപരിപ്ലവമായ. വസ്തുതകളെ കുറിച്ചല്ല ഈ പറയുന്നത്. പ്രധാനമന്ത്രി ജർമ്മനിയിൽ പോയാൽ അതു സംബന്ധിച്ച വിവരങ്ങൾ എല്ലാവരും ഒരു പോലെ തന്നെയാവും റിപ്പോർട്ടു ചെയ്യുന്നത്. എന്നാൽ വിവരത്തിന്റെ ഉള്ളിലുള്ള ധാരണകൾ ഓരോരുത്തരും ഓരോ വിധത്തിലാവും റിപ്പോർട്ടു ചെയ്യുക. സാങ്കേതിക വിദ്യയുടെ വികാസം സൃഷ്ടിച്ച സവിശേഷ സാഹചര്യമാണ് ഇതിന് കാരണം. സാങ്കേതിക വിദ്യാ വ്യാപനത്തിന് ആദ്യം സൂചിപ്പിച്ച നല്ല വശങ്ങളും ഒപ്പം ഇത്തരത്തിലുള്ള ദൂഷ്യവശങ്ങളും ഉണ്ട്.

### ഇടതുപക്ഷവിരുദ്ധത

ഇന്ത്യൻ മാധ്യമങ്ങളുടെ സമകാലീന സ്വഭാവത്തെ വിശകലനം ചെയ്യുമ്പോൾ എടുത്തു പറയേണ്ട മറ്റൊരു സംഗതി കൂടിയുണ്ട്. സ്വാതന്ത്ര്യ പൂർവകാലഘട്ടത്തിലോ സ്വാതന്ത്ര്യത്തെ തുടർന്നുള്ള ദശകങ്ങളിലോ ഇന്ത്യൻ മാധ്യമങ്ങൾക്ക് ഇടതുപക്ഷം എന്നത് ഒരു ചീത്തവാക്കായിരുന്നില്ല. വ്യക്തമായും ഇടതുപക്ഷ സ്വഭാവമുള്ള ഒരു എഡിറ്റോറിയൽ നയം സ്വീകരിച്ച പത്രങ്ങൾ വരെയുണ്ടായിരുന്നു. എന്നാൽ ഇന്ന് ഇടതുപക്ഷത്തെ ഭർത്സിക്കുന്നത് ഒരു തരം ഫാഷനായി മാറിയിരിക്കുന്നു. ഇക്കാര്യത്തിൽ എല്ലാ മാധ്യമങ്ങളും ഒരു സമവായത്തിൽ എത്തിയ പ്രതീതി. ലാലുപ്രസാദ് യാദവിനെ നമ്മുടെ മാധ്യമങ്ങൾ കാരിക്കേച്ചർ ചെയ്യുന്നതിനു സമാനമാണിത്. ലാലുവിനെ ചിത്രീകരിക്കുമ്പോൾ അദ്ദേഹത്തെ കോമിക് കഥാപാത്രമായി മാത്രമേ നമ്മുടെ മാധ്യമങ്ങൾ ചിത്രീകരിക്കാറുള്ളൂ. അതുപോലെ ഇടതുപക്ഷത്തെ കുറിച്ചാണ് പറയുന്നതെങ്കിൽ ഓരോ കാര്യത്തിലും അവരുടെ നിലപാടുകളും പ്രവർത്തനങ്ങളും എത്രത്തോളം പിശകായിരുന്നു എന്നാവും മാധ്യമങ്ങൾ വിവരിക്കുക. ഇത് യാദൃച്ഛികമായി സംഭവിക്കുന്ന ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. അമേരിക്കൻ മാധ്യമങ്ങൾ വാർത്തകളിൽ ചില ഫിൽറ്ററുകൾ ഉപയോഗിക്കാറുണ്ട്. ഇടതുപക്ഷ വിരോധം അവയിലൊന്നാണ്. ഇപ്പോൾ ഇന്ത്യൻ മാധ്യമങ്ങളും അതു പ്രയോഗിക്കാൻ തുടങ്ങിയിരിക്കുന്നു. നോം ചോംസ്കിയും എഡ്വേർഡ് ഹെർമനും ചേർന്നെഴുതിയ *മാനുഫാക്ച്ചറിങ് കൺസന്റ്* എന്ന ഗ്രന്ഥത്തിൽ അമേരിക്കൻ മാധ്യമങ്ങൾ പ്രയോഗത്തിൽ വരുത്തുന്ന 5 തരം ഫിൽറ്ററുകളെപ്പറ്റി പറയുന്നുണ്ട്. വിദേശ നയത്തിന്റെ കാര്യത്തിൽ അമേരിക്കൻ ഭരണകൂടത്തിന്റെ നിലപാട് പൊതുവെ അംഗീകരിക്കും എന്നു തുടങ്ങി അഞ്ചെണ്ണം. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഫിൽറ്റർ കമ്മ്യൂണിസ്റ്റ് വിരുദ്ധത ഒരു ദേശീയ മതമാണ് എന്നതാണ്. ഇതിപ്പോൾ ഇന്ത്യൻ മാധ്യമങ്ങളെ സംബന്ധിച്ചും ശരിയായി വന്നിരിക്കുന്നു.



ദേശീയ മാധ്യമദിനത്തോടനുബന്ധിച്ച് സെമിനാർ തിരുവനന്തപുരം പ്രസ് ക്ലബ് ഹാളിൽ വി. ശിവൻകുട്ടി എം.എൽ.എ. ഉദ്ഘാടനം ചെയ്യുന്നു. ഐ&പി.ആർ.ഡി. ഡയറക്ടർ പി. വേണുഗോപാൽ ഐ.എ.എസ്, മാധ്യമപ്രവർത്തകരായ ശശികുമാർ, ബി.ആർ.പി. ഭാസ്കർ, പി. രാജൻ, എൻ.പത്മനാഭൻ, ഐ&പി.ആർ.ഡി. അഡീഷണൽ ഡയറക്ടർ പി. അബ്ദുൾ റഷീദ് എന്നിവരെയും കാണാം.

### പൊളിറ്റിക്കൽ കാപ്പിറ്റലിസം ചുവടുറപ്പിക്കുന്നു

രാഷ്ട്രീയ തത്ത്വശാസ്ത്രങ്ങളോടുള്ള ഈ അന്ധമായ വിരോധം പക്ഷെ മാധ്യമങ്ങൾക്കു തന്നെ അപകടകരമാണെന്നു ഞാൻ കരുതുന്നു. രാഷ്ട്രീയത്തോടും രാഷ്ട്രീയ പ്രക്രിയയോടുമുള്ള ഒരു നിർമമത്വം മാധ്യമങ്ങളുടെ സ്വഭാവമായി മാറുകയാണ്. ഇതിന്റെ ഭാഗമായി എൻ ജി.ഒകൾക്ക് മാധ്യമങ്ങൾ കൂടുതൽ പ്രാമുഖ്യം നൽകുന്നു. ഇത്തരത്തിൽ പൊളിറ്റിക്കൽ സ്പേയ്സിലേക്ക് എൻ ജി ഒ.കൾ കടന്നു വരുന്നത് ആശാസ്യമായ പ്രവണതയല്ല: ജനാധിപത്യത്തെ അതു ദുർബലപ്പെടുത്താനേ ഉതകൂ. എൻ ജി ഒ.കളുടെ സാമൂഹിക ഉത്തരവാദിത്വം ആരോടാണ്? അവർക്ക് ആരിൽ നിന്നാണ് മാൻഡേറ്റ് ലഭിക്കുന്നത്; എത്രത്തോളം ജനാധിപത്യപരമാണ് അവ എന്നതൊക്കെ ഇവിടെ ഉയർന്നു വരുന്ന ചോദ്യമാണ്. ഇത് സൃഷ്ടിക്കുന്ന മറ്റൊരു പ്രവണതയെക്കുറിച്ചും പരാമർശിക്കേണ്ടതുണ്ട്. മാധ്യമങ്ങളുടെ പ്രസക്തിയും കരുത്തും തിരിച്ചറിയുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അവയുടെ ഈ സെക്ടേറിയൻ സമീപനത്തെ മറികടക്കാൻ ബദൽ വഴികൾ അന്വേഷിച്ചു തുടങ്ങിയിരിക്കുന്നു. സ്വന്തം വാർത്താ മാധ്യമങ്ങൾ സൃഷ്ടിക്കുക എന്നതാണ് അതിലൊരു പ്രധാന വഴി. മാധ്യമരംഗത്തെ ഒരു തരം "പൊളിറ്റിക്കൽ കാപ്പിറ്റലിസം" ശക്തമാവുകയാണ്. കൂടുതൽ കൂടുതൽ ചാനലുകളും പത്രങ്ങളും രാഷ്ട്രീയ പാർട്ടികളുടെ ഉടമസ്ഥതയിൽ നടത്തപ്പെടുന്നു. ഇക്കഴിഞ്ഞ രണ്ടു വർഷങ്ങളിലെ കണക്കെടുത്താൽ ഏറ്റവും കൂടുതൽ വാർത്താ ചാനലുകൾ തുടങ്ങിയിട്ടുള്ളത് വ്യാപാര കുടുംബങ്ങളല്ല, മറിച്ച് രാഷ്ട്രീയ പാർട്ടികളാണെന്നു കാണാം. ആന്ധ്രയിൽ തെലുങ്കു ദേശവും, കോൺഗ്രസും ഒരു ചാനൽ തുടങ്ങുന്നു. കർണാടകത്തിൽ കോൺഗ്രസും ബി.ജെ.പി യും ഓരോന്നു തുടങ്ങുകയാണ്. തമിഴ്നാട്ടിൽ കോൺഗ്രസ് തന്നെ മൂന്നു ചാനലുകളാണ് തുടങ്ങാൻ പോകുന്നത്. കേരളത്തിൽ സിപിഎമ്മിന് പ്രാമുഖ്യമുള്ള കൈരളി ചാനലും കോൺഗ്രസിന്റെ ജയ്ഹിന്ദ് ചാനലുമുണ്ട്. ഗുജറാത്തിലും ഇതുതന്നെ സ്ഥിതി. നാട്ടിൽ എന്തു സംഭവിക്കുന്നു എന്നതു കണക്കിലെടുക്കാതെ സ്വന്തം കാര്യങ്ങൾ നിശ്ചയിക്കാനും മുന്നോട്ടു നീക്കാനും മാധ്യമങ്ങൾക്ക് കഴിയുന്നുവെന്ന് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ തിരിച്ചറിഞ്ഞതു കൊണ്ടാണിത്. ഇത്രയധികം ചാനലുകൾ നിലനിൽക്കുമോ എന്നു നാം സംശയിച്ചേക്കാം. പക്ഷേ നിലനിൽക്കുമെന്നാണ് കാലം തെളിയിക്കുന്നത്. നാലു ചാനലുകൾ വന്നപ്പോൾ അതിൽ രണ്ടെണ്ണമെങ്കിലും തകരുമെന്ന് ആളുകൾ കരുതി. തകർന്നില്ലെന്നുമാത്രമല്ല, പത്തു വന്നു, പതിനഞ്ചു വന്നു. ഇന്നിപ്പോൾ ഇന്ത്യയിൽ 200 ചാനലുകളായിരിക്കുന്നു. ലോകത്തിൽ ഏറ്റവും കൂടുതൽ വാർത്താചാനലുകളുള്ള നാടായി– ഒടുവിലെ കണക്കുപ്രകാരം 47 എണ്ണം– ഇന്ത്യ മാറിയിരിക്കുന്നു. ഒന്നും തകർന്നില്ല. ഇവയെല്ലാം പരസ്യങ്ങൾ കൊണ്ടു മാത്രമല്ല നിലനിൽക്കുന്നത് എന്നതാണ് അതിനു കാരണം. വിവിധ ലോബികൾ, പൊതുതാത്പര്യപ്രസ്ഥാനങ്ങൾ, എൻ.ജി.ഒകൾ, അഭ്യുദയകാംക്ഷികൾ, രാഷ്ട്രീയ പാർട്ടികൾ തുടങ്ങി പലതുമാണ് അവയ്ക്ക് സാമ്പത്തികസഹായം നൽകുന്നത്.

## ഒളി ക്യാമറകളുടെ നൈതികത

'സ്റ്റിങ് ജേർണലിസ'മാണ് മാധ്യമ രംഗത്തെ പ്രധാനപ്പെട്ട മറ്റൊരു സംഭവ വികാസം. നരേന്ദ്രമോഡിയുടെ ഗുജറാത്തിൽ 'തെഹൽക' ചെയ്തത് തന്നെ മികച്ച ഉദാഹരണം. ധാർമികമായി ഇത് ന്യായീകരിക്കത്തക്കതാണോ എന്ന ചോദ്യം ഇവിടെ ഉയരുന്നുണ്ട്. പലർക്കും പല വീക്ഷണമുണ്ടാകാം. എന്നാൽ പൊതുജനമറിയേണ്ട ഒരു രഹസ്യവസ്തുത വെളിപ്പെടുത്താൻ അതിനു കഴിയുമെങ്കിൽ ഒളിക്യാമറകൾ ന്യായീകരിക്കത്തക്കതാണെന്നാണ് എന്റെ പക്ഷം. വളരെ വിദഗ്ദ്ധമായി പൊതുജനമറിയേണ്ട സത്യം പുറത്തുകൊണ്ടുവരുവാൻ ഗുജറാത്തിൽ 'തെഹൽക' യ്ക്കു കഴിഞ്ഞു. അതുതന്നെ അതിനുള്ള ന്യായീകരണം. എന്നാൽ ഇത്തരം അന്വേഷണാത്മക റിപ്പോർട്ടുകളുടെ നൈതികതയെ കുറിച്ച് ഉയരുന്ന പ്രധാനപ്പെട്ട ഒരു ചോദ്യം അവ പ്രസിദ്ധീകരിക്കുന്ന സമയമാണ്. പുറത്തുകൊണ്ടുവരുന്ന വാർത്ത സത്യമാണെങ്കിൽ അത് ഏതു സമയത്തും പ്രസിദ്ധപ്പെടുത്താമെന്നതാണ് എന്റെ പക്ഷം. എന്നു മാത്രവുമല്ല, ഒരു സുപ്രധാന വാർത്ത രാഷ്ട്രീയമായി ഏറ്റവും ഉചിതമായ സമയത്ത് പുറത്തുകൊണ്ടുവരുന്നതിന് എന്താണ് തെറ്റ്? 'അവസരവാദപരം' എന്നതു വിമർശിക്കപ്പെട്ടേക്കാം. എന്നാൽ ഒരു വാർത്താലേഖകന് തന്റെ സ്റ്റോറിക്ക് ഏറ്റവും നല്ല ഫലമുണ്ടാകുന്ന സമയം തെരഞ്ഞെടുക്കുന്നതിൽ എന്താണ് തെറ്റ്? ഗാന്ധിജി പോലും ഉചിതമായ സമയവും ഉചിതമായ മാധ്യമവും തെരഞ്ഞെടുക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. അതിലൊരു തെറ്റും അദ്ദേഹം കണ്ടിരുന്നില്ല. ദണ്ഡിമാർച്ചിന്റെ സമയത്ത് അദ്ദേഹം എ.പി. കാമറാമാനെ കാത്ത് വാർത്താ സമ്മേളനം വൈകിപ്പിച്ചിട്ടുള്ള കഥ കേട്ടിട്ടുണ്ട്. റോബിൻ യങ് *ഗാന്ധി ആൻഡ് മീഡിയ* എന്ന പുസ്തകത്തിൽ ഗാന്ധിജിയുടെ മാധ്യമങ്ങളോടുള്ള സമീപനവും ഇടപെടലുകളും മനോഹരമായി വിശകലനം ചെയ്യുന്നുണ്ട്. വിദേശ മാധ്യമങ്ങൾ വരാനായി ഗാന്ധിജി എപ്പോഴും കാത്തിരിക്കാറുണ്ടത്രെ. ബ്രിട്ടീഷുകാർക്കെതിരെ പോരാടുന്ന അങ്ങ് എന്തിനാണ് ബ്രിട്ടീഷ് മാധ്യമങ്ങളെ കാത്തിരിക്കുന്നത് എന്നു ചോദിച്ചപ്പോൾ 'ഇവിടെ എന്തുനടക്കുന്നുവെന്ന് ഇന്ത്യാക്കാരറിയുന്നതിനെക്കാൾ ബ്രിട്ടീഷുകാർ അറിയണമെന്നാഗ്രഹിക്കുന്നതുകൊണ്ടെന്നായിരുന്നു' അദ്ദേഹത്തിന്റെ മറുപടി. അതുകൊണ്ടുതന്നെ സ്റ്റിങ് ജേണലിസത്തിലെ വെളിപ്പെടുത്തലുകൾക്ക് ഉചിതമായ സമയം തിരഞ്ഞെടുക്കുന്നതിൽ ഒരു തെറ്റും ഞാൻ കാണുന്നില്ല.

## പബ്ലിഷർ Vs എഡിറ്റർ

ഇന്ത്യൻ മാധ്യമമേഖലയിൽ നിലനിൽക്കുന്ന പബ്ലിഷർ Vs എഡിറ്റർ പ്രശ്നമാണ് മറ്റൊന്ന്. പ്രൊഫഷണൽ പബ്ലിഷർ എന്നതു പൊതുവെ ഇന്ത്യയിൽ ഇല്ലാത്തൊരു വിഭാഗമാണ്. എന്നാൽ ഇന്നിപ്പോൾ പ്രൊഫഷണൽ എഡിറ്റർമാരും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇപ്പോൾ പല മാധ്യമങ്ങളിലും എഡിറ്റർ അതിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കൂടിയാണ് – പ്രത്യേകിച്ചും ഇംഗ്ലീഷ് പത്രങ്ങളുടെ കാര്യത്തിൽ. എല്ലാ എഡിറ്റർമാരോടും പത്രത്തിന്റെ സാമ്പത്തിക നിലനിൽപുകൂടി നോക്കാൻ ആവശ്യപ്പെടുകയാണ്. ലിബറലൈസേഷന്റെ ഒരു പ്രശ്നമാണിത്. പ്രധാനമന്ത്രിയെപ്പോലും സി.ഇ.ഒ എന്നു വിശേഷിപ്പിക്കപ്പെടുന്ന കാലം. ഉദാരവത്കരണ ശക്തികളെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു രാഷ്ട്രത്തെയല്ല; ഒരു വലിയ 'കമ്പനി'യെയാണ് നയിക്കുന്നത്. പത്രങ്ങളിലും സ്ഥിതി ഇതാവുന്നു. ഫലമോ മാർക്കറ്റിങ്ങും എഡിറ്റോറിയലും എന്ന വിഭജനം ഇല്ലാതാവുന്നു. വംശനാശം വന്ന ഒരു ജീവിയായി എഡിറ്റർമാർ മാറുകയാണ്.

## സമൂഹം തിരുത്തൽ ശക്തിയാവണം

ചുരുക്കത്തിൽ, സാങ്കേതികവിദ്യയുടെ മുന്നേറ്റം ഒരു ഭാഗത്ത് പൊതുജനങ്ങളുടെ കൂടുതൽ കൂടുതൽ പങ്കാളിത്തവും ഇടപെടലുകളും സൃഷ്ടിക്കാൻ പര്യാപ്തമാവുമ്പോൾ മറുഭാഗത്ത് മാധ്യമമേഖലയിലെ വ്യാപാരവത്കരണത്തെ സഹായിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ഇന്ന് സംജാതമായിരിക്കുന്നത്. ഗുണദോഷസമ്മിശ്രമായ ഈ സങ്കീർണസാഹചര്യത്തിൽ കരണീയമായിട്ടുള്ളത് ഒന്നേയുള്ളു. വായനക്കാരും പ്രേക്ഷകരും ഈ അവസ്ഥകളെപ്പറ്റിയും സ്വന്തം അവകാശങ്ങളെപ്പറ്റിയും കൂടുതൽ കൂടുതൽ തിരിച്ചറിയുക എന്നതാണത്. ജനാധിപത്യ സമൂഹത്തിൽ കടമകൾ നിർവഹിക്കാത്ത മറ്റ് സ്ഥാപനങ്ങളെ ചോദ്യം ചെയ്യാൻ നമുക്കവകാശമുള്ളതുപോലെ മാധ്യമങ്ങളെയും നിശിതവിമർശനത്തിനു വിധേയമാക്കുക. അല്ലെങ്കിൽ കമ്പോളത്തിന്റെ യുക്തിയെങ്കിലും പ്രയോഗിക്കുക. കമ്പോളത്തിൽ നമുക്ക് ഇഷ്ടമില്ലാത്ത ഒരു ഉത്പന്നം നാം വാങ്ങാൻ മടിക്കുന്നതു പോലെ തന്നെ വരിക്കാരെ വെറും ഉപഭോക്താക്കളായും മാധ്യമത്തെ ഉത്പന്നമായും കാണുന്ന സമകാലീന പ്രവണതയെ അതേ നാണയത്തിൽ തിരിച്ചടിക്കാൻ കഴിയും. നമുക്കില്ലാത്തതു വിഴുങ്ങാൻ തയ്യാറാകാതെ ആ ഉത്പന്നം തിരസ്കരിക്കുമെന്ന് ഉറച്ച തീരുമാനമെടുക്കുക. സമൂഹത്തിന്റെ പൊതുമണ്ഡലത്തെയും അതിനു മാധ്യമങ്ങളുമായുള്ള കൊടുക്കൽ വാങ്ങലുകളെയും കൂടുതൽ ഫലപ്രദമായി സംഘടിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പൗരസമൂഹം തന്നെ മുന്നിട്ടിറങ്ങേണ്ടതുണ്ട്.■

*മാധ്യമദിനത്തോടനുബന്ധിച്ച് ഐ&പി. ആർ.ഡി സംഘടിപ്പിച്ച സെമിനാറിൽ ചെന്നൈ ഏഷ്യൻ സ്കൂൾ ഓഫ് ജേർണലിസം ചെയർമാൻ ശശികുമാർ നടത്തിയ പ്രസംഗം. മൊഴിമാറ്റം – പി.എസ്.രാജശേഖരൻ*


വെറും Rs.50 ഈ മാസം കൂടി



ജനപഥം
മാസിക 2008 ജനുവരി 1 മുതൽ കൂടുതൽ പേജുകളും കൂടുതൽ വിഭവങ്ങളുമായി പുറത്തിറങ്ങുന്നു. വിലയും വർധിക്കുന്നു.


**ഒറ്റ പ്രതി വില 8 രൂപ**
**വാർഷിക വരിസംഖ്യ 80 രൂപ**
**5 വർഷത്തേക്ക് 300 രൂപ**

വിലവർദ്ധന നിലവിൽ വരും മുൻപ് പഴയനിരക്കിൽ നിങ്ങളുടെ കോപ്പികൾ ഉറപ്പാക്കുക

**വിലാസം**
ഇൻഫർമേഷൻ ഓഫീസർ
സർക്കുലേഷൻ & ഡിസ്ട്രിബ്യൂഷൻ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില, തിരുവനന്തപുരം-1
**ഫോൺ: 0471-2518866**

ടി.സി. ജോസഫ്

# വേരിൽ കായ്ക്കുന്ന ചക്ക



പഴഞ്ചൊല്ലിൽ പതിരില്ലെന്ന് പണ്ടുമുതൽക്കേ നമുക്കറിയാം. എങ്കിലും വേണമെങ്കിൽ ചക്ക വേരിലും കായ്ക്കുമെന്ന പഴഞ്ചൊല്ല് പൂർണമായി വിശ്വസിക്കാൻ പുതിയ കാലത്തെ അനുഭവങ്ങൾ നമ്മെ പ്രേരിപ്പിക്കുന്നില്ല. പക്ഷേ വാളയാർ ചെക്ക് പോസ്റ്റിൽ വാണിജ്യ നികുതി വകുപ്പ് നടപ്പാക്കിയ 'അഴിമതി രഹിത വാളയാർ ക്യാമ്പയിൻ രണ്ടര മാസം പിന്നിടുമ്പോൾ പഴഞ്ചൊല്ല് പതിരാകാറില്ലെന്ന് വീണ്ടും നാമറിയുന്നു. പദ്ധതിയുടെ ഭാഗമായി നടത്തിയ സോഷ്യൽ ഓഡിറ്റിങ് ഒരു കാര്യം അടിവരയിടുന്നു- ഇച്ഛാശക്തിയുണ്ടെങ്കിൽ അസാധ്യമെന്നു കരുതുന്ന പലതും സാധ്യമാകും.

അഴിമതി ബഹുമതിയാക്കിയിരുന്ന കേരള കവാടത്തിൽ നടത്തിയ ഈ പരീക്ഷണം വാണിജ്യ നികുതി വകുപ്പിൽ മാത്രം ഒതുക്കാതെ ആർ.ടി.ഒ., എക്സൈസ്, ചെക്ക് പോസ്റ്റുകളിലേക്കുക്കൂടി വ്യാപിപ്പിക്കണമെന്ന പരിപാടിയുടെ ഗുണഭോക്താക്കളുടെ ശുപാർശകൾ തന്നെ പരിപാടിയുടെ പ്രാഥമിക വിജയം സാക്ഷ്യപ്പെടുത്തുന്നു.

രാജ്യത്ത് തന്നെ ആദ്യമായി നടക്കുന്ന ഈ പ്രക്രിയയുടെ ജഡ്ജിമാരായി പ്രഗത്ഭരുടെ ഒരു നിരതന്നെ അണിനിരന്നു. മാഗ്സസെ അവാർഡ് ജേതാവ്-പ്രമുഖ സാമൂഹിക പ്രവർത്തക ഡോ. അരുണ റോയി, ഡോ. ബി.ഇക്ബാൽ, കേന്ദ്ര ഗവ. സെക്രട്ടറി രേണുകാ വിശ്വനാഥ്, പ്രൊ.ആർ.വി.ജി.മേനോൻ, പ്രൊഫ. എം.എ.ഉമ്മൻ, മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ജെ.ലളിതാംബിക, മാധ്യമ പ്രവർത്തകയായ ലീലാ മേനോൻ, ഐ.ടി. വിദഗ്ധൻ ജി.വിജയരാഘവൻ എന്നിവരടങ്ങുന്നതായിരുന്നു ജഡ്ജിമാരുടെ പാനൽ. വാണിജ്യനികുതി-ഗതാഗത-എക്സൈസ് വകുപ്പുകളുടെ ഉന്നത ഉദ്യോഗസ്ഥരും സ്റ്റേജിൽ സ്ഥാനം പിടിച്ചിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്ക്, പുതുശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.സുരേഷ്, വ്യാപാരി വ്യവസായി ഏകോപന സമിതി നേതാവ് ടി.നസറുദ്ദീൻ, വ്യപാരി വ്യവസായ സമിതി നേതാവ് അബ്ദുള്ളക്കോയ, വിവിധ സ്ഥാപന മേധാവികളായ ഡോ.എം.കെ.സുകുമാരൻ, സുരേഷ് ജോസഫ്, ചെറുകിട

വ്യവസായ അസോസിയേഷൻ നേതാവ് തുടങ്ങിയവർ ജനപക്ഷത്തുനിന്നും അണി നിരന്നപ്പോൾ എം.എൽ.എ.മാരായ സാജു പോൾ, കെ.എസ്.സലീഖ, മുരളി പെരു നെല്ലി, കെ.രാജു. കെ.വി.അബ്ദുൾ ഖാദർ, എം.ചന്ദ്രൻ തുടങ്ങിയ സബ്ജക്റ്റ് കമ്മിറ്റി യംഗങ്ങളും പ്രൊ: രവീന്ദ്രനാഥ് എം.എൽ.എ.യും സദസ്യരുടെ ഇടയിൽ സ്ഥാനം പിടിച്ചിരുന്നു.

മന്ത്രി ഡോ: തോമസ് ഐസക് കരട് റിപ്പോർട്ട് അവതരിപ്പിച്ചു. വ്യാപാരി-വ്യവ സായി സംഘടനാ ഭാരവാഹികൾ, ലോറി യുടമ സംഘടനാ പ്രതിനിധികൾ, വിവിധ സ്ഥാപന മേധാവികൾ, തിരഞ്ഞെടുക്കപ്പെട്ട ജന പ്രതിനിധികൾ തുടങ്ങിയവർ സമയ ക്ലിപ്തത പാലിച്ച് അഭിപ്രായ-നിർദേശ-വിമർശനങ്ങൾ അവതരിപ്പിച്ചു. ഇതിന്മേൽ ജഡ്ജിമാർ സദസ്യരിൽ നിന്നും പ്രതികര

ചെക്കുപോസ്റ്റിലെ അഴിമതി നിർമാർജനം, ഗതാഗതക്കുരുക്കിലെ കാലതാമസം, കണക്ക് പരിശോധന, പൊതുസൗകര്യങ്ങൾ, ക്രമസമാധാനം, ലഭ്യമായ സേവനങ്ങൾ എന്നിങ്ങനെ വിഷയവിഭജനം നടത്തിയായിരുന്നു ജഡ്ജിമാർ വിശകലനം നടത്തിയത്.

ണങ്ങൾ ആരാഞ്ഞു. ലഭിച്ച പ്രതികരണങ്ങൾ വേർതിരിച്ച് ജഡ്ജിമാർ വിലയിരുത്തി ക്രോഡീകരിച്ചു. ചെക്കുപോസ്റ്റിലെ അഴിമതി നിർമാർജനം, ഗതാഗതക്കുരുക്കിലെ കാലതാമസം, കണക്ക് പരിശോധന, പൊതുസൗകര്യങ്ങൾ, ക്രമസമാധാനം, ലഭ്യമായ സേവനങ്ങൾ എന്നിങ്ങനെ വിഷയവിഭജനം നടത്തിയായിരുന്നു ജഡ്ജിമാർ വിശകലനം നടത്തിയത്. മന്ത്രിയിൽ നിന്നും ഉദ്യോഗസ്ഥരിൽ നിന്നും ജഡ്ജിമാർ വിശദീകരണവും സംശയദൂരീകരണവും വരുത്തിയിരുന്നു.

കരട് റിപ്പോർട്ട്, ചർച്ച, ഔദ്യോഗിക പ്രതികരണം എല്ലാം പരിഗണിച്ച് കൂടുതൽ പ്രതികരണം സ്വീകരിച്ച് സോഷ്യൽ ഓഡിറ്റിങ്ങിന്റെ നിഗമനങ്ങൾ രേഖയാക്കി നൽകും. ഈ രേഖ പ്രസിദ്ധീകരിക്കുന്നതിന് പുറമെ പദ്ധതിയുടെ അടുത്ത ഘട്ടത്തിലെ സോഷ്യൽ ഓഡിറ്റ് മേളയിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രസിദ്ധീകരിക്കുമെന്നും മന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു.

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പാലക്കാട്.*

സ്മരണ

ജിജി പോൾ

നിങ്ങളുടെ മോചനത്തിന് ഏതെങ്കിലുമൊരു വ്യക്തിയെ നിങ്ങൾ ആശ്രയിക്കേണ്ടിവരുന്നതിനെ ഞാൻ ഇഷ്ടപ്പെടുന്നില്ല. നിങ്ങളുടെ മോചനം നിങ്ങളുടെ കൈകളിൽത്തന്നെ, നിങ്ങളുടെ സ്വന്തം പരിശ്രമങ്ങളിലൂടെ ആയിരിക്കണം. എത്രകാലം വൈരുദ്ധ്യങ്ങളുടെ ഈ ജീവിതം നിങ്ങൾക്ക് തുടരാൻ കഴിയും?

## ബാബാസാഹിബ് അംബേദ്കർ

# പതിതരുടെ ആത്മാവ്

ഇന്ത്യയിൽ നിലനിന്നിരുന്ന ജാതിവ്യവസ്ഥിതിയെ പരസ്യമായി വെല്ലുവിളിച്ചുകൊണ്ട് ബ്രാഹ്മണന്റെയും ദളിതന്റെയും രക്തത്തിന്റെ നിറം ചുവപ്പാണെന്ന് ഉറക്കെ പ്രഖ്യാപിച്ച സാമൂഹികപരിഷ്കർത്താവായിരുന്നു ബാബാസാഹിബ് അംബേദ്കർ. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്ന അയിത്തജാതിക്കാർക്ക് കൂലിപോലും ഇല്ലാത്ത ഹീനമായ തൊഴിലുകൾ മാത്രമെ വിധിച്ചിരുന്നുള്ളു. സ്വത്തും വിദ്യാഭ്യാസവും നേടാനോ പൊതുനിരത്തുകളിൽക്കൂടി നടക്കാനോ കുടിവെള്ളം എടുക്കാനോ പോലും അധികാരമുണ്ടായിരുന്നില്ല. ഹിന്ദുമതത്തിൽക്കൂടി താഴ്ന്നവരുടെ മോചനം വിദൂരത്തിലാണെന്ന് മനസ്സിലാക്കിയ അദ്ദേഹം, സ്വന്തം ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന ജാതിവ്യവസ്ഥയുടെ ക്രൂരതകൾ കൂടി താരതമ്യം ചെയ്തുകൊണ്ടാണ് ഹിന്ദുമതം നവീകരിക്കേണ്ട ആവശ്യങ്ങളുമായി ശക്തിയായ സമരങ്ങൾ സംഘടിപ്പിച്ചത്. ഏതൊരു വ്യക്തിയുടെയും ജനിക്കുന്ന ജാതി അവന് വലുതാണ് എന്നും അതിന് ഒരു വിഭജനവും പാടില്ല എന്നുമുള്ള സത്യം ലോകത്തിന് മനസ്സിലാക്കിക്കൊടുത്ത ഒരു പ്രതിഭയായിരുന്നു ഡോക്ടർ അംബേദ്കർ. ഇൻഡ്യയിൽ നിലനിന്നിരുന്ന സവർണ്ണ മേധാവിത്വത്തിനോടും ബ്രിട്ടീഷ് ഭരണാധികാരികളോടും ഹിന്ദുയാഥാസ്ഥിതികത്വത്തോടും പടപൊരുതുകയും അധ:കൃതന്റെ സാമൂഹികമോചനത്തിനുവേണ്ടി സ്വന്തം ജീവൻ തന്നെ സമർപ്പിക്കുകയും ചെയ്ത വ്യക്തിയാണ് ഡോ.അംബേദ്കർ. ഇൻഡ്യയുടെ ആത്മാവ് വസിക്കുന്ന ഗ്രാമങ്ങളിൽ യാതൊരുവിധ പരിഗണനകളും ലഭിക്കാതെ, വേദനയുടെയും നിന്ദകളുടെയും പരിഹാസങ്ങളുടെയും ദുരിതപൂർണ്ണമായ ജീവിതം തള്ളിനീക്കിയ, ജനനം മുതൽ മരണം വരെ സവർണ്ണതമ്പുരാക്കൻമാരുടെ വിടുപണി ചെയ്യാൻ വിധിക്കപ്പെട്ട, മൃഗങ്ങളുടെ ജീവിതത്തെക്കാൾ ശോചനീയമായ രീതിയിൽ താമസിച്ചിരുന്ന, മാറുമറയ്ക്കാൻ അവകാശമില്ലാതിരുന്ന, തെരുവിലൂടെ നടക്കുമ്പോൾ കലം കെട്ടിയിടേണ്ടി വന്ന, പിൻഭാഗത്ത് ചൂല് കെട്ടിയിടേണ്ടി വന്ന, വേദോച്ചാരണം കേട്ടാൽ ചെവിയിൽ ഈയം ഉരുക്കി ഒഴിക്കേണ്ട അവസ്ഥ ഉണ്ടായിരുന്ന ദളിതരുടെ സാമ്പത്തികമായും സാമൂഹികമായും രാഷ്ട്രീയമായും വിദ്യാഭ്യാസപരമായും നിലനിന്ന അവസ്ഥയ്ക്ക് അറുതി വരുത്താൻ ശ്രമിച്ച മഹാപ്രതിഭയാണ് ഡോ. അംബേദ്കർ.

1891 ഏപ്രിൽ 14നാണ് അദ്ദേഹം ജനിച്ചത്. 1900 ൽ സറ്റാറ സ്കൂളിൽ ചേർത്തപ്പോൾ ഭീമാറാവു അംബാവദേകർ എന്നായിരുന്നു ചേർത്തത്. ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ട അംബേദ്കർ എന്ന അദ്ധ്യാപകനാണ് സ്വന്തം കുടുംബപ്പേര് അദ്ദേഹത്തിന് നൽകുകയും ഭീമറാവു അംബേദ്കർ



എന്ന പേരിൽ സ്കൂൾ രജിസ്റ്ററിൽ ചേർക്കുകയും ചെയ്തത്. മിലിറ്ററിയിൽ നിന്ന് പിതാവ് പെൻഷനായശേഷം കൊങ്കൺ മേഖലയിലെ രത്നഗിരിയിൽ ആണ് താമസമാക്കിയത്. വളരെ ചെറുപ്പത്തിൽ ത്തന്നെ മാതാവ് നഷ്ടപ്പെട്ടു.മീരാബായി എന്ന ആന്റി ആയിരുന്നു അദ്ദേഹത്തെ വളർത്തിയത്. 1907 ൽ ബോംബെയിലെ എൽഫിൻസ്റ്റൺ സ്കൂളിൽ നിന്ന് ഇംഗ്ലീഷ് പാസ്സായി. പ്രതികൂല സാഹചര്യങ്ങളെ വെല്ലുവിളിച്ചുകൊണ്ട് അദ്ദേഹം നേടിയ വിജയത്തിൽ ആകൃഷ്ടനായ അദ്ദേഹത്തിന്റെ അദ്ധ്യാപകൻ കെ.എ. കെല്ലസ്കർ ബറോഡാ മഹാരാജാവിന് അദ്ദേഹത്തെ പരിചയപ്പെടുത്തുകയും ഉന്നതപഠനത്തിനു വേണ്ടി മാസം 25 രൂപ മഹാരാജാവ് അനുവദിക്കുകയും ചെയ്തു. 1912 ൽ ബിരുദം സമ്പാദിക്കുകയും ബിരുദാനന്തര ബിരുദത്തിനുവേണ്ടി അമേരിക്കയിലേക്ക് പോവുകയും ചെയ്തു. ഇന്ത്യയിൽ നിലനിന്ന ജാതിവ്യവസ്ഥയുടെ ക്രൂരതകളും അയിത്ത ജാതിക്കാരുടെ വേദനകളും ആണ് ദേശീയോദ്ഗ്രഥനം കൈവരിക്കുന്നതിനും രാജ്യത്തിന്റെ അഖണ്ഡത ഉറപ്പുവരുത്തുന്നതിനും അംബേദ്കറിന് കഴിയാതെ പോയതിന് കാരണം. ഇന്ത്യയുടെ ചരിത്രത്തിൽ ഒരുപാട് മഹാത്മാക്കൾ ഉദയം ചെയ്തിട്ടുണ്ട്. നമ്മൾ ആരാധിക്കുന്ന പല മഹാത്മാക്കളും പാവപ്പെട്ട ജനതയുടെ ഉന്നമനത്തിനു വേണ്ടിയും ദളിതരുടെ ഉയർച്ചയ്ക്ക് വേണ്ടിയും ഒന്നും തന്നെ ചെയ്യുകയുണ്ടായില്ല. മഹാത്മാഗാന്ധി പോലും ചാതുർവർണ്യത്തെയും അതിന്റെ ഉത്പന്നമായ ജാതിസമ്പ്രദായത്തെയും അനുകൂലിക്കുകയാണ് ചെയ്തത്.

"നിങ്ങൾക്ക് നഷ്ടപ്പെട്ടത് മറ്റുള്ളവർക്ക് നേട്ടമായി. നിങ്ങൾ സഹിച്ച അവമതി മറ്റുള്ളവർ അഭിമാനമായി കരുതി. നിങ്ങൾക്ക് നേരിടേണ്ടിവരുന്ന ഇല്ലായ്മകളും ഏകാന്തതയും ഒന്നും ദൈവകല്പിതമായിരുന്നില്ല, മറിച്ച് നിങ്ങളുടെ മുകളിലുള്ളവർ നിങ്ങളോട് കാണിച്ച ക്രൂരതയുടെയും വഞ്ചനയുടെയും ഫലമാണ്. നിങ്ങൾക്ക് ഭൂമിയില്ല, കാരണം മറ്റുള്ളവർ അത് നിങ്ങളിൽ നിന്നും തട്ടിപ്പറിച്ചു. നിങ്ങൾക്ക് സർക്കാർ സർവ്വീസിൽ സ്ഥാനമില്ല. കാരണം മറ്റുള്ളവർ അവിടം അവരുടെ കുത്തകയാക്കി, വിധിയിൽ വിശ്വസിക്കരുത്. നിങ്ങളുടെ ശക്തിയിൽ വിശ്വസിക്കുക." ബോംബെയിലെ മഹദ് മുനിസിപ്പാലിറ്റിക്കുള്ളിൽ ചൗദാർകുളം ദളിതർക്കും ഉപയോഗിക്കാം എന്നായിരുന്നുവെങ്കിലും സവർണ ഹിന്ദുക്കളുടെ എതിർപ്പ് ഭയന്ന് പാവപ്പെട്ടവർ ആരും ഉപയോഗിച്ചിരുന്നില്ല. 1927 മാർച്ചിൽ പതിനായിരങ്ങൾ പങ്കെടുത്ത കൊൽഹാ ജില്ലയിലെ മാർച്ചിൽ അദ്ധ്യക്ഷനായിരുന്നത് അംബേദ്കർ ആയിരുന്നു. തുടർന്ന് ചൗദാർകുളത്തിൽ നിന്ന് ജലമെടുത്ത് ഉപയോഗിക്കുവാനുള്ള അവകാശത്തിനു വേണ്ടി കുളത്തിലേക്ക് മാർച്ച് ചെയ്യുകയും അംബേദ്കർ കുളത്തിൽ നിന്ന് വെള്ളം കോരിക്കുടിച്ച് അവകാശം പുന:സ്ഥാപിക്കുകയും ചെയ്തു. ഈ സംഭവം സവർണരെ രോഷം കൊള്ളിക്കുകയും ദളിതർക്ക് നേരെ പലവിധത്തിലുള്ള ആക്രമണങ്ങൾ ആരംഭിക്കുകയും ചെയ്തു. 1927 ൽ ബോംബെ നിയമസഭയിൽ ചെയ്ത പ്രസംഗത്തിൽ വിദ്യാഭ്യാസത്തിലൂടെ ദളിതരെ ഉയർത്തിക്കൊണ്ടു വരേണ്ട ആവശ്യകതയെപ്പറ്റി പറയുകയുണ്ടായി. 1927 സെപ്റ്റംബർ 11 ന് ദാമോദർഹാളിൽ ദളിതരുടെ ഒരു യോഗം വിളിച്ചുകൂട്ടി സത്യാഗ്രഹം ആരംഭിക്കുന്നതിനും ഹിന്ദുസമുദായത്തിൽ പോരാടിയിരുന്ന കപട വിശ്വാസങ്ങളെ തുറന്നു കാണിക്കന്നതിനുമുള്ള ശ്രമവും

**നിങ്ങൾക്ക് നേരിടേണ്ടി വരുന്ന ഇല്ലായ്മകളും ഏകാന്തതയും ഒന്നും ദൈവകല്പിതമായിരുന്നില്ല, മറിച്ച് നിങ്ങളുടെ മുകളിലുള്ളവർ നിങ്ങളോട് കാണിച്ച ക്രൂരതയുടെയും വഞ്ചനയുടെയും ഫലമാണ്. വിധിയിൽ വിശ്വസിക്കരുത്. നിങ്ങളുടെ ശക്തിയിൽ വിശ്വസിക്കുക.**

ആരംഭിച്ചു. ഹൈന്ദവർ പുകഴ്ത്തുന്ന മനുസ്മൃതി ശൂദ്രരുടെ ശാരീരികവും മാനസികവും സാംസ്കാരികവുമായ അടിമത്തത്തിന്റെ സുവിശേഷമാണെന്ന് പ്രഖ്യാപിച്ചു. പാരമ്പര്യത്തെ ഒഴിവാക്കി, യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രം നൽകുക, ഹൈന്ദവ സമൂഹം ഒരൊറ്റ വർഗമാണെന്ന് പ്രഖ്യാപിക്കുക എന്നീ തീരുമാനങ്ങൾ എടുത്തു. 1927 ഡിസംബർ 25 ന് ജാഥയായി ചൗദാർകുളത്തിനു ചുറ്റും നടന്ന് അദ്ദേഹവും അനുയായികളും കൂടി മനുസ്മൃതിയുടെ പ്രതികൾ അഗ്നിക്കിരയാക്കി. 1928 ഒക്ടോബർ 23 ന് സൈമൺ കമ്മീഷന് തെളിവ് നൽകിക്കൊണ്ട് അദ്ദേഹം പറയുകയുണ്ടായി: ഞങ്ങൾ ഹിന്ദുസമുദായത്തിന്റെ ഭാഗമാണെന്ന് കരുതുവാൻ യാതൊരു നീതീകരണവുമില്ല. അമരാവതി ക്ഷേത്രത്തിൽ ദളിതർ നേടിയെടുത്ത പ്രവേശന വിജയം 1929 ൽ പൂനയിലെ പാർവതി ക്ഷേത്രത്തിലും പ്രാവർത്തികമാക്കുകയുണ്ടായി. ദളിതർക്ക് മാന്യത കൽപ്പിക്കാത്ത ഹിന്ദുസമൂഹത്തോട് ഉണ്ടായ എതിർപ്പ് ആണ് ഇന്ന് കോടാനുകോടി ദളിതർക്ക് ക്ഷേത്രങ്ങളിൽ പ്രവേശനം സാദ്ധ്യമാക്കിയത്. ഹിന്ദുമതത്തിന്റെ മേധാവിത്വവും ബ്രാഹ്മണിസത്തിന്റെ നെറികേടുകളുമാണ് ഹിന്ദുമതത്തിൽ നിന്ന് മാറി ബുദ്ധമതം സ്വീകരിക്കാൻ അദ്ദേഹത്തെ നിർബന്ധിതനാക്കിയത്.

1930 ആഗസ്റ്റിൽ നാഗപ്പൂരിൽ നടന്ന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചുകൊണ്ട് അദ്ദേഹം പറയുകയുണ്ടായി. "സ്വയംഭരണ ഭാരതത്തിൽ രാഷ്ട്രീയാധികാരത്തിന്റെ ചരട് ഉന്നതവർഗങ്ങളിലെ മികച്ച വിദ്യാഭ്യാസവും സാമ്പത്തികശേഷിയുള്ള ഉന്നതൻമാരുടെ കരങ്ങളിലായിരിക്കും. ജീവിതത്തെപ്പോലെതന്നെ രാഷ്ട്രീയവും അവന്റെ പക്ഷത്തായിരിക്കും. ആയതുകൊണ്ട് നമ്മുടെ രാജ്യത്ത് ന്യൂനപക്ഷങ്ങൾക്കും ദുർബലവിഭാഗങ്ങൾക്കും വേണ്ടിയുള്ള രാഷ്ട്രീയ അധികാരത്തിനു വേണ്ടി പൊരുതേണ്ടിയിരിക്കുന്നു." ലണ്ടനിൽ നടന്ന ഒന്നാം വട്ടമേശസമ്മേളനത്തിലും ദളിതരെ അംബേദ്കറാണ് പ്രതിനിധാനം ചെയ്തത്. രണ്ടാം വട്ടമേശസമ്മേളനത്തിൽ ഹിന്ദുസമൂഹത്തിന്റെ വിഭാഗീയത അംഗീകരിക്കാൻ പാടില്ല എന്ന് പറയുകയുണ്ടായി. ഈ സമ്മേളനത്തിലെ ഗാന്ധിജിയുടെ പല അഭിപ്രായങ്ങളോടും അംബേദ്കർ വിയോജിപ്പ് പ്രകടിപ്പിച്ചു. ചാതുർവർണ്യവും ജാതിവ്യവസ്ഥിതിയും അംഗീകരിച്ച മഹാത്മാഗാന്ധി, ദളിതരുടെ കണ്ണുനീരിന് വിലകൽപ്പിക്കാതെ മരണംവരെ ഉപവസിക്കുമെന്ന ഭീഷണിയെ അംബേദ്കർ വെറും ഒരു രാഷ്ട്രീയ അടവായിട്ടാണ് കണ്ടത്. ഉപവാസത്തിന്റെ ഉന്നതിയിൽ ഗാന്ധിജിയുടെ ശബ്ദം പിറുപിറുപ്പിലേയ്ക്ക് ഉയർന്നുകൊണ്ടിരുന്നു. സവർണതമ്പുരാക്കൻമാരുടെ ഭീഷണിയും തുറിച്ചുനോട്ടങ്ങളും ഒന്നും തന്നെ അംബേദ്കറെ ലക്ഷ്യത്തിൽ നിന്ന് മാറ്റാൻ പ്രാപ്തമായിരുന്നില്ല. ഗാന്ധിജിയുടെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടിയാണ്, നിരന്തര സമരഫലമായി നേടിയെടുത്ത സ്വയംനിർണയാവകാശം മാറ്റിവച്ചിട്ട് 1932 സെപ്റ്റംബർ 24 ന് പൂനാ കരാറിൽ ഒപ്പുവച്ചത്.

ഇന്ത്യ സ്വതന്ത്രയായതിനെ തുടർന്ന് ഭരണഘടനയുടെ കരട് തയ്യാറാക്കുവാൻ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലി നിയോഗിച്ച ഏഴംഗക്കമ്മിറ്റിയുടെ ചെയർമാൻ ഡോക്ടർ അംബേദ്കർ ആയിരുന്നു. ഭരണഘടനയുടെ മുഖ്യശില്പി എന്ന അംഗീകാരവും ലഭിക്കുകയുണ്ടായി. ഭരണഘടനയുടെ കരട് രൂപം തയ്യാറാക്കുന്ന ഘട്ടത്തിൽ നടന്ന ചില അന്തർനാടകങ്ങൾക്ക് അംബേദ്കറുടെ ആശയങ്ങളോട് പൂർണമായും നീതി പുലർത്തിയില്ല. 1948 ഒക്ടോബറിൽ ഹിന്ദു കോഡ് ബിൽ അദ്ദേഹം പാർലമെന്റിൽ അവതരിപ്പിച്ചു. ഭരണരംഗത്ത് കൂടി ഇന്ത്യൻ സാമൂഹ്യ വ്യവസ്ഥയിൽ മാറ്റം വരുത്താനാണ് അദ്ദേഹം ശ്രമിച്ചത്. 1951 സെപ്റ്റംബർ 25 ന് അഭിമാനിയായ അംബേദ്കർ മന്ത്രിസ്ഥാനം രാജിവയ്ക്കുകയുണ്ടായി. സ്വപ്നസഞ്ചാരി അല്ലാത്ത അംബേദ്കർക്ക് അപ്രധാനമായ വകുപ്പ് ആണ് നെഹ്റു നൽകിയത്. ദളിതർക്കും പിന്നോക്ക സമുദായങ്ങൾക്കും വേണ്ടി ഒന്നും ചെയ്യാൻ താത്പര്യമില്ലാത്ത സവർണമാടമ്പിമാരുടെ സിംഹാസനങ്ങളിൽ ഒരിക്കലും ഇരിക്കാൻ ആഗ്രഹിക്കാത്ത മഹാത്മാവായിരുന്നു ഡോ. അംബേദ്കർ. ജനിച്ച വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനുവേണ്ടി സ്വയം സമർപ്പിച്ച യോദ്ധാവായിരുന്നു അദ്ദേഹം. സ്വന്തം ഇഷ്ടങ്ങളും താത്പര്യങ്ങളും, പരിഗണിക്കാതെ, പ്രലോഭനങ്ങൾക്കും പ്രചോദനങ്ങൾക്കും അടിപ്പെടാതെ തകർന്നവരുടെയും വിലപിക്കുന്നവന്റെയും രക്ഷകനും ഗുരുവുമായിരുന്നു ബാബാസാഹിബ്. അദ്ദേഹത്തിനു ലഭിച്ച നോട്ടുമാലകളും പണക്കിഴികളും മറ്റു വിലപിടിച്ച സമ്മാനങ്ങളും ഒക്കെ പാവപ്പെട്ട ജനത്തിന്റെ നൻമയ്ക്ക് വേണ്ടിയാണ് ഉപയോഗിച്ചത്. രാജ്യത്തിന്റെ വിഭജനം വർഷങ്ങൾക്ക് മുമ്പ് പ്രവചിച്ച മഹാത്മാവ് കൂടിയായിരുന്നു അദ്ദേഹം.

> സ്വയം നേതാവാകുവാനോ സംഘടന ഉണ്ടാക്കുവാനോ വ്യക്തിതാത്പര്യങ്ങൾ നേടിയെടുക്കാനോ ഒന്നും അല്ല ബാബാസാഹിബ് ദളിത് വർഗങ്ങളെ സംഘടിപ്പിച്ചത്വിശ്രമം എന്തെന്നറിയാതെ തന്റെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച് നേതാവ് ഉപദേശിച്ചത് ഇപ്രകാരമായിരുന്നു. നേതൃത്വത്തിനും പദവിക്കും വേണ്ടി ഒരിക്കലും തമ്മിലടിക്കരുത്.

അദ്ദേഹത്തിന്റെ ജീവിതം ആദ്യം മുതൽ അവസാനം വരെയും കയ്പേറിയ അനുഭവങ്ങൾ നിറഞ്ഞതായിരുന്നു. ഡോക്ടർ അംബേദ്കർ വജ്രജൂബിലി കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 1954 ഒക്ടോബർ 28 നു മഹാരാഷ്ട്രയിലെ നയിഗാവോൺ എന്ന സ്ഥലത്തു ചേർന്ന മഹായോഗത്തിൽ 25,000 ൽ പരം ആളുകൾ പങ്കെടുക്കുകയുണ്ടായി. മനുഷ്യനു വേണ്ടതെല്ലാം ഈശ്വരൻ നൽകുമെന്ന മതചിന്താഗതിയെ അദ്ദേഹം എതിർത്തു. നീതിനിഷേധിക്കുന്ന വേദങ്ങളും നീതിശാസ്ത്രങ്ങളും ഒക്കെ തകരുക തന്നെ വേണം. ജാതി നശീകരണത്തിലൂടെ മാത്രമെ ഐക്യവും സ്നേഹവും ഉണ്ടാകൂ. സ്വയം നേതാവാകുവാനോ സംഘടന ഉണ്ടാക്കുവാനോ വ്യക്തിതാത്പര്യങ്ങൾ നേടിയെടുക്കാനോ ഒന്നും അല്ല ബാബാസാഹിബ് ദളിത് വർഗങ്ങളെ സംഘടിപ്പിച്ചത്. ജാതീയ വേർതിരിവുകൾക്കും അയിത്തത്തിനും നെറികേടുകൾക്കും എതിരായി പ്രതികരിക്കാനാണ് ശ്രമിച്ചത്. ഒരു പ്രവൃത്തിയുടെ ഫലം മാർഗത്തെ മാത്രമല്ല, അത് നിർണയിക്കുന്ന ന്യായങ്ങളെയും ആശ്രയിച്ചിരിക്കുന്നു. സത്യം എപ്പോഴും ജയിക്കുന്നു. ലക്ഷ്യം ശുദ്ധമാണെങ്കിൽ ഹിംസയോ അഹിംസയോ പ്രയോഗിച്ചാലും തെറ്റില്ല. 1990 ഏപ്രിൽ 14 ന് പ്രസിഡന്റ് ശ്രീ. വെങ്കിട്ടരാമൻ ബാബാസാഹിബിന് ഭാരതരത്ന നൽകി ആദരിച്ചു. വിശ്രമം എന്തെന്നറിയാതെ തന്റെ ജനങ്ങൾക്കുവേണ്ടി പ്രവർത്തിച്ച് നേതാവ് ഉപദേശിച്ചത് ഇപ്രകാരമായിരുന്നു. "നേതൃത്വത്തിനും പദവിക്കും വേണ്ടി ഒരിക്കലും തമ്മിലടിക്കരുത്." 1956 ഡിസംബർ അഞ്ചിന് രാത്രി ഉറങ്ങാൻ കിടക്കുന്നതിന് മുമ്പായി ബുദ്ധനും അദ്ദേഹത്തിന്റെ മതവും എന്നഗ്രന്ഥത്തിന് ആമുഖം പൂർത്തിയാക്കാൻ താത്പര്യമുണ്ടെന്ന് സെക്രട്ടറിയോട് പറയുകയുണ്ടായി. എന്നാൽ അന്ന് രാത്രി തന്നെ അദ്ദേഹത്തിന്റെ ആത്മാവ് ഇന്ത്യയെ വിട്ട് പറന്നുപോയി. അദ്ദേഹത്തിന്റെ മൃതദേഹം കാണാൻ അഞ്ചുലക്ഷത്തോളം ജനങ്ങളാണ് ബോംബെയിലെത്തിയത്. മറ്റാരുമായി താരതമ്യം ചെയ്യാൻ പറ്റാത്ത നേതാവാണ് ബാബാസാഹിബ്. നമ്മുടെ പാർലമെന്റിൽ 1990 ഏപ്രിൽ 11ന് അദ്ദേഹത്തിന്റെ ഒരു ചിത്രം സ്ഥാപിക്കുകയുണ്ടായി. മനുഷ്യൻ ഉള്ള കാലത്തോളം അംബേദ്കർ ഓർമിക്കപ്പെടുകതന്നെ ചെയ്യും.■

*പെരിങ്ങമ്മല ഇക്ബാൽ കോളേജ് രാഷ്ട്രതന്ത്ര വിഭാഗം അധ്യാപകനാണ് ലേഖകൻ.*

കൈനകരി ഷാജി

# മനുഷ്യാവകാശങ്ങളെ മാനിക്കുക

അതിവിശാലമായ ഈ ഭൂമിയിൽ ജീവിക്കുന്ന ഓരോ വ്യക്തിക്കുമുണ്ട് ജന്മനാ ലഭിച്ച ചില അവകാശങ്ങൾ. അവയാണ് മനുഷ്യാവകാശങ്ങൾ. മനുഷ്യാവകാശങ്ങളെക്കുറിച്ച് അറിയുന്നതിനും അവ എല്ലാവർക്കും ലഭ്യമാക്കുന്നതിനും വേണ്ടി പ്രവർത്തിക്കേണ്ടത് മനുഷ്യസ്നേഹികളുടെ അനുപേക്ഷണീയമായ കടമയാണ്.

"എല്ലാ മനുഷ്യരും സ്വതന്ത്രരായി ജനിക്കുകയും പദവിയിലും അവകാശങ്ങളിലും തുല്യത പുലർത്തുകയും ചെയ്യുന്നു. ധിഷണയും മനസ്സാക്ഷിയും കൊണ്ട് അനുഗൃഹീതരും പരസ്പരസാഹോദര്യം പുലർത്താൻ നിർബന്ധിതരുമാണ് അവർ"– ആഗോള മനുഷ്യാവകാശപ്രഖ്യാപനത്തിൽ പറയുന്നു. മനുഷ്യാവകാശത്തെക്കുറിച്ചുള്ള ചിന്തകൾക്കും സങ്കല്പങ്ങൾക്കും ഏറെ പഴക്കമുണ്ട്. 1215–ൽ ഒപ്പുവച്ച 'മാഗ്നാകാർട്ട' യാണ് മനുഷ്യാവകാശസംബന്ധിയായ ആദ്യത്തെ രേഖയെന്ന് ചരിത്രവിശാരദർ പറയുന്നു. നാസിസവും ഫാസിസവും ഏകാധിപത്യവും സമഗ്രാധിപത്യസിദ്ധാന്തങ്ങളുമൊക്കെ മനുഷ്യാവകാശ സംരക്ഷണത്തിലേയ്ക്ക് ലോകശ്രദ്ധ തിരിയാൻ കാരണമായി. 1945 ജൂൺ 25ന് അംഗീകരിക്കപ്പെട്ട യു. എൻ. ചാർട്ടർ ആണ് ഇതു സംബന്ധിച്ച ആഗോളരേഖ. ഐക്യരാഷ്ട്രങ്ങളിലെ ജനങ്ങൾ മനുഷ്യരുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങളിലും സ്ത്രീ–പുരുഷ അവകാശസമത്വത്തിലും വ്യക്തിമഹിമയിലും ദൃഢവിശ്വാസം പ്രഖ്യാപിക്കുന്നതായി യു.എൻ. ചാർട്ടറിന്റെ ആമുഖത്തിൽ പറയുന്നുണ്ട്. യു.എൻ. ചാർട്ടറിന്റെ അന്തസ്സത്തയ്ക്ക് ഇണങ്ങുന്ന വിധത്തിലാണ് ഐക്യരാഷ്ട്ര പൊതുസഭ 1948 ഡിസംബർ 10ന് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചത്. ചരിത്രത്തിലെ ഒരു മഹാസംഭവമായി വേണം അതിനെ കണക്കാക്കാൻ.

സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം ലോകജനതയുടെ ചിരകാലാഭിലാഷങ്ങൾ പ്രതിഫലിപ്പിക്കുന്നു. ലോകസമാധാനം, സ്വാതന്ത്ര്യം, സാമൂഹികനീതി എന്നിവയ്ക്കാണ് മനുഷ്യാവകാശപ്രഖ്യാപനം ഊന്നൽ നല്കുന്നത്. അന്താരാഷ്ട്ര മനുഷ്യാവകാശ ഉടമ്പടികൾക്ക് പ്രാബല്യമുണ്ടായതോടെ മനുഷ്യാവകാശങ്ങൾ ആദർശതലത്തിൽ നിന്ന് പ്രായോഗികതലത്തിലെത്തി. അവ നിയതമായ നിയമങ്ങളായി. മനുഷ്യാവകാശ ലംഘനങ്ങൾ ഉണ്ടായാൽ പ്രതിവിധികൾ കണ്ടെത്താമെന്ന് വന്നതോടെ സ്വാതന്ത്ര്യസങ്കല്പങ്ങൾ അർത്ഥപൂർണങ്ങളായി. 1979 മാർച്ച് 27 ന് ഇന്ത്യാഗവൺമെന്റ് ഉടമ്പടികൾക്ക് സ്ഥിരീകരണം നല്കുകയും മനുഷ്യാവകാശസംരക്ഷണത്തിന്റെ നിയമപരമായ ബാധ്യത ഏറ്റെടുക്കുകയും ചെയ്തു.

ലോകത്തിലെ മികച്ച ഭരണഘടനകളിൽ ഒന്നാണ് ഇന്ത്യയുടേത്. അതി പ്രഗത്ഭ ധിഷണാശാലികൾ സുദീർഘവിചിന്തനങ്ങൾക്ക് ശേഷം ജനാധിപത്യത്തിന്റെ സുസ്ഥിതി ഉറപ്പുവരുത്തുക എന്ന വലിയ ലക്ഷ്യത്തോടെ രൂപം നല്കിയ ഇന്ത്യൻ ഭരണഘടനയുടെ മൗലികാവകാശങ്ങൾ, മാർഗനിർദേശകതത്ത്വങ്ങൾ എന്നീ അധ്യായങ്ങളിൽ ഒട്ടുമിക്ക മനുഷ്യാവകാശങ്ങൾക്കും സംരക്ഷണം നല്കുന്നതായി കാണാം. കേന്ദ്രഭരണകൂടം നിർമിച്ച മനുഷ്യാവകാശ സംരക്ഷണനിയമം പ്രാബല്യത്തിൽ വന്നത് 1993 സെപ്തംബർ 28 ന് ആയിരുന്നു. ഇതേത്തുടർന്ന് ദേശീയ, സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകളും മനുഷ്യാവകാശ കോടതികളും ഉണ്ടായി. മനുഷ്യാവകാശ സംരക്ഷണപ്രക്രിയയിൽ ഇവ സുപ്രധാന പങ്ക് വഹിക്കുന്നു.

> മനുഷ്യരുടെ അടിസ്ഥാന സ്വാതന്ത്ര്യങ്ങളിലും സ്ത്രീപുരുഷ സമത്വത്തിലും വ്യക്തിമഹിമയിലും ദൃഢവിശ്വാസം പ്രഖ്യാപിക്കുന്ന യു.എൻ. ചാർട്ടർ അനുസരിച്ചാണ് ഐക്യരാഷ്ട്രസഭ 1948 ഡിസംബർ 10 ന് സാർവദേശീയ മനുഷ്യാവകാശ പ്രഖ്യാപനം അംഗീകരിച്ചത്.

വിദ്യാഭ്യാസപരമായും സാമ്പത്തികമായും സാംസ്കാരികമായും മനുഷ്യരാശി ഏറെ പുരോഗമിച്ചെങ്കിലും എല്ലാ രാജ്യങ്ങളിലും മനുഷ്യാവകാശ ധ്വംസനങ്ങൾ ഉണ്ടാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. ഇത് മനുഷ്യസ്നേഹികളെ ഏറെ ദുഃഖിപ്പിക്കുന്നു. വനിതകളുടെയും കുട്ടികളുടെയും അവകാശങ്ങൾ പല തരത്തിൽ ലംഘിക്കപ്പെടുന്നു. സ്ത്രീകളെ പീഡിപ്പിക്കുന്നതിന് സഹായകമായ സാഹചര്യങ്ങൾ നിലനിൽക്കുന്നു. മനുഷ്യസ്നേഹികളും മനുഷ്യാവകാശ സംരക്ഷണ പ്രവർത്തകരും നിതാന്ത ജാഗ്രത പ്രകടിപ്പിച്ചെങ്കിലേ പ്രത്യക്ഷവും പരോക്ഷവുമായ മനുഷ്യാവകാശ ധ്വംസനങ്ങളെ ഫലപ്രദമായി തടയാൻ കഴിയൂ. ചൂഷണത്തിനും ദൂഷണത്തിനും വാണിഭത്തിനും വ്യഭിചാരത്തിനും കുട്ടികളെ വിധേയരാക്കുന്നതും അവരെ നിഷ്കരുണം കൊല്ലുന്നതും ഒഴിവാക്കണമെന്ന് 1993–ൽ വിയന്നാ പ്രഖ്യാപനത്തിലൂടെ യുണൈറ്റഡ് നേഷൻസ് ഓർഗനൈസേഷൻ ഉദ്ബോധിപ്പിച്ചിരുന്നു.

1924–ലാണ് ലീഗ് ഓഫ് നേഷൻസ് കുട്ടികളുടെ അവകാശപ്രഖ്യാപനത്തിന് അംഗീകാരം നല്കിയത്. കായികവും മാനസികവുമായ വളർച്ചയ്ക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക, ഔഷധവും പരിചരണവും ലഭ്യമാക്കുക, ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടക്കുമ്പോൾ മുൻഗണന നല്കുക, നൈസർഗിക വാസനകൾ പരിപോഷിപ്പിക്കാൻ പരമാവധി അവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ആഹ്വാനങ്ങൾ കുട്ടികളുടെ അവകാശ പ്രഖ്യാപനത്തിലുണ്ട്. അവ പ്രാവർത്തികമാക്കാൻ ആത്മാർത്ഥമായ ശ്രമങ്ങൾ എല്ലാ തലത്തിലും തുടരുമെന്ന് പ്രത്യാശിക്കാം.

മനുഷ്യാവകാശ നിയമങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നവർക്ക് ചാലകശക്തിയാകേണ്ടത് നിർവ്യാജമായ സ്നേഹമാണ്. ഇക്കാര്യത്തിൽ വളരെ വിശാലമായ വീക്ഷണം ഉണ്ടാകണം. ലോകത്തിന്റെ ഏതു കോണിൽ മനുഷ്യാവകാശ ധ്വംസനം ഉണ്ടായാലും അതിനെതിരെ ശക്തമായി പ്രതികരിക്കാൻ ലോകജനതയ്ക്ക് കഴിയണം. സങ്കുചിതചിന്തകൾ അതിന് വിഘാതമാകരുത്.

"*ആരുടെ കാലിൽത്തറയ്ക്കുന്ന മുള്ളുമെ–*
*ന്നാത്മാവിനെ കുത്തി നോവിയ്ക്കുന്നു*"

എന്ന കവിവാക്യത്തിൽ നിറഞ്ഞു തുളുമ്പുന്ന സ്നേഹം ഉൾക്കൊള്ളാൻ മനുഷ്യാവകാശ സംരക്ഷകർക്ക് കഴിയണം. അപ്പോൾ മാത്രമേ മനുഷ്യാവകാശങ്ങൾ നിലനില്ക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്ന ഒരു ലോകക്രമം ഉണ്ടാകൂ. മനുഷ്യാവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള ലോകകൂട്ടായ്മയിൽ ഇന്ത്യയുടെ സ്വരം എപ്പോഴും ശ്രദ്ധിക്കപ്പെടാറുണ്ട്. മാനവികമൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന മഹത്തായ ഒരു സംസ്കൃതിയുടെ പിൻബലം ഭാരതത്തിനുണ്ടെന്ന് അഭിമാനത്തോടെ ഓർക്കാം. സാമൂഹിക നീതിക്ക് മുൻതൂക്കമുള്ള ഒരു വ്യവസ്ഥിതി ഉണ്ടായിക്കാണാൻ ആഗ്രഹിക്കുന്നവർക്ക് മനുഷ്യാവകാശസംരക്ഷണ മഹായജ്ഞത്തിൽ നിന്ന് മാറിനില്ക്കാനാവില്ല.■

ഡോ. പി. കൃഷ്ണൻ



# ആരോഗ്യത്തിന് നാരുള്ള ഭക്ഷണം

ഭക്ഷ്യനാരുകളെക്കുറിച്ച് ലോകവ്യാപകമായി പുതിയ അവബോധം വന്നുകൊണ്ടിരിക്കുകയാണിപ്പോൾ. വിപണിയിൽ വലിയൊരു ശതമാനം പുസ്തകങ്ങളും ഈ ഗണത്തിൽ വില്പനയ്ക്കെത്തുന്നുണ്ട്. കൂടാതെ അവയുടെ സവിശേഷതയും പ്രാധാന്യവും വിശദമാക്കുന്ന പരസ്യങ്ങളും ഉത്പന്നങ്ങളും ലഭ്യമാണിന്ന്.

നമ്മുടെ ഭക്ഷ്യവിഭവങ്ങളിൽ ദഹനപ്രക്രിയ്ക്ക് വിധേയമാകാത്ത സസ്യഭാഗങ്ങളാണ് ഭക്ഷ്യനാരുകൾ. സെല്ലുലോസ്, ലിഗ്നിൻ, പെക്ടിൻ, ഹെമി സെല്ലുലോസ് എന്നിവയാണ് പ്രധാനപ്പെട്ട നാരുകൾ. ഭക്ഷണത്തിലൂടെ സസ്യനാരുകൾ ഏറ്റവും കുറച്ച് ഉപയോഗപ്പെടുത്തുന്നവരാണ് ധ്രുവപ്രദേശത്തെ എസ്കിമോകൾ. വികസിത രാജ്യങ്ങളിൽ ഫാസ്റ്റ്ഫുഡ് സംസ്കാരം വ്യാപിച്ചതോടെ നാരുകളടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം കുറഞ്ഞിട്ടുണ്ട്.

നാം കഴിക്കുന്ന വിഭവങ്ങളിലെ പ്രോട്ടീൻ, കൊഴുപ്പ് എന്നിവ ദഹിച്ച് ആഗിരണം ചെയ്യുമ്പോൾ നാരുകളടങ്ങിയ ഭക്ഷണത്തിന്റെ2 മുതൽ 20 ശതമാനം വരെ ആഗിരണം ചെയ്യപ്പെടുന്നില്ല. പ്രതിദിനം ഏകദേശം 70 ഗ്രാമിനടുത്തുവരുന്ന ഈ നാരുകളെ ദഹിപ്പിക്കുവാൻ നമ്മുടെ ദഹനവ്യവസ്ഥയ്ക്ക് കഴിവില്ല. വൻകുടലിലെ ബാക്ടീരിയയുടെ സൃഷ്ടിയായ സെല്ലുലോസ് എന്ന എൻസൈമിന്റെ പ്രവർത്തനം കൊണ്ടാണ് സസ്യഭാഗങ്ങൾ ദഹനത്തിന് വിധേയമാകുന്നത്. പ്രവർത്തനങ്ങളുടെ ഭാഗമായി മീഥേൻ, ഹൈഡ്രജൻ, കാർബൺ ഡയോക്സൈഡ് തുടങ്ങിയ വാതകങ്ങളുമുണ്ടാകും.

ഭക്ഷ്യനാരുകൾക്ക് ധാരാളം ജലം ആഗിരണം ചെയ്യുവാനുള്ള കഴിവുള്ളതിനാൽ ദഹനപ്രക്രിയയിലൂടെ അവ വീർത്തുവന്ന് മലത്തിന്റെ നീക്കം ത്വരിതപ്പെടുത്തുകയും മലം നിറഞ്ഞ അനുഭൂതി സൃഷ്ടിക്കുന്നതിലൂടെ ശോധന ഉറപ്പുവരുത്തുകയും ചെയ്യും. മുട്ട, പാൽ, മത്സ്യം എന്നിവയിൽ നിന്നും മൈദ പോലുള്ള സംസ്കരിച്ച ഭക്ഷ്യപദാർത്ഥങ്ങളിൽ നിന്നും നാരുകൾ ലഭിക്കുകയില്ലെന്നും ഓർക്കേണ്ടതാണ്.

ഏഷ്യൻ രാജ്യങ്ങളിലെ ഭക്ഷണത്തിൽ പച്ചക്കറികൾക്കും പഴങ്ങൾക്കും ധാന്യങ്ങൾക്കും പ്രാധാന്യമുള്ളതിനാൽ നാരുകളുടെ അഭാവം കൊണ്ടുണ്ടാകുന്ന രോഗങ്ങൾ തുലോം കുറവാണ്. എന്നാൽ ഇതിന് വിപരീതമായി വികസിത രാജ്യങ്ങളിൽ അപ്പൻഡിസൈറ്റിസ്, വൻകുടലിലെ ക്യാൻസർ, പിത്താശയക്കല്ലുകൾ, പ്രമേഹം, ദുർമേദസ്സ്, ദന്തക്ഷയം, ഹൃദ്രോഗം, മലബന്ധം എന്നിവയും മലബന്ധത്തിന്റെ തുടർച്ചയായി മൂലക്കുരു, ഹെർണിയ തുടങ്ങിയ രോഗങ്ങളും വർദ്ധിച്ചു വരുന്നത് ഭക്ഷണത്തിലെ നാരുകളുടെ അഭാവം കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

100 ഗ്രാം വേവിക്കാത്ത കാരറ്റ്, 150 ഗ്രാം ആപ്പിൾ, 200 ഗ്രാം ഓറഞ്ച് എന്നിവയിലെ നാരുകൾക്ക് 200 മില്ലീലിറ്റർ വരെ വെള്ളം പിടിച്ചു നിർത്താൻ കഴിയുമെന്നതും അവയുടെ പ്രത്യേകതയാണ്.

വേവിക്കാത്ത തക്കാളി, ഉരുളക്കിഴങ്ങ്, കാരറ്റ്, ഏത്തപ്പഴം, പൈനാപ്പിൾ എന്നിവയിൽ നിന്ന് നാരുകൾ ലഭിക്കും. മെഷീനുകളിൽ സംസ്കരിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങളിൽ നാരുകൾ കാണാറില്ല. ആപ്പിൾ, ഉരുളക്കിഴങ്ങ് എന്നിവയിൽ നാരുകൾ തൊലിയിലായതിനാൽ തൊലി കളയരുത്. നന്നായി

**വിവിധ ഭക്ഷ്യവസ്തുക്കളിൽ നാരുകളുടെ അളവ്**

| ഭക്ഷ്യവിഭവം | തൂക്കം*ഗ്രാമിൽ* | നാരുകളുടെ അളവ് |
|---|---|---|
| തവിടുള്ള ധാന്യം | 28 | 11.9 |
| ആപ്പിൾ | 83 | 2 |
| ഈത്തപ്പഴം | 18 | 1.6 |
| ബീൻസ് | 93 | 10 |
| പയർ | 85 | 6.7 |
| തക്കാളി | 100 | 1.5 |

**വിവിധ സസ്യനാരുകളുടെ സ്രോതസ്സുകൾ**

| സെല്ലുലോസ് | ഹെമിസെല്ലുലോസ് | പെക്ടിൻ |
|---|---|---|
| ഗോതമ്പുപൊടി | | |
| തവിട് | തവിട് | ആപ്പിൾ |
| കാബേജ് | ധാന്യങ്ങൾ | നാരങ്ങ |
| പയർ, ബീൻസ് | വിത്തുകൾ | പച്ചക്കറികൾ |
| ആപ്പിൾ | ഓട്സ് | സ്ട്രോബറി |
| ബീറ്റ്റൂട്ട് | ഗോതമ്പ് | |
| മുള്ളങ്കി | | |
| ക്യാരറ്റ് | | |

കഴുകി ഉപയോഗിക്കുകയാണ് വേണ്ടത്. പഴങ്ങൾ ജ്യൂസാക്കി അരിച്ചുകളയാതെ മുഴുവനായി കഴിക്കണം. വെള്ളരിക്ക, മത്തൻ, മുന്തിരി, അണ്ടിപ്പരിപ്പ്, ഇലകൾ എന്നിവയും നാരുകളുടെ സ്രോതസ്സാണ്.

## നാരുകളുടെ പ്രാധാന്യം

വികസിത രാജ്യങ്ങളിലെ ഭൂരിപക്ഷം ജനങ്ങളും ആഴ്ചയിൽ മൂന്ന് പ്രാവശ്യം മല വിസർജനം നടത്തുമ്പോൾ ഇന്ത്യയിലിത് ദിവസത്തിലൊന്നോ രണ്ടോ എന്ന കണക്കിലാണ്. ഭക്ഷ്യവസ്തുക്കളിലെ നാരുകളുടെ ഉപയോഗത്തിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ഉപഭോഗസംസ്കാരത്തിലും അന്ധമായ പാശ്ചാത്യഭ്രമത്തിലും കേരളീയ നാടൻ ഭക്ഷണം നാട്ടിൻപുറങ്ങളിൽ പോലും ലഭ്യമല്ലാതായി. ആവശ്യക്കാരില്ലെന്നതാണ് മറ്റൊരു കാര്യം. ഇതോടൊപ്പം ജീവിതശൈലിയിൽ വന്ന മാറ്റങ്ങൾ കൂടിയായപ്പോൾ ഹൃദ്രോഗവും പൊണ്ണത്തടിയും പ്രമേഹവും വർദ്ധിക്കുകയാണ്.

നാരുകൾ കലർന്ന ഭക്ഷണം കൂടുതൽ ഉറപ്പുള്ളതിനാൽ ദീർഘനേരം ചവയ്ക്കുന്നതുവഴി ഉമിനീർ പ്രവാഹം വർദ്ധിച്ച് പല്ലിൽ തങ്ങുന്ന ഭക്ഷ്യാവശിഷ്ടങ്ങൾ കുറയുകയും ദന്തക്ഷയം ഒഴിവാകുകയും ചെയ്യും. നാരുകളിൽ നിന്ന് അന്നജം സ്വതന്ത്രമാക്കാൻ താമസമെടുക്കുമെന്നതിനാൽ ഭക്ഷണശേഷം പെട്ടെന്ന് പഞ്ചസാരയുടെ (ഗ്ലൂക്കോസ്) അളവ് വർദ്ധിക്കില്ലെന്നത് പ്രമേഹരോഗികൾക്ക് ആശ്വാസവുമാണ്.■

*തിരുവനന്തപുരം ഗവ. ഹോമിയോ മെഡിക്കൽകോളേജ് ലക്ചററാണ് ലേഖകൻ*

സംസ്കാരം

കെ. അബ്ദുറഹിമാൻ

# തുളു അക്കാദമിക്കു തുടക്കമായി

ഉത്സവാന്തരീക്ഷത്തിൽ തുള്ളി തോരാത്ത മഴയെ, സാക്ഷിയാക്കി തുളു അക്കാദമി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. കാസർകോഡ് താലൂക്കിലെ പകുതിയിലേറെ വരുന്ന ജനങ്ങളുടെ സംസാര ഭാഷയായ തുളുവിന്റെ വികസനത്തിന് അക്കാദമി വിപുലമായി പ്രവർത്തിക്കുമെന്നും സാമ്പത്തിക സഹായം ഉൾപ്പെടെയുള്ള എല്ലാ സഹായങ്ങളും ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. ചടങ്ങിൽ വിദ്യാഭ്യാസ - സാംസ്കാരിക മന്ത്രി എം.എ. ബേബി, റവന്യൂ മന്ത്രി കെ.പി.രാജേന്ദ്രൻ, കർണാടക ദേവസ്വം മന്ത്രി ബി.നാഗരാജ ഷെട്ടി, എം. വീരപ്പ മൊയ്‌ലി, പി.കരുണാകരൻ,എം.പി, എം.എൽ.എ മാരായ സി. എച്ച്. കുഞ്ഞമ്പു. കെ.വി.കുഞ്ഞിരാമൻ എന്നിവർ സംബന്ധിച്ചു.

ഹൊസങ്കടിയിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിലേക്ക് തുളുനാടിന്റെ തനിമയോടെയാണ് മുഖ്യമന്ത്രി ഉൾപ്പെടെയുള്ള വിശിഷ്ടാതിഥികളെ സ്വീകരിച്ചത്. തുളു സംസ്കൃതിയുടെ വർണാഞ്ചിത വേഷങ്ങൾ വേദിയിൽ നിറഞ്ഞുനിന്നു. മഞ്ചേശ്വരത്തെ ഗോവിന്ദ പൈ കോളേജിലായിരിക്കും തുളു അക്കാദമിയുടെ ഓഫീസ് താത്കാലികമായി പ്രവർത്തിക്കുക.

ദ്രാവിഡപാരമ്പര്യമുള്ള ഭാഷയാണ് തുളു. കാലക്രമത്തിൽ തുളുവിന്റെ ലിപി പ്രചാരത്തിലില്ലാതായി. കന്നട ലിപിയിലാണ് തുളു സാഹിത്യം ഇന്ന് നിലനിൽക്കുന്നത്. പഞ്ചദ്രാവിഡ ഭാഷകളിൽ കന്നട, മലയാളം, തമിഴ്, തെലുങ്ക്, തുളു എന്നിവയാണുള്ളത്. അമ്പതുലക്ഷം പേർ തുളു സംസാരിക്കുന്നുണ്ടെന്നാണ് ഏകദേശ കണക്ക്. പുരാതന തുളുനാടിനെക്കുറിച്ച് ശിലാശാസനങ്ങളിൽ നിന്ന് അറിയാവുന്നതാണ്. ചന്ദ്രഗിരിപ്പുഴയ്ക്ക് വടക്കും കുന്താപ്പുരിന് തെക്കും കേരളത്തിലും കർണാടകത്തിലുമായി തുളുനാട് കിടക്കുന്നു.

കർണാടകയിലെയും അത്യുത്തരകേരളത്തിലെയും ജനങ്ങൾ സംസാരിക്കുന്ന കന്നട ഭാഷയോടും തമിഴ്, മലയാളം, തെലുങ്ക് എന്നിവയോടും തുളുവിന് അടുപ്പമുണ്ട്. പ്രാദേശികാടിസ്ഥാനത്തിൽ തുളുവിനെ ഉഡുപ്പി തുളു, മംഗലാപുരം തുളു, കാസർകോഡ് തുളു, പൂത്തൂർ തുളു എന്നിങ്ങനെ നാലായി തിരിക്കാം.

ജൈന, ബുദ്ധമതങ്ങളും തുളുനാട്ടിൽ സ്വാധീനം നേടിയിരുന്നു. ബില്ലവരാണ് ജനങ്ങളിലധികവും. പിന്നെ ബന്റുകൾ, ബല്ലാളന്മാർ യോദ്ധാക്കളായിരുന്നു. തുളുനാടൻ പയറ്റ് പ്രസിദ്ധമാണ്. തുളുനാടൻ സംസ്കാരത്തിന്റെ പ്രത്യേകതയാണ് ഭൂതാരാധന. ഭൂതസ്ഥാനമെന്ന ചെറിയ കെട്ടിടത്തിലാണ് ഭൂതങ്ങളെ പ്രതിഷ്ഠിക്കുന്നത്. ദൈവങ്ങളെ പ്രീതിപ്പെടുത്താനുള്ള ചടങ്ങാണ് ഭൂതാരാധനയും ഭൂതനൃത്തവും.

യക്ഷഗാനം തുളുനാടിന്റെ രംഗകലയാണ്. കുമ്പളക്കാരനായ പാർത്ഥി സുബ്ബയാണ് യക്ഷഗാനകലയുടെ പിതാമഹൻ. യക്ഷഗാനത്തെ ശാസ്ത്രീയമായി പരിഷ്കരിച്ചത് ഇദ്ദേഹമാണ്.

സാഹിത്യം, ജ്യോതിഷം എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യാനായി ഉപയോഗിച്ചിരുന്ന ഒരു പഴയകാല തുളു ലിപിയുണ്ട്. മലയാളം ലിപിയോടാണ് ഇതിന് കൂടുതൽ സാമ്യം. ഇന്ന് തുളു സാഹിത്യം കന്നടയിലാണ് എഴുതുന്നത്. പൗരാണിക സാഹിത്യകൃതികളെക്കാളും നാടൻ സാഹിത്യമാണ് തുളുവിൽ കൂടുതൽ. പഴയകാല തുളുലിപിയിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളാണ് ശ്രീഭാഗവതം, കാവേരി എന്നിവ. 17-ാം നൂറ്റാണ്ടിലാണ് ഇവ എഴുതപ്പെട്ടത്. 15-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട രണ്ടു ശിലാലിഖിതങ്ങളും തുളുവിലുണ്ട്. തുളുനാടിന്റെ സാമൂഹികവും സാംസ്കാരികവുമായ പല പ്രത്യേകതകളും പ്രതിഫലിപ്പിക്കുന്ന പാഡ്ദന എന്ന ജനകീയ പുരാണ പാരമ്പര്യ സാഹിത്യം ഈ ഭാഷയുടെ മൗലികമായ പ്രത്യേകതയാണ്.

1834 ൽ ദക്ഷിണ കർണാടകയിൽ എത്തിയ ബാസൽമിഷണറിയാണ് തുളു-കന്നട ലിപിയിൽ എഴുതാൻ തുടങ്ങിയത്. 1842 ൽ മത്തായന സുവാത്തെ (മത്തായിയുടെ സുവിശേഷം) തുളുവിൽ വിവർത്തനം ചെയ്യപ്പെട്ടു. 1872 ൽ റവ.ബ്രീഗൽ ആണ് ആദ്യത്തെ തുളു വ്യാകരണം എഴുതിയത്.

കന്നട ലിപിയിൽ തുളുവിനെക്കുറിച്ച് എഴുതിയ ആധുനിക എഴുത്തുകാരിൽ പ്രമുഖനാണ് രാഷ്ട്രകവി മഞ്ചേശ്വരം ഗോവിന്ദ പൈ. പോത്തോട്ടത്തിന്റെയും കോഴിയങ്കത്തിന്റെയും യക്ഷഗാനത്തിന്റെയും നാടാണ് തുളുനാട്. ധീര പോരാളികളായ ഇരട്ട സഹോദരന്മാർ കോട്ടി - ചെന്നയ്യന്മാരുടെ ജീവചരിത്രം തുളുനാടിന്റെ വീരചരിതമാണ്. പോർച്ചുഗീസ് സാമ്രാജ്യത്തിനെതിരെ പടനയിച്ച റാണി അബ്ബക്ക തുളുനാടൻ സ്ത്രീശക്തിയുടെ ഉജ്വലമാതൃകയാണ്. ഈ തുളുനാടൻ മണ്ണിൽ അതിപ്രശസ്തമായ കുഞ്ചത്തൂർ മാടക്ഷേത്രവും തൊട്ടടുത്ത ആയിരം ജമാ അത്ത് പള്ളിയും മത സാഹോദര്യത്തിന്റെ പ്രതീകങ്ങളാണ്.

തുളുഭാഷയെക്കുറിച്ച് ഗവേഷണം നടത്താൻ ത്യാഗപൂർണമായ പ്രവർത്തനങ്ങൾ നടത്തിയവരാണ് ഇന്നും ആ രംഗത്ത് കർമനിരതരായ വെങ്കിടരാജ പുണിഞ്ചത്തായയും സി.രാഘവൻ മാസ്റ്ററും. ഇവർ നടത്തിയ മഹത്തായ സേവനത്തിന്റെ ഫലംകൂടിയാണ് ഈ തുളു അക്കാദമി.

കയ്യാർ കിഞ്ഞണ്ണറൈയുടെയും ദേവപ്പ ആൾവയുടെയും കർമഭൂമികൂടിയാണ് ഈ തുളുനാട്. ഒരാൾ കന്നട സാഹിത്യത്തിൽ ലബ്ധപ്രതിഷ്ഠ നേടിയ ആളാണെങ്കിൽ മറ്റെയാൾ ത്യാഗപൂർണമായ സ്വാതന്ത്ര്യസമരങ്ങളിലൂടെ കുമ്പള ഗാന്ധി എന്ന അപരാഭിധാനത്താൽ അറിയപ്പെടുന്നയാളാണ്. ജന്മി-നാടുവാഴി ചൂഷണത്തിനെതിരെ കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും പോരാട്ടങ്ങൾക്ക് നേതൃത്വം നൽകിയ ഏ.കെ.ജിയുടെ പാദസ്പർശം കൊണ്ട് പുളകമണിഞ്ഞ മണ്ണാണിത്. ഒന്നാം കേരള നിയമസഭയിൽ അംഗമായിരുന്ന ഉമേശ്റാവു, മഹാബല ഭണ്ഡാരി, രാമപ്പ മാസ്റ്റർ, ഡോ.സുബ്ബറാവു, ബി.എം.രാമയ്യഷെട്ടി, തിമ്മങ്കൂർ കൃഷ്ണഷെട്ടി തുടങ്ങിയ ദേശാഭിമാനികളുടെയും പോരാളികളുടെയും നാടാണിത്.

*കാസർകോഡ് ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ*

എസ്. നാസർ

# ഒ.എൻ.വിക്ക് പിതൃനഗരത്തിന്റെ സ്നേഹാദരങ്ങൾ

**ശൈ**ലീവല്ലഭനായ മുണ്ടശ്ശേരി മാസ്റ്റർ അര നൂറ്റാണ്ടിനു മുമ്പ് ഒ.എൻ.വിക്ക് സമ്മാനിച്ച വാങ്മയ ചിത്രം ഇങ്ങനെയാണ്. ഒ.എൻ.വി യൗവനത്തിലേക്ക് കടക്കുന്നതേയുള്ളു. പക്ഷേ ഒരായുസ്സിന്റെ ജോലി ചെയ്ത് തീർത്തിരിപ്പാണദ്ദേഹം, മറ്റൊരായുസ്സിന്റെ പണിക്ക് തയ്യാറെടുത്തുകൊണ്ട്. അല്പാക്ഷരങ്ങളിൽ തീർത്ത അനേകാർത്ഥമുള്ള ഈ ദീർഘ ദർശനത്തെ സാർത്ഥകമാക്കി, മലയാള കാവ്യ സംസ്കൃതിയെയും സംസ്കാരത്തെയും തന്റെ സർഗ ഭാവനകൾ കൊണ്ട് നവീകരിച്ച് ശക്തിപ്പെടുത്തുകയാണ് ഇന്നും ഒ.എൻ.വി. നൂറു കണക്കിന് നാടക - ചലച്ചിത്ര ഭാവ ഗാനങ്ങൾ മുതൽ ഭാവ മധുരിമയാർന്ന കാവ്യാഖ്യായികകൾ വരെ ദീപ്തമായ ആ കാവ്യവ്യക്തിത്വം നമുക്ക് നൽകി. സംസ്ഥാന സർക്കാർ എഴുത്തച്ഛൻ പുരസ്കാരം സമർപ്പിച്ച് ആദരിച്ച കവിക്ക് പിതൃനഗരമായ കൊല്ലം ഇക്കഴിഞ്ഞ നവംബർ 5 ന് സായം സന്ധ്യയിൽ സ്നേഹാദരങ്ങൾ അർപ്പിച്ചു. ഭാഷാ വാരാഘോഷ ഭാഗമായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പും ജില്ലാ ഭരണകൂടവും സംയുക്തമായി ഒരുക്കിയ ചടങ്ങ് ഒ.എൻ.വിയുടെ കാവ്യ ജീവിതത്തിന്റെ കാല്പാടുകൾ പതിഞ്ഞ മനസ്സിൽ മായാത്ത സന്ധ്യകളിലൊന്നായി.

കളക്ടറേറ്റ് വളപ്പിൽ നിന്ന് വർണാഭമായ ഘോഷയാത്രയോടെയായിരുന്നു ഒ.എൻ.വിയെ സമ്മേളന വേദിയായ ടി.എം.വർഗ്ഗീസ് സ്മാരക ലൈബ്രറി ഹാളിലേക്ക് ആനയിച്ചത്. പോയ നാളുകളിലെ മധുരിക്കുന്ന ഓർമച്ചിത്രങ്ങൾ നിരന്ന ഒ.എൻ.വി ജീവിതരേഖയെന്ന ഇൻഫർമേഷൻ വകുപ്പ് ഒരുക്കിയ ചിത്രപ്രദർശനം ഒരു വട്ടം കണ്ണിലുടക്കി.

അരുന്ധതിയും ഭാവനാ രാധാകൃഷ്ണനനും ഗുരുവന്ദനമർപ്പിച്ച് ആലപിച്ച സ്വാഗതഗാനത്തോടെയായിരുന്നു ചടങ്ങുകൾക്ക് തുടക്കം. ഭക്ഷ്യമന്ത്രി സി.ദിവാകരന്റെ അദ്ധ്യക്ഷതയിൽ സമ്മേളനം സാംസ്കാരിക മന്ത്രി എം.എ.ബേബി ഉദ്ഘാടനം ചെയ്തു. നഗരവാസികളുടെ സ്നേഹോപഹാരം മന്ത്രി എം.എ.ബേബി നൽകി ആദരവിന്റെ കസവ് നേര്യത് അണിയിച്ചു. കൊല്ലം കോർപ്പറേഷൻ മേയർ എൻ. പത്മലോചനൻ, ജില്ലാ പഞ്ചായത്ത് ആക്ടിങ് പ്രസിഡന്റ് കൊല്ലായിൽ സുദേവൻ എന്നിവർ സ്നേഹോപഹാരങ്ങൾ നൽകി. എം.എൽ.എമാരായ എ.എ.അസീസ്, എൻ.അനിരുദ്ധൻ ഡോ. ശൂരനാട് രാജശേഖരൻ, ജില്ലാ കലക്ടർ എ. ഷാജഹാൻ, പി.ആർ.ഡി.റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ പി.കെ. ലാൽ എന്നിവർ ആശംസകൾ നേർന്നു. സ്നേഹാദരങ്ങൾക്ക് മറുപടിയായി ഒ.എൻ.വി തന്റെ തരുണസ്തുതികളിൽ കോർത്ത കാവ്യവചസ്സുകൾ കൊണ്ട് മറുപടി പറഞ്ഞു.

''കൊല്ലം എന്റെ പിതൃനഗരമാണ്. എനിക്ക് കയ്പും മധുരവും നൽകിയ നഗരം. കാലം എല്ലാ കയ്പുകളെയും മധുരമാക്കി മാറ്റുന്നു. എന്റെ കവിതയ്ക്ക് ആദ്യമായി അംഗീകാരം ലഭിച്ചതും കൊല്ലത്താണ്.1949 ൽ കൊല്ലത്തു നടന്ന പുരോഗമന സാഹിത്യ സംഘം സമ്മേളനത്തിന്റെ ഭാഗമായുള്ള കവിതാ മത്സരത്തിൽ ഞാൻ അയച്ചുകൊടുത്ത *അരിവാളും രാക്കുയിലും* എന്ന കവിത ചങ്ങമ്പുഴ സ്വർണമെഡലിന് അർഹമായി. അതു പത്രവാർത്തയായി വന്നപ്പോൾ എന്റെ അടുത്ത ഒരു ബന്ധു എന്നോടു ചോദിച്ചു. അപ്പൂ നീ തോന്ന്യാക്ഷരം എഴുതുമോ? ''

അവാർഡ് വാങ്ങാൻ ഒരു ബന്ധുവിനെയും കൂട്ടി കൊല്ലത്തു വന്നു. അന്നത്തെ ബേബി ടാക്കീസിലാണ് സമ്മേളനം. പൂരത്തിനു ആന നിൽക്കുന്നതു പോലെ പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയും എം.പി.പോളും നില്ക്കുന്നുണ്ടായിരുന്നു. പൊൻകുന്നം വർക്കി എന്നെ മുണ്ടശ്ശേരി മാസ്റ്റർക്ക് പരിചയപ്പെടുത്തി. അദ്ദേഹം ആന കുരുവിയെ നോക്കുന്നതു പോലെ എന്നെ ഒന്നു നോക്കി. കെ.എ.അബ്ബാസാണ് അവാർഡ് സമ്മാനിക്കേണ്ടത്. അദ്ദേഹത്തെ പരിചയപ്പെട്ടു. അവാർഡു വിതരണത്തിന്റെ സമയം ആയപ്പോൾ പൊൻകുന്നം വർക്കി എന്നെ അടുത്ത് വിളിച്ച് പറഞ്ഞു. 'കുട്ടാ ഇവിടെ മെഡൽ ഒന്നുമില്ല. അബ്ബാസിനെ ബോംബെയിൽ എത്തിക്കാനുള്ള കാശുപോലുമില്ല.'



കവിക്ക് ആദരവിന്റെ കസവും സ്നേഹോപഹാരവും വിദ്യാഭ്യാസ മന്ത്രി എം.എ.ബേബി സമർപ്പിക്കുന്നു. ഭക്ഷ്യമന്ത്രി സി. ദിവാകരൻ സമീപം.

കൊല്ലം എന്റെ പിതൃനഗരമാണ്. എനിക്ക് കയ്പും മധുരവും നൽകിയ നഗരം

ഒന്നും വേണ്ട, ഈ അംഗീകാരംമാത്രം മതിയെന്ന് ഞാൻ അന്നു പറഞ്ഞു.എഴുത്തച്ഛൻ പുരസ്കാരം നേടിയ ഒ.എൻ.വിയുടെ സ്മരണകൾ 58 വർഷം പിന്നിലേക്കു പോയി.

മലയാളിയുടെ ജീവിത സങ്കടങ്ങൾക്ക് നടുവിലൂടെ, കയ്പൻ കാലത്തിന്റെ തിന്മകൾക്കെതിരെ ഇന്നും കവിത കൊണ്ട് പോരാടുന്ന കവിക്ക് ജീവിതസമരങ്ങളുടെ ഓർമകളിലുറങ്ങിയും ഉണർന്നും ഉയരുന്ന ഈ നഗരം സ്നേഹാദരങ്ങളല്ലാതെ എന്ത് നൽകാൻ?

*കൊല്ലം ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ*



# കൊച്ചി
## ഒരു പൈതൃകനഗരം

**ഡോ.കെ.കെ.എൻ.കുറുപ്പ്**


ഇന്ത്യയിലെ പ്രമുഖ ഹെറിറ്റേജ് നഗരങ്ങളിലൊന്നായ കൊച്ചി മാനവരാശിയുടെ തന്നെ അവിസ്മരണീയമായ ഒരു പൈതൃകമാണ്. ഗ്രീസ്, ആൻട്‌വർപ്പ്, ലണ്ടൻ തുടങ്ങിയ നഗരങ്ങളുടെ ചരിത്രപൈതൃകം അവകാശപ്പെടാവുന്ന ഈ പട്ടണപ്രാന്തത്തിൽ മുസിരിസ്സും അതിനു മുമ്പുള്ള പ്രാക്തനസംസ്കാരവും പിന്നീടുള്ള ദക്ഷിണേന്ത്യൻ ചരിത്രവികാസവും എല്ലാം സമ്മിശ്രമായി സമ്മേളിച്ചു കാണാം. തിരുവഞ്ചിക്കുളവും തൃക്കണാമതിലകവും പട്ടണവും എല്ലാം കൊച്ചിയുടെ സാംസ്കാരിക പരിവേഷത്തെ സമ്പന്നമാക്കുന്നു.

കൊച്ചിയുടെ വളർച്ചയും വികാസവും പൈതൃകസമ്പത്തും ശക്തമായിത്തീർന്നത് യൂറോപ്യൻ അധിനിവേശത്തോടെ പതിനാറാം നൂറ്റാണ്ടിലാണെന്നു കാണാം. കൊളോണിയൽ രാഷ്ട്രീയ ബന്ധങ്ങളും വാണിജ്യവും കൊച്ചിയുടെ അന്താരാഷ്ട്ര പ്രശസ്തിക്കു പശ്ചാത്തലമൊരുക്കി. ജൂതരും, വിവിധ ക്രൈസ്തവ വിഭാഗങ്ങളും, പാർസികളും, ഗുജറാത്തികളും, കൊങ്കണികളും എന്നുവേണ്ട വിവിധ സാംസ്കാരിക പൈതൃകങ്ങൾ ഈ നഗരത്തിലൊന്നിച്ചു ചേർന്നു. അവ സൃഷ്ടിച്ച ചരിത്രസ്മാരകങ്ങളും അവയുടെ ആഘോഷങ്ങളും അനുഷ്ഠാനങ്ങളും ഇന്നും ഈ നഗരത്തിന്റെ പൈതൃകങ്ങളാണ്.

പൈതൃകം എന്ന പദത്തെ നിർവചിക്കുമ്പോൾ മനുഷ്യനിർമിതമായ വസ്തുക്കളും അതുപോലെ പ്രകൃതിദത്തമായ സ്വാഭാവിക സസ്യലതാദികളും മനുഷ്യചിന്തയുടെ വളർച്ചയും സൃഷ്ടികളും കലകളും ആചാരാനുഷ്ഠാനങ്ങളും എല്ലാം ഉൾപ്പെടുന്നു. വിശാലമായ അർത്ഥത്തിൽ അതു മനുഷ്യജീവിതത്തിന്റെ എല്ലാ പരിത:സ്ഥിതികളുമായി ബന്ധപ്പെടുന്നു. ഹീബ്രു, കൂഫി, വട്ടെഴുത്ത്, കോലെഴുത്ത് തുടങ്ങിയ ലിപികളും ഇവിടെ ഉപയോഗത്തിലുണ്ടായിരുന്ന അനേകതരം നാണയങ്ങളും പൈതൃകത്തിന്റെ ഭാഗമാണ്.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം പ്രത്യേകിച്ചും പാശ്ചാത്യരാജ്യങ്ങളിൽ പൈതൃക പഠനങ്ങൾ ശക്തിയാർജിച്ചു. ചരിത്രം, നരവംശശാസ്ത്രം, സാമൂഹിക ശാസ്ത്രം തുടങ്ങിയ പഠനമേഖലകളുടെയും പുരാവസ്തു ശാസ്ത്രത്തിന്റെയും സത്തയും ഊർജവും ഈ പഠനമേഖലയുൾക്കൊണ്ടു. കൂടാതെ സമാന്തരമായി വളർന്നു വന്നിരുന്ന കൾച്ചറൽ സ്റ്റഡീസിന്റെ മേഖലകളും പൈതൃകപഠനശാഖയെ ദൃഢപ്പെടുത്തി. പ്രകൃതി-പരിസ്ഥിതി സംരക്ഷണ

സമ്പന്നമായ പൈതൃകം
അവകാശപ്പെടാവുന്ന ചരിത്രമാണ് കൊച്ചിയുടേത്.
അത് നിലനിർത്തേണ്ട കടമ നാം ഓരോരുത്തരുടേതും.



പ്രസ്ഥാനങ്ങൾ മറ്റൊരു വിധത്തിൽ പൈതൃക മേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നു.

കേരളത്തിൽ അറുപതുകൾക്കുശേഷം പ്രത്യേകിച്ചും പൈതൃകപഠന പശ്ചാത്തലം സംബന്ധിച്ച ഒരവബോധം ശക്തമായി. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കൊളോണിയൽ സംസ്കാരത്തെ നേരിട്ടെതിർക്കുവാനും ദേശീയ സംസ്കാരത്തെ കണ്ടെത്തുവാനുമുള്ള പരിശ്രമങ്ങൾ നടത്തിവരുന്നു. കലാമണ്ഡലം പോലുള്ള പ്രസ്ഥാനത്തിലൂടെ കഥകളിയും കൂടിയാട്ടവും സി.വി.എൻ.കളരിസംഘത്തിലൂടെ കളരിപ്പയറ്റും പൈതൃകബോധം വളർത്തിയെടുത്തു. കേരളീയ ക്ഷേത്രങ്ങളെപ്പറ്റി പിന്നീടു സ്റ്റെല്ലാ ക്രാംറിഷും വാസുദേവ പൊതുവാളും നടത്തിയ പഠനങ്ങൾ ഈ മേഖലയിലെ പ്രധാന സംഭാവനയാണ്. തെയ്യം, പൂരക്കളി, ചവിട്ടു നാടകം, മുടിയേറ്റ് തുടങ്ങിയ കേരളത്തിന്റെ സാംസ്കാരികധാരകൾ കണ്ടെത്തുവാനും പ്രചരിപ്പിക്കുവാനും പഠനവിധേയമാക്കുവാനും ഒരു പൊതു പൈതൃകത്തിന്റെ ധാരയായി അവയെ ഉയർത്തിക്കാട്ടുവാനും അനേകം പരിശ്രമങ്ങൾ രൂപപ്പെട്ടതിന്റെ പശ്ചാത്തലം ഇതായിരുന്നു.

കൊച്ചിയെപ്പോലുള്ള ഒരു വൻപട്ടണത്തെ രൂപപ്പെടുത്തിയ നൂറ്റാണ്ടുകളിലൂടെയുള്ള ചരിത്ര ശക്തികളുടെ പഠനവും വിശകലനവും ഈ നഗരത്തിന്റെ പൈതൃക പഠനത്തിന്റെ അടിസ്ഥാന ശിലകളായികാണേണ്ടതുണ്ട്. പൈതൃകം പ്രാദേശികവും അതേ അവസരം ആഗോളപരവുമാണ്. യൂറോപ്യൻ ആശയങ്ങൾ, വാസ്തുശൈലി, ഗോഥിക് നിർമാണശൈലിയുടെ പില്കാല രൂപങ്ങൾ, മനുഷ്യാലയ ചന്ദ്രിക മുതൽ തച്ചുശാസ്ത്രം വരെയുള്ള ഇന്ത്യൻ വാസ്തുശൈലി എന്നീ വിധത്തിൽ പ്രാദേശികവും ആഗോളപരവുമായ സ്വാധീനം കൊച്ചിയുടെ ഏറ്റവും വലിയ സവിശേഷതയാണ്.

> കൊച്ചിയെ രൂപപ്പെടുത്തിയ ചരിത്രശക്തികളുടെ പഠനവും വിശകലനവും ഈ നഗരത്തിന്റെ പൈതൃക പഠനത്തിന്റെ അടിസ്ഥാന ശിലകളായി കാണേണ്ടതുണ്ട്.

ഈ സവിശേഷതകളെയും അവയുൾക്കൊള്ളുന്ന സ്മാരകങ്ങളെയും സംരക്ഷിക്കുന്നതിൽ സ്റ്റേറ്റ് ഗവൺമെന്റിന്റെ പുരാവസ്തു വിഭാഗവും അതുപോലെ കേന്ദ്രഗവൺമെന്റിന്റെ ആർക്കിയോളജിക്കൽ സർവെയും പ്രത്യേക താത്പര്യമെടുത്തു കാണാം. അവയെ പ്രത്യേകം പ്രത്യേകം സംരക്ഷിത സ്ഥാപനങ്ങളായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ സംരക്ഷിക്കപ്പെടാത്ത അത്യന്തം പ്രധാന്യമർഹിക്കുന്ന അനേകം പൈതൃക കേന്ദ്രങ്ങളും സ്മാരകങ്ങളും ഈ നഗരത്തിലും പരിസരത്തിലും കാണാവുന്നതാണ്. അവയെ സംരക്ഷിക്കുവാനും അവയുടെ പഠനങ്ങൾ നടത്തുവാനും ഈ പൈതൃകനഗരത്തിൽ സംഘടിതമായ ഒരു പ്രവർത്തനം ഉയർന്നുവന്നിട്ടില്ല. സർവകലാശാലകൾക്ക് അവയുടെ രീതികളിൽ നിന്നും വ്യത്യസ്തമായ ഈ മേഖലകളിൽ പ്രവർത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. താത്പര്യമെടുക്കേണ്ട എൻ.ജി.ഒ സംഘടനകൾ ഈ മേഖലയിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ലതാനും. മുസിരിസ്സ് ഹെറിറ്റേജ് പദ്ധതിയുമായി ഗവൺമെന്റ് മുന്നോട്ടു നീങ്ങുമ്പോഴും അതിന്റെ പ്രവർത്തനങ്ങൾ മറ്റു പഠന മേഖലകളുമായി ബന്ധപ്പെടുത്തേണ്ടിയിരിക്കുന്നു.

ഇന്ത്യയിൽ ബനാറസ് പോലെ ഒരു കാലത്ത് ശ്രദ്ധേയമായ സംസ്കൃത പഠനകേന്ദ്രമായിരുന്നു കൊച്ചി രാജകുടുംബം. കൊച്ചിയുടെ പൈതൃകം മനസ്സിലാക്കുന്നവരിൽ രാജർഷിയുടെയും പരീക്ഷിത്ത് തമ്പുരാന്റെയും സംഭാവനകൾ എത്ര പേർ മനസ്സിലാക്കിയിട്ടുണ്ടാകും? അത് മനസ്സിലാക്കുവാൻ നമുക്ക് കഴിയുന്നില്ലെങ്കിൽ നമ്മുടെ പൈതൃകം നിലനിർത്തുന്നതിൽ നാം പരാജയപ്പെടുന്നു. ഒരു ജനതയെ സംബന്ധിച്ച് ഏറ്റവും വലിയ സാംസ്കാരിക ദുരന്തവും കൂടിയാണിത്.

അറബിക്കടലിന്റെ രാജ്ഞിയായ കൊച്ചി തുറമുഖത്തിന്റെ ആധുനികശില്പിയായ റോബർട്ട് ബ്രിസ്റ്റോവിന്റെ ജീവചരിത്രം എത്ര പേർ ഇന്നു ഈ നഗരത്തിലറിയുന്നു? അറിയുന്നില്ലെങ്കിൽ അതും നമ്മുടെ പൈതൃകം നിലനിർത്തുന്നതിൽ നാം പരാജയപ്പെട്ടുവെന്ന യാഥാർത്ഥ്യം തുറന്നുകാട്ടുന്നു. ശ്രീ. ടി. എൻ. ജയചന്ദ്രൻ രചിച്ച ബ്രിസ്റ്റോവിന്റെ ഹ്രസ്വമായ ജീവചരിത്രം പോലും ഈ വൻ നഗരത്തിൽ പ്രചരിപ്പിക്കപ്പെട്ടിട്ടില്ല.

ഈ നഗരത്തിന്റെ ശ്രദ്ധേയമായ മറ്റൊരു പൈതൃകം 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഔഷധസസ്യചരിത്ര സമ്പാദനത്തിനു നേതൃത്വം നല്കിയ ഹെന്റിവാൻ റീഡിനെപ്പറ്റിയും അതിനു സഹായകമായി പ്രവർത്തിച്ച നാട്ടുവൈദ്യന്മാരെപ്പറ്റിയും ഏത്ര പേർക്കറിയാം. ഈ ഗ്രന്ഥം ലാറ്റിനിൽനിന്നും ഇംഗ്ലീഷിലേക്കു നീണ്ട മുപ്പതു വർഷത്തെ പ്രയത്നത്തിനുശേഷം വിവർത്തനം ചെയ്ത ഡോ.മണിലാലിനെയും കൊച്ചിയുടെ പൈതൃകത്തിൽ കാണാൻ കഴിയുകയില്ല.

ഒരു നഗരത്തിന്റെ പൈതൃകവും സംസ്കാരവും നിലനിർത്തുകയും അവയെ ഒരു കോട്ടവും കൂടാതെ അടുത്ത തലമുറയ്ക്കു കൈമാറുകയും ചെയ്യുകയെന്നതാണ് ഒരു ജനതയുടെ ഏറ്റവും വലിയ കർത്തവ്യം. ഒരു രാഷ്ട്രത്തിന്റെ ഏറ്റവും വലിയ ജീവിതദർശനവും ലക്ഷ്യവും ഒരു സംസ്കാരം സൃഷ്ടിക്കുകയെന്നതാണെന്നു ടോയിൻബീ സിദ്ധാന്തിക്കുന്നു. കൊച്ചി ലോകത്തിലെ പ്രമുഖ പട്ടണങ്ങളിൽ ഒന്നാണെന്നും അതിന്റെ ചരിത്രവും ചരിത്രസ്മാരകങ്ങളും വിവിധ ജനവിഭാഗങ്ങളും കൂട്ടായ്മകളും വ്യക്തമാക്കുന്നു. പ്രാഗ്ചരിത്രകാലം മുതലുള്ള അതിന്റെ അസ്തിത്വവും അതുപോലെ കൊളോണിയൽ രാഷ്ട്രീയ മത്സരങ്ങളും എന്നാൽ സഹവർത്തിത്വത്തിന്റെയും സഹാനുഭൂതിയുടെയും പാഠങ്ങളും ഈ നഗരചരിത്രത്തെയും അതിന്റെ പൈതൃകത്തെയും സമ്പന്നമാക്കി. അവ നിലനിർത്തുവാനും, പഠിക്കുവാനും പ്രചരിപ്പിക്കുവാനുമുള്ള സാമൂഹികവും രാഷ്ട്രീയവുമായ ഒരു പ്രതിബദ്ധത, അതാണ് ഇന്നത്തെ ഏറ്റവും അടിയന്തരമായ ആവശ്യം. കൊച്ചി ഒരു ഹെറിറ്റേജ് സിറ്റിയായിക്കൂടി ഉയർന്നുവരേണ്ടിയിരിക്കുന്നു. ■

## കൊച്ചിയുടെ വികസനത്തിന് വിവിധ പദ്ധതികൾ– മുഖ്യമന്ത്രി

കൊച്ചി നഗരത്തിന്റെ വികസനാവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിവിധ പദ്ധതികൾ സംസ്ഥാന സർക്കാർ നടപ്പാക്കണമെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. കൊല്ലം-കോട്ടപ്പുറം ജലപാതയുടെ ഉദ്ഘാടന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കൊച്ചിയിൽ സ്മാർട്ട് സിറ്റി പദ്ധതിക്ക് തറക്കല്ലിട്ടിട്ട് നാല് ദിവസമേ ആയിട്ടുള്ളൂ. ഇപ്പോൾത്തന്നെ ജനപ്പെരുപ്പവും, വാഹനപ്പെരുപ്പവും കാരണം നിന്നു തിരിയാൻ ആവാത്ത അവസ്ഥയാണ് എറണാകുളത്ത്. അത് ഇനിയും കൂടാനാണ് പോവുന്നത്. യാത്രകൾ സുഗമമാക്കുന്നതിന് വിവിധ പദ്ധതികൾ ആലോചനയിലുണ്ട്. ജലപാതാവികസനം അതിലൊന്ന് മാത്രം. കൂടുതൽ മേൽപ്പാലങ്ങൾ, അതിനും പുറമേ ഏറെക്കാലമായി ആവശ്യമുയർന്നുകൊണ്ടിരിക്കുന്ന മെട്രോ റെയിൽവേ ഇതും ആലോചനയിലുണ്ട്. സബർബൻ ട്രെയിൻ സർവീസ് ആരംഭിക്കണമെന്ന് നാം ശക്തമായി ആവശ്യപ്പെടുന്നുണ്ട്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ, എൽ.എൻ.ജി ടെർമിനൽ എന്നിവയെല്ലാം സമീപ ഭാവിയിൽ യാഥാർഥ്യമാവും. ആ സ്ഥിതിക്ക് മെട്രോ, സബർബൻ ട്രെയിൻ സർവീസ് എന്നീ പദ്ധതികളുമായി മുന്നോട്ടു പോവാതെ തരമില്ല. അതിനെല്ലാം മുന്തിയ പരിഗണന നൽകി നടപ്പാക്കാൻ ശ്രമിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

കൊച്ചി പോസിറ്റീവ്
സ്പെഷ്യൽ ഫീച്ചർ

പി. വിനോദ്

## സ്മാർട്ട് @ കൊച്ചി

# ഡിജിറ്റൽ വികസനത്തിന്റെ കേന്ദ്രബിന്ദു



### 2007 നവംബർ 16

കൊച്ചി നഗരത്തിലെ കാക്കനാട് എടച്ചിറയിലെ പ്രൗഢ ഗംഭീരമായ വേദി.

കേരളക്കരയുടെ ജനനായകനായ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനും ടീകോം കമ്പനി എക്സിക്യൂട്ടീവ് ഡയറക്ടർ ഫരീദ് അബ്ദുൾ റഹ്മാനും ലാപ്ടോപിൽ വിരൽ തൊട്ടപ്പോൾ വേദിയിലൊരുക്കിയ വമ്പൻ ഭൂഗോള മാതൃകയിൽ ശില തെളിഞ്ഞു.

ഒപ്പമുയർന്നത് കേരളത്തിന്റെ സ്വപ്ന പദ്ധതിയുടെ സാക്ഷാത്കാരത്തിന് സാക്ഷ്യം വഹിച്ച പതിനായിരങ്ങളുടെ കരഘോഷവും ആഹ്ളാദാരവങ്ങളും.

വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങളുടെ കേന്ദ്രബിന്ദുവാകാനുള്ള കൊച്ചിയുടെ ജൈത്രയാത്രയുടെ സമാരംഭമായിരുന്നു അത്. രാജ്യത്തെ ഏറ്റവും വലിയ വ്യവസായ വിവരസാങ്കേതിക പാർക്കിന്റെ സാക്ഷാത്കാരത്തിന് കേരളക്കരയുടെ ജനനായകനായ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ശില പാകി. .

ഈ മേഖലയിലെ ആദ്യത്തെ സംയുക്ത സംരംഭമാണ് സ്മാർട്ട് സിറ്റി. 350 മില്യൺ ഡോളർ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന പദ്ധതി 2010 ഓടെ പ്രവർത്തിച്ചു തുടങ്ങാൻ കഴിയും വിധമാണ് നിർമാണം ലക്ഷ്യമിടുന്നത്. 10 വർഷത്തിനകം 90000 പേർക്ക് പ്രത്യക്ഷമായും 5 ലക്ഷത്തോളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാൻ കഴിയുന്ന പദ്ധതിക്കാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വഴിയൊരുക്കിയത്. ആദ്യ മൂന്നുവർഷത്തിനകം കാൽ ലക്ഷം തൊഴിലവസരം തുറക്കും. ഇവിടെയാണ് സംസ്ഥാനസർക്കാരിന്റെ ദീർഘവീക്ഷണത്തോടെയുള്ള നിലപാടിന്റെ മൂല്യം നാം തിരിച്ചറിയേണ്ടത്. മുൻസർക്കാർ കൈയൊഴിയാൻ നിശ്ചയിച്ചിരുന്ന ഇൻഫോപാർക്കിനെ സ്മാർട്ട് സിറ്റിക്ക് അനുരോധമായിത്തന്നെ നിലനിർത്തിയതു വഴി, വരുന്ന 3 വർഷത്തിനകം അവിടെ 40000 തൊഴിലവസരങ്ങളും വരികയാണ്. അതായത് മുൻസർക്കാർ ഇൻഫോപാർക്ക് വിട്ടുനൽകി 10 വർഷത്തിനകം മൊത്തം 33000 തൊഴിലവസരങ്ങൾ വാഗ്ദാനം ചെയ്തപ്പോൾ വി.എസ്. അച്യുതാനന്ദൻ നയിക്കുന്ന ജനപക്ഷസർക്കാർ വഴി തുറക്കുന്നത് മൊത്തം 1,30000 തൊഴിലവസരങ്ങളാണ്. ആന്ധ്രാപ്രദേശ്, ഹൈദ്രാബാദ്, സെക്കന്തരാബാദ് എന്നീ ഇരട്ട നഗരങ്ങളിലൂടെ കൈവരിച്ച ഐ.റ്റി മുന്നേറ്റത്തിനെ പിന്നിലാക്കാൻ ഒറ്റനഗരത്തിലെ ഇരട്ടപ്രോജക്ടുകളിലൂടെ വരും വർഷങ്ങളിൽ കേരളത്തിന് കഴിയും.

സ്മാർട്ട് സിറ്റി കരാർ ഒപ്പിട്ടശേഷം, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും സമാനപദ്ധതികളും വൻ വ്യവസായ പ്രോജക്ടുകളും കേരളത്തിൽ തുടങ്ങാൻ താത്പര്യം പ്രകടിപ്പിച്ച് വൻ സംരംഭകർ രംഗത്തു വരുന്നുണ്ടെന്ന് ചടങ്ങിൽ മുഖ്യമന്ത്രി പറഞ്ഞു. അവരുമായെല്ലാം ചർച്ചകൾ നടന്നു വരികയാണ്. വിവിധ ജില്ലകളിലായി ഇത്തരം സംരംഭങ്ങൾക്ക് തുടക്കമിടാനാണ് സർക്കാർ ലക്ഷ്യമിടുന്നത്

-അദ്ദേഹം പറഞ്ഞു. പദ്ധതി ഉറപ്പായപ്പോൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നും ലഭിക്കുന്നത് നിരവധി അഭിനന്ദന സന്ദേശങ്ങളാണ്. അതിരുകളില്ലാത്ത വികസനം പ്രദാനം ചെയ്യുന്ന ഐ.ടി മേഖലയിൽ കേരളത്തിന്റെ സാന്നിദ്ധ്യം ഉറപ്പിക്കാൻ തിരുവനന്തപുരം ടെക്നോപാർക്കിനും കൊച്ചി ഇൻഫോപാർക്കിനും ജീവൻ നൽകിയത് എൽഡിഎഫ് സർക്കാരാണ്. സ്മാർട്ട്സിറ്റി പദ്ധതി ഈ രംഗത്തെ അനുസ്യൂത വളർച്ചയ്ക്കായുള്ള സർക്കാരിന്റെ തുടർ സംഭാവനയാണ്. പതിനായിരങ്ങൾ കൊച്ചിയിലേയ്ക്ക് ഇനിയുള്ള വർഷങ്ങളിൽ തൊഴിൽ തേടിയെത്തുമ്പോൾ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങളെ സർക്കാർ പൂർണ ഗൗരവത്തോടെയാണ് കാണുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. ശിലാസ്ഥാപനച്ചടങ്ങിന്റെ നാല് ദിവസങ്ങൾക്കുള്ളിൽ പദ്ധതി പ്രദേശത്തേക്കുള്ള നാലുവരിപ്പാതയുടെ ശിലാസ്ഥാപനം നിർവഹിച്ചും ദേശീയ ജലപാത 3 ന്റെ പ്രവർത്തനോദ്ഘാടനം നടത്തിയും മുഖ്യമന്ത്രി വികസനപദ്ധതികളുടെ ഗതിവേഗമെങ്ങനെയെന്ന് തെളിയിച്ചു.

വിവര സാങ്കേതികതയിൽ അധിഷ്ഠിതമായ വ്യവസായങ്ങളുടെ മികവിന്റെ കേന്ദ്രമായി കൊച്ചിയെ മാറ്റുമെന്ന് ടീകോം ചെയർമാൻ അഹമ്മദ് ബിൻ ബിയാദ് പ്രത്യേക സന്ദേശത്തിൽ അറിയിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങൾ വികസിപ്പിക്കുന്ന ഐ.റ്റി. ടൗൺ ഷിപ്പുകളായ ദുബായ് ഇന്റർനെറ്റ് സിറ്റി, ദുബായ് മീഡിയാ സിറ്റി, ദുബായ് നോളജ് വില്ലേജ് എന്നിവയുടെ മാതൃകയിലാണ് കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയും വികസിപ്പിക്കുക. അടിസ്ഥാന വികസന സൗകര്യത്തിനൊപ്പം റീറ്റെയ്ൽ പാർപ്പിടങ്ങൾ, മാനസികോല്ലാസ സൗകര്യങ്ങൾ, ആശുപത്രികൾ, ഹോട്ടലുകൾ തുടങ്ങി നിരവധി സംരംഭങ്ങൾ സ്മാർട്ട് സിറ്റിയിലുണ്ടാകും. മാൾട്ടയിലെയും കൊച്ചിയിലെയും സ്മാർട്ട് സിറ്റികളാണ് തങ്ങൾ വികസന ശൃംഖലയിലെ രണ്ട് പ്രധാന കണ്ണികളായി കാണുന്നതെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ ഫരീദ് അബ്ദുൾ റഹ്മാൻ പറഞ്ഞു. ഇവിടെ ജോലി ചെയ്യുന്നവർക്ക് സഹോദര സ്ഥാപനങ്ങളുമായി ആശയവും അറിവും കൈമാറുന്നതിനും പങ്കു വയ്ക്കുന്നതിനുമുള്ള സൗകര്യത്തിനായി സംസ്ഥാന സർക്കാരുമായി ഒന്നിച്ച് പ്രവർത്തിക്കുമെന്ന് ടീകോം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അബ്ദുൽ ലത്തീഫ് അൽമുല്ല പറഞ്ഞു.

സ്മാർട്ട് സിറ്റി പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൊച്ചി അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടുകയാണെന്ന് ശിലാസ്ഥാപനച്ചടങ്ങിൽ ആധ്യക്ഷ്യം വഹിച്ച സ്മാർട്ട് സിറ്റി പദ്ധതി ചെയർമാൻ കൂടിയായ മന്ത്രി. എസ്. ശർമ പറഞ്ഞു. ഇത്തരം വൻ സംരംഭങ്ങൾ നൽകുന്ന അവസരങ്ങൾ കരഗതമാക്കാൻ കേരളത്തിലെ ഇളം തലമുറ പ്രാപ്തരാകണം- മന്ത്രി പറഞ്ഞു.

കേരളത്തിൽ വിദേശനിക്ഷേപം വരാതി

രിക്കാനുള്ള കാരണം ട്രേഡ് യൂണിയനിസം ആണെന്ന പ്രചാരണത്തിന് ഉചിതമായ മറുപടിയാണ് സ്മാർട്ട് സിറ്റി പദ്ധതിയെന്ന് മന്ത്രി. സി.ദിവാകരൻ പറഞ്ഞു. കേരളത്തിന്റെ വികസനപരിപ്രേക്ഷ്യത്തിനു പുതിയ മാനം നൽകുന്ന പദ്ധതിയാണിതെന്ന് മന്ത്രി എൻ.കെ പ്രേമചന്ദ്രൻ അഭിപ്രായപ്പെട്ടു. കേരളത്തിന്റെ ഭാവിവികസനത്തിൽ സ്മാർട്ട് സിറ്റി നിർണായകമാകുമെന്ന് മന്ത്രി മോൻസ് ജോസഫ് ചൂണ്ടിക്കാട്ടി.

തലേദിവസം തന്നെ ഇൻഫോപാർക്കിൽ നടന്ന ചടങ്ങിൽ പദ്ധതിക്കാവശ്യമായ 234.50 ഏക്കർ സ്ഥലം 99 വർഷത്തെ പാട്ടക്കരാറിൽ കൈമാറി. 99.40 കോടി രൂപയാണ് ഈയിനത്തിൽ സർക്കാരിന് ലഭിച്ചത്. 11.50 ഏക്കർ ഭൂമി കൂടി താമസിയാതെ കരാർ വ്യവസ്ഥയിൽ നൽകും. സംസ്ഥാന സർക്കാരിനു വേണ്ടി ഐ.റ്റി സെക്രട്ടറി ഡോ. അജയ്കുമാറും ടീകോമിന് വേണ്ടി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാരിദ് അബ്ദുൾ റഹ്മാനും കരാറിൽ ഒപ്പിട്ടു.

തങ്ങളുടെ നഗരം സ്മാർട്ടാകുന്നതിലെ ആഹ്ളാദത്തിലായിരുന്നു കൊച്ചി നിവാസികൾ. ലളിതമെങ്കിലും പദ്ധതിയുടെ പ്രൗഢിയും സാധ്യതകളും വിളിച്ചറിയിക്കുന്നതായിരുന്നു ഉദ്ഘാടനച്ചടങ്ങ്.

ഉദ്ഘാടനച്ചടങ്ങിൽ പദ്ധതിയെപ്പററിയുള്ള മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള ഡെമോയും പ്രദർശിപ്പിച്ചു. ടീകോമും ഐ&പി ആർ ഡിയും പദ്ധതിയെ സംബന്ധിച്ചുള്ള ലഘുപുസ്തകവും ബ്രോഷറുകളും വിതരണം ചെയ്തു. പദ്ധതിയുടെ ശില പാകൽ ലോകമെമ്പാടുമുള്ള വാർത്താ മാധ്യമങ്ങളുടെ സാന്നിധ്യത്താൽ ശ്രദ്ധേയമായി.

ചീഫ് സെക്രട്ടറി പി.ജെ. തോമസ് സ്വാഗതവും ജില്ലാ കളക്ടർ എ.പി.എം. മുഹമ്മദ് ഹനീഷ് നന്ദിയും പറഞ്ഞു. സ്മാർട്ട് സിറ്റി മാർക്കറ്റിങ് ഡയറക്ടർ ജാസിയാ മുഹമ്മദ്, കെ. ബാബു എം.എൽ.എ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു.

എം.പി മാരായ കെ.ചന്ദ്രൻപിള്ള, പി.സി തോമസ്. എം.എൽ.എ മാരായ സി.എം.ദിനേശ് മണി, എം.എം. മോനായി, എ.എം. യൂസഫ്, സാജുപോൾ, ടി.യു കുരുവിള, ജോസ് തെറ്റയിൽ, മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഷീലാതോമസ്, പൊളിറ്റിക്കൽ സെക്രട്ടറി കെ.എൻ. ബാലഗോപാൽ, ജി.സി.ഡി.എ ചെയർപേഴ്സൺ എം.സി.ജോസഫൈൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.എസ് ഷൈല, മേയർ പ്രൊഫ. മേഴ്സി വില്യംസ്, മുഖ്യമന്ത്രിയുടെ ഐ.റ്റി. ഉപദേഷ്ടാവ് ജോസഫ് സി.മാത്യു, സ്മാർട്ട് സിറ്റി പ്രോജക്ട് ഡയറക്ടർ ബാബുജോർജ് തുടങ്ങി നിരവധി വിശിഷ്ട വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.■

# പുത്തൻ അനുഭവമായ മുഖാമുഖം

**വ്യ**വസായ മേഖലയിൽ കഴിഞ്ഞ അര നൂറ്റാണ്ടായി സംസ്ഥാനത്തിന്റെ ബ്രാൻഡ് അമ്പാസഡർമാരായ 50 വ്യവസായ പ്രമുഖരുമായി വ്യവസായ മന്ത്രി എളമരം കരിം കൊച്ചിയിൽ മുഖാമുഖം നടത്തി. ഹോട്ടൽ ലേ മെറിഡിയനിൽ നടന്ന മുഖാമുഖം പുത്തനനുഭവമായിരുന്നുവെന്ന് വ്യവസായികൾ. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേരള വ്യവസായത്തിന്റെ ഭാവിയാണ് മുഖാമുഖം ചർച്ച ചെയ്തത്.

സുവർണ ജൂബിലി വേളയിൽ 50 പുതിയ വ്യവസായ യൂണിറ്റുകളെങ്കിലും തുടങ്ങുകയെന്ന സർക്കാരിന്റെ താത്പര്യത്തോട് വ്യവസായികൾ അനുഭാവപൂർവമാണ് പ്രതികരിച്ചത്. കേരളത്തിന്റെ വികസനത്തിനായി ഒരു കൈയായി പ്രവർത്തിക്കാൻ സന്നദ്ധത അറിയിച്ച അവർ സംസ്ഥാനത്തെ നിലവിലുള്ള അന്തരീക്ഷം നിക്ഷേപ സൗഹൃദമാണെന്നും കൂട്ടിച്ചേർത്തു.

ഒന്നരവർഷത്തെ ഭരണത്തിനിടയിൽ വ്യവസായ മേഖലയിലെ അനാരോഗ്യ പ്രവണതയ്മക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത സമീപനമാണ് സർക്കാർ എടുത്തതെന്ന് വ്യവസായ മന്ത്രി അറിയിച്ചു. കൊച്ചി തുറമുഖത്തും വാളയാർ ചെക്ക്പോസ്റ്റിലും സർക്കാർ എടുത്ത സമീപനങ്ങളുടെ ഗുണഫലം കാണാനായി. സർക്കാർ അംഗീകരിച്ച നയം കണിശമായും നടപ്പാക്കുന്നതിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ലെന്ന് ഓർമിപ്പിച്ചു.



സ്വകാര്യമേഖലയിലേതുപോലെ പൊതുമേഖലയിലും ഒരു പുത്തൻ സംസ്കാരം വളർന്നുവരുന്നുവെന്നു പറഞ്ഞ മന്ത്രി പലതും നഷ്ടത്തിൽ നിന്ന് ലാഭത്തിലേക്കു വരുന്നതും ചൂണ്ടിക്കാട്ടി. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായുള്ള സംയുക്ത സംരംഭങ്ങളും സംസ്ഥാന പൊതുമേഖലയ്ക്ക് പുതുജീവൻ നൽകുന്നതാണ്. ചരിത്രത്തിലാദ്യമായി 20000 കോടി രൂപയുടെ സംയുക്ത സംരംഭ നിർദേശങ്ങളാണ് കേന്ദ്ര പൊതുമേഖല മുന്നോട്ടു വച്ചിട്ടുള്ളതെന്നും എളമരം പറഞ്ഞു.

ഇത്തരം സംരംഭങ്ങളുടെയെല്ലാം ഗുണഫലങ്ങൾ സ്വായത്തമാക്കാൻ സ്വകാര്യ സംരംഭകരും മുന്നോട്ടു വരണം.

കേരളത്തിന്റെ സുവർണ ജൂബിലിയാഘോഷവേളയിൽ തുടങ്ങുന്ന വ്യവസായ സംരംഭങ്ങൾക്ക് ക്ളിയറൻസ് നേടിക്കൊടുക്കുന്നതിന് ഓരോ വ്യവസായ നിർദേശങ്ങൾക്കും ഓരോ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമെന്ന് മന്ത്രി അറിയിച്ചു. എല്ലാ ഓഫീസുകളുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർ തന്നെ ക്ളിയറൻസ് സമ്പാദിച്ചു നൽകും.

ഈ വേളയിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലുള്ള നിയമമനുസരിച്ച് ഉടൻ നൽകാൻ നടപടിയെടുക്കും. ഈ കാലയളവിലുള്ള നിക്ഷേപങ്ങൾക്ക് പ്രത്യേക പാക്കേജ് നൽകണമോഎന്നത് പരിശോധിച്ച് കെ.എസ്.ഐ.ഡി.സി വഴി നടപ്പാക്കും. കെ.എസ്.ഐ.ഡി.സി, കിൻഫ്രാ എന്നിവയുടെ പക്കലുള്ള ഭൂമി ആവശ്യപ്രകാരം കൈമാറാനും തയ്യാറാണ്-മന്ത്രി പറഞ്ഞു.

അടിസ്ഥാന വികസനരംഗത്തും സ്വകാര്യ മേഖലയിൽ നിന്നുള്ള ഒട്ടേറെ പ്രധാന സംരംഭകർ കേരളത്തിലേക്കു വരുന്നുണ്ട്. ഇതിനു ചുക്കാൻ പിടിക്കാൻ സർക്കാരിന്റെ 26 ശതമാനം ഓഹരിയോടെ തുടങ്ങിയ ഇൻകെൽ പൂർണ തോതിൽ പ്രവർത്തനമാരംഭിക്കുന്നതോടെ കൂടുതൽ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനാകുമെന്നും മന്ത്രി പറഞ്ഞു.

**ചന്ദ്രഹാസൻ വടുതല** (എഐഒ)

ടി.സി ജോസഫ്

## വാളയാറിൽ നിന്നും എറണാകുളത്തേക്ക

# തുടരുന്ന പോരാട്ടം



വാളയാറിൽ നിന്ന് എറണാകുളത്തേക്ക് ക്യാമ്പയിൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാനത്തെ വാണിജ്യ നികുതി വരുമാനത്തിന്റെ 50 ശതമാനത്തിലധികം എറണാകുളം ജില്ലയിൽ നിന്നാണ് ലഭിക്കുന്നത്.

സിംഹത്തെ അതിന്റെ മടയിൽ ചെന്നു നേരിടുന്നതു പോലെയാണ് അഴിമതിക്കെതിരെയുള്ള പോരാട്ടത്തിന് വാളയാർ തന്നെ തിരഞ്ഞെടുത്തതിലൂടെ സർക്കാർ ചെയ്തത്. അതിന്റെ വിജയം നൽകുന്ന ആവേശം കൈമുതലാക്കി അഴിമതി തുടച്ചു നീക്കാനുള്ള പ്രവർത്തനങ്ങൾ എറണാകുളത്തേക്കും വ്യാപിപ്പിക്കുകയാണ് സർക്കാർ. അഴിമതിരഹിത വാളയാർ പദ്ധതിയുടെ തുടർച്ചയായി 'വാളയാറിൽ നിന്ന് എറണാകുളത്തേക്ക്' ക്യാമ്പയിൻ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്തു.

അതിർത്തി കടന്നെത്തുന്ന ചരക്കുകളുടെ കണക്കുകൾ സമാഹരിക്കുക എന്നതാണ് ചെക്പോസ്റ്റുകളുടെ സുപ്രധാന ധർമം. കണക്കുകൾ ഇങ്ങനെ സമാഹരിക്കപ്പെടുന്നതു കൊണ്ടു മാത്രമായില്ല. ഇതര ജില്ലകളിലെ നികുതി ഭരണത്തിന്റെ കാര്യക്ഷമത ഉയർത്തുന്നതിനായി ഈ കണക്കുകൾ വിനിയോഗിക്കാൻ കഴിയണം. ഇത് സാധ്യമാകുന്നതോടെ നികുതി ഭരണത്തിൽ ഗുണപരമായ വ്യത്യാസമുണ്ടാകും. ഇത്തരത്തിലൊരു പരീക്ഷണമാണ് എറണാകുളത്ത് നടക്കുന്നത്.

സംസ്ഥാനത്തെ വാണിജ്യ നികുതി വരുമാനത്തിന്റെ 50 ശതമാനത്തിലധികം എറണാകുളം ജില്ലയിൽ നിന്നാണ് ലഭിക്കുന്നത്. ഈ ജില്ലയിൽ നികുതി സമാഹരണത്തിലും നികുതി ഭരണത്തിലും ഗുണപരമായ വ്യത്യാസമുണ്ടായാൽ അത് ഇതര ജില്ലകളിലെ നികുതി വകുപ്പിന്റെയും മറ്റു വകുപ്പുകളുടെയും കാര്യക്ഷമത ഉയർത്തും.

വാളയാർ ക്യാമ്പയിനിലൂടെ സമാഹരിക്കുന്ന കണക്കുകൾ ഉപയോഗിച്ച് എറണാകുളത്ത് നികുതി ഭരണത്തിൽ ശാസ്ത്രീയമായ ചില ക്രമീകരണങ്ങൾ വരുത്തുന്നതിനാണ് ശ്രമിക്കുന്നത്. വ്യാപാരികൾക്കും ബഹുജനങ്ങൾക്കും സൗഹൃദപൂർവമായ നവീകരിച്ച ഓഫീസുകൾ, ലഭ്യമാകുന്ന സേവനങ്ങൾ ഉറപ്പുനൽകുന്ന പൗരാവകാശരേഖ, അഴിമതി ഇല്ലാതാക്കൽ ഇവയെല്ലാം ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.

പൗരാവകാശരേഖയിലൂടെ വ്യാപാരികൾക്കും ബഹുജനങ്ങൾക്കും താഴെപ്പറയുന്ന അവകാശങ്ങളാണ് ഉറപ്പു നൽകുന്നത്.

- സർട്ടിഫിക്കറ്റുകളും രേഖകളും സമയബന്ധിതമായി നൽകും.
- നികുതി നിരക്കുകളെ സംബന്ധിച്ചും നടപടിക്രമങ്ങളെ സംബന്ധിച്ചും വ്യാപാരികൾക്കുള്ള സംശയനിവാരണത്തിനും വ്യാപാരികളുടെ സഹായത്തിനുമായി ഫെസിലിറ്റേഷൻ സെന്റർ, ഹെൽപ് ഡെസ്ക് എന്നിവ ആരംഭിക്കും.
- എല്ലാ വാണിജ്യനികുതി ഓഫീസുകളിലും സന്ദർശകർക്ക് ഇരിപ്പിടങ്ങളും കുടിവെള്ളവും ടോയ്‌ലറ്റ് സൗകര്യവും ലഭ്യമാക്കും.
- നികുതി റിട്ടേണുകളിലെ ന്യൂനതകൾ അവ സമർപ്പിക്കുന്ന സമയത്തുതന്നെ പരിശോധിച്ച് പരിഹരിക്കുന്നതിന് വേണ്ട സഹായങ്ങൾ ഉദ്യോഗസ്ഥർ നൽകുന്നതാണ്.
- പ്രതിമാസ റിട്ടേണുകൾ സമർപ്പിച്ചാൽ ഒരു മാസത്തിനകം ഇതു സംബന്ധിച്ച തീർപ്പ് നൽകും.
- ഇ-റിട്ടേൺ ഫയലിങ്ങിന് വ്യാപാരികൾക്ക് വകുപ്പ് പരിശീലനം നൽകും.
- അപ്പലേറ്റ് ഓർഡർ ഓഫീസിൽ ലഭിച്ചുകഴിഞ്ഞ് മൂന്നുമാസത്തിനുള്ളിൽത്തന്നെ അതിൻപ്രകാരമുള്ള റിവൈസ്ഡ് ഓർഡറുകൾ നൽകും.
- അസസ്മെന്റ് ഓർഡറുകൾ നൽകുമ്പോൾ, അടച്ച നികുതിക്ക് പൂർണമായി ക്രെഡിറ്റ് നൽകാത്ത കേസുകളിൽ ബാങ്ക് പാസ്സ്ബുക്കിലെ ഡെബിറ്റ് എൻട്രിയുടെ അടിസ്ഥാനത്തിലോ മറ്റു തെളിവുകളുടെ അടിസ്ഥാനത്തിലോ ക്രെഡിറ്റ് നൽകി ഓർഡർ റിവൈസ് ചെയ്തു നൽകും.
- ജില്ലാതല പരാതി പരിഹാര സെൽ രൂപീകരിക്കും. എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിക്കും. ഇ-മെയിൽ വഴിയും പരാതികൾ സമർപ്പിക്കാവുന്നതാണ്. ലഭിക്കുന്ന പരാതികളിൽ മാസം തോറും ജില്ലാ തലത്തിൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.■

# ഭാഷ പൈതൃകത്തിന്റെ അടയാളം

പൈതൃകത്തിന്റെ അടയാളമാണ് ഭാഷയെന്ന് നിയമ-യുവജനകാര്യ മന്ത്രി എം.വിജയകുമാർ പറഞ്ഞു. മലയാളിയുടേതായ തിരിച്ചറിവുകൾ നഷ്ടപ്പെട്ട, മലയാളമറിയാത്ത ഒരു തലമുറ ഉണ്ടാവാതെ നോക്കേണ്ടതുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സെക്രട്ടേറിയറ്റ് ദർബാർ ഹാളിൽ മലയാള ദിനവും ഭരണഭാഷാ വാരാഘോഷവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. *ജനപഥം* ഭാഷാപതിപ്പ് മന്ത്രി പ്രകാശനം ചെയ്തു. കെട്ടിലും മട്ടിലും മികച്ചനിലവാരം പുലർത്തുന്ന മാസികയാണ് *ജനപഥ*മെന്ന് മന്ത്രി പറഞ്ഞു.

വിപണിയിൽ ലഭ്യമായതിൽ ഏറ്റവും ഭംഗിയായി സംവിധാനം ചെയ്ത് പ്രസിദ്ധീകരിക്കുന്ന മാസികയാണ് *ജനപഥ*മെന്ന് പ്രൊഫ. പന്മന രാമചന്ദ്രൻ നായർ വിലയിരുത്തി. ഭാഷാപരമായ ശുദ്ധി സൂക്ഷിക്കുന്ന അപൂർവം മാസികകളിലൊന്നാണിതെന്ന് അദ്ദേഹം പറഞ്ഞു. സാംസ്കാരിക പ്രസക്തിയുള്ള വിഷയങ്ങൾ കണ്ടെത്തി അവതരിപ്പിക്കുന്നതിൽ വിജയിച്ച മാസികയാണ് *ജനപഥ*മെന്ന് ഔദ്യോഗിക ഭാഷാ വിദഗ്ധൻ ഏഴുമറ്റൂർ രാജരാജവർമ പറഞ്ഞു. ഭാഷാപരമായും സാംസ്കാരികമായും വിട്ടുപോയ മൂല്യങ്ങളെക്കുറിച്ച് നമ്മെ ഓർമിപ്പിക്കുകയെന്ന ധാർമികമായ ചുമതല ഈ മാസിക നിർവഹിക്കുന്നുണ്ട്.

10,000 രൂപയും സത്സേവന രേഖയുമടങ്ങുന്ന ഭരണഭാഷാ പുരസ്കാരം ലിബു ബാബുവിന് മന്ത്രി സമ്മാനിച്ചു. രണ്ടാം സമ്മാനമായ 5000 രൂപ എ.എസ്.ശശിധരൻ ഏറ്റുവാങ്ങി.

അഡീഷണൽ ചീഫ് സെക്രട്ടറി കെ.ജെ.മാത്യു അദ്ധ്യക്ഷനായിരുന്നു. എം.ബി.എസ്.യൂത്ത്ക്വയർ അവതരിപ്പിച്ച കേരള ഗാനങ്ങളും പഞ്ചവാദ്യമേളവും ആഘോഷത്തിന് നിറപ്പകിട്ടേകി.

ഔദ്യോഗിക ഭാഷാ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജിജി തോംസൺ, അഡീഷണൽ സെക്രട്ടറി തങ്കപ്പൻ എന്നിവർ സംസാരിച്ചു.



**മലയാളദിനത്തോടനുബന്ധിച്ച് *ജനപഥം* ഭാഷാപ്പതിപ്പ് മന്ത്രി എം. വിജയകുമാർ പന്മന രാമചന്ദ്രൻ നായർക്ക് നൽകി പ്രകാശനം ചെയ്യുന്നു.**

# ഏഴ് ചിത്രകാരന്മാരുടെ ചിത്രപ്രദർശന പരമ്പര

ചിത്രകലാ രംഗത്തെ നൂതനരീതികളും ശൈലികളും ആവിഷ്കരിക്കുന്ന ഏഴ് യുവ ചിത്രകാരന്മാരുടെ ചിത്രപ്രദർശന പരമ്പര ആരംഭിച്ചു. വടകരയിലും കോഴിക്കോട് ലളിതകലാ അക്കാദമി ഹാളിലും നടന്ന പ്രദർശനങ്ങൾക്കു ശേഷം ഡിസംബറിൽ എറണാകുളത്തും മാർച്ചിൽ ബാംഗ്ലൂരിലും തുടർന്ന് രാജ്യത്തിന്റെ വിവിധ നഗരങ്ങളിലും ഇവരുടെ സൗഹൃദ ചിത്രപ്രദർശനം നടക്കും. ചിത്രകലയ്ക്കു പുറമെ സംഗീതം, സാഹിത്യം, ഫോട്ടോഗ്രഫി, സിനിമ തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുന്നവരാണിവർ.

മാഹി മലയാള കലാഗ്രാമത്തിൽ പഠിച്ച പി.ശ്രീകുമാർ, ജി.ജഗദീഷ്, .രാജേഷ് കെ. എടച്ചേരി, ഒ.ബാബു, ടി.വി.സജേഷ്, റോണി ജയിംസ് മാർട്ടിൻ, പ്രവീൺ ചന്ദ്രൻ മൂടാടി എന്നിവരാണ് ഇന്ററാക്ഷൻ ഗ്രൂപ്പിലെ ചിത്രകാരന്മാർ.

ഇംപ്രഷനിസ്റ്റ്, സർ റിയലിസ്റ്റിക് രീതികളിലാണെങ്കിലും ദുരൂഹതകൾ ഇല്ലാതെ പ്രേക്ഷകരുമായി എളുപ്പം സംവദിക്കുന്നവയാണ് ചിത്രങ്ങൾ. ഒരിടത്ത് പ്രദർശിപ്പിച്ച സൃഷ്ടികൾ അടുത്ത സ്ഥലത്ത് പ്രദർശിപ്പിക്കുന്നില്ല എന്നതും ഇവരുടെ പ്രത്യേകതയാണ്.

ഇവരെല്ലാവരും തന്നെ ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സൗത്ത് ഏഷ്യൻ ഫ്രെട്ടേർനിറ്റിയുടെ സജീവ പ്രവർത്തകരാണ്.

# കേരള പവലിയന് വീണ്ടും ബഹുമതി



ഡൽഹി പ്രഗതി മൈതാനിൽ നടന്ന ഇരുപത്തിയേഴാമത് അന്താരാഷ്ട്ര വ്യാപാര മേളയിലെ മികച്ച സംസ്ഥാന പവലിയനുള്ള സ്വർണമെഡൽ കേരളത്തിന് ലഭിച്ചു. ഡൽഹി ലഫ്റ്റനന്റ് ജനറൽ തേജീന്ദർ ഖന്നയിൽ നിന്നും വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർ പി. വേണുഗോപാൽ ഐ. എ.എസ് പുരസ്കാരം ഏറ്റുവാങ്ങി. പന്ത്രണ്ടാം തവണയാണ് രാജ്യാന്തര വ്യാപാര മേളയിൽ കേരളം സ്വർണമെഡൽ നേടുന്നത്.

കാർഷിക വ്യവസായവും ഭക്ഷ്യസംസ്കരണവും എന്നതായിരുന്നു ഇത്തവണ വ്യാപാര മേളയുടെ വിഷയം.

തിരുവനന്തപുരം ബാലരാമപുരം സ്വദേശി ആർട്ടിസ്റ്റ് സി.ബി.ജിനന്റെ നേതൃത്വത്തിൽ ഷാഡോസ് ഏജൻസിയാണ് ഇത്തവണയും പവലിയൻ ഡിസൈൻ ചെയ്തത് . വ്യവസായ വകുപ്പ്, വനം വകുപ്പ്, ഫാം ഇൻഫർമേഷൻ ബ്യൂറോ, കുടുംബശ്രീ തുടങ്ങിയ നിരവധി സർക്കാർ ഏജൻസികളും സ്വകാര്യ ഏജൻസികളും കേരള പവലിയനിൽ വിവിധ സ്റ്റാളുകളിലായി അണിനിരന്നു. അഞ്ചുകോടിയിലേറെ രൂപയുടെ വ്യാപാരം നടന്നു. പതിനാലു ദിവസം കൊണ്ട് പന്ത്രണ്ടു ലക്ഷത്തോളം പേരാണ് പവലിയൻ സന്ദർശിച്ചത്. വിവര പൊതുജന സമ്പർക്ക വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എ.ഫിറോസാണ് ഈ വർഷവും പവലിയൻ ഡയറക്ടർ.



പാർലമെന്ററി കാര്യവകുപ്പിന്റെ പ്രഭാഷണ പരമ്പര മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു. സി.പി.ഐ. (എം) അഖിലേന്ത്യ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട്, മന്ത്രി എം. വിജയകുമാർ, അഡ്വ. എ. സമ്പത്ത് എം.പി., ഗ്യാനേഷ് കുമാർ ഐ.എ.എസ് എന്നിവർ സമീപം.

# പാർലമെന്ററികാര്യ വകുപ്പ് പ്രഭാഷണ പരമ്പര തുടങ്ങി

ചരിത്രപ്രസിദ്ധമായ ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവും പാസാക്കിയ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരെ അന്നത്തെ പ്രതിപക്ഷം നിയമസഭയിൽ നടത്തിയ സമരപരമ്പര സ്പീക്കർ ആർ.ശങ്കരനാരായണൻ തമ്പി അക്ഷോഭ്യനായി നേരിട്ടത് മറക്കാനാവില്ലെന്ന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ അഭിപ്രായപ്പെട്ടു. സർക്കാരിന്റെ ശരിയായ നയങ്ങൾ ജനങ്ങളെ ബോധ്യപ്പെടുത്താൻ അദ്ദേഹം കൈക്കൊണ്ട സമീപനം ഏറെ ഫലം ചെയ്തു. പാർലമെന്ററിരംഗത്ത് ശങ്കരനാരായണൻ തമ്പി എങ്ങനെ ശോഭിച്ചുവെന്നത് പുതുതലമുറയ്ക്ക് പഠിക്കാൻ വക നൽകുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് സംഘടിപ്പിക്കുന്ന പ്രഭാഷണപരമ്പര തിരുവനന്തപുരത്ത് പഴയ നിയമസഭാമന്ദിരത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ശങ്കരനാരായണൻ തമ്പി സ്മാരകപ്രഭാഷണം സി.പി.എം.അഖിലേന്ത്യാ ജനറൽ സെക്രട്ടറി പ്രകാശ് കാരാട്ട് നിർവഹിച്ചു. ഇന്ത്യയുടെ വിദേശനയത്തെയും സുരക്ഷയെയും ബാധിക്കുന്ന പ്രശ്നങ്ങൾ പൊതുജനങ്ങളുടെ മുന്നിൽ ചർച്ചയ്ക്കായി കൊണ്ടുവരാൻ കഴിഞ്ഞതിൽ ചാരിതാർത്ഥ്യമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. മന്ത്രിമാരായ ബിനോയ് വിശ്വം, കെ.പി.രാജേന്ദ്രൻ, ചീഫ് സെക്രട്ടറി പി.ജെ. തോമസ്, പാർലമെന്ററികാര്യവകുപ്പ് സെക്രട്ടറി ഗ്യാനേഷ്കുമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പാർലമെന്ററികാര്യ മന്ത്രി എം. വിജയകുമാർ അധ്യക്ഷനായിരുന്നു.



# ആലപ്രയിൽ പടയണി ഗ്രാമമൊരുങ്ങുന്നു

വിനോദസഞ്ചാര വികസനം ലക്ഷ്യമാക്കി ആലപ്ര തച്ചരിക്കൽ ശ്രീ ഭദ്രകാളി ക്ഷേത്രത്തോടനുബന്ധിച്ച് പടയണി ഗ്രാമം ഒരുങ്ങുന്നു. കോട്ടയം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആലപ്ര തച്ചരിക്കൽ ശ്രീ ഭദ്രാ പടയണി സംഘത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി തയ്യാറാക്കുന്നത്. പടയണിക്കളരി, മ്യൂസിയം തുടങ്ങിയവ നിർമിക്കും.

# മൊഴിച്ചെപ്പ്

വർഗീയത ഒരു മാനസികാവസ്ഥയാണ്, നിലപാടാണ്, മനോഭാവമാണ്. എന്നാൽ എല്ലാ നേട്ടങ്ങളും തനിക്കോ തന്റെ ജാതിക്കോ മാത്രമേ കിട്ടാവൂ എന്നും പുറംജാതിക്കാർക്ക് കിട്ടിക്കൂടാ എന്നും ശാഠ്യം പിടിക്കുമ്പോഴാണ് അത് വർഗീയതയായി മാറുന്നത്.

**ജസ്റ്റിസ് സിറിയക് തോമസ്**

---

ജന്മിയുടെ വീടുകളിൽ കുടിയാന്മാർ ചെന്ന് വായും പൊത്തിനിന്ന് തമ്പുരാനേ എന്ന് വിളിച്ചിരുന്ന സമ്പ്രദായത്തിന് ഇളക്കം തട്ടിച്ചത് ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാർ അധികാരത്തിൽ വന്നപ്പോഴാണ്. തുടർന്ന് വളരെയധികം മാറ്റം സംഭവിച്ചെങ്കിലും ഇപ്പോഴും അവിടവിടെയായി തമ്പുരാൻ, അടിയാൻ വിളി നിലനിൽക്കുന്നു. നീതിപീഠങ്ങളിലും അതിന്റെ അംശം നിലനിൽക്കുന്നു.

**വി.എസ്.അച്യുതാനന്ദൻ**
*കോടതികളിൽ ലിറ്റിഗന്റ് ബെഞ്ചിന്റെ ഉദ്ഘാടന വേളയിൽ*

---

ഒ.എൻ.വി. കുറുപ്പ് എന്തു തന്നു എന്ന് വരും തലമുറയോട് ചോദിച്ചാൽ അവർ പറയും എന്തിലും ഏതിലും സൗന്ദര്യം കാണാൻ കണ്ണു തന്നു, സ്വാതന്ത്ര്യത്തെ അറിയാൻ മനസ്സു തന്നു, അന്യദു:ഖത്തിൽ കണ്ണുനിറയാൻ കണ്ണീരു തന്നു, അനീതിക്കെതിരെ ശബ്ദിക്കാൻ വാക്കിന്റെ മൂർച്ച തന്നു, ഇന്നലെകളുടെ സ്വരോച്ചാരണങ്ങളുടെ മുഴുവൻ ഛന്ദസ്സു തന്നു, അതിനു വേണ്ടി കാവലിരിക്കാൻ ഉണർവു തന്നു.

**പ്രൊഫ. വി.മധുസൂദനൻ നായർ**

---

പാഠ്യപദ്ധതിയിൽ ഒതുങ്ങിനിൽക്കുന്ന വിദ്യാഭ്യാസം കഴിഞ്ഞു പുറത്തിറങ്ങുമ്പോൾ ഷർട്ടിന്റെ ബട്ടൻസ് തുന്നാൻ പോലും അറിയില്ല. തുന്നലും മറ്റും പഠിപ്പിക്കുന്ന സ്പെഷ്യലിസ്റ്റ് അധ്യാപകർ പോലും വേണ്ടെന്നാണ് പുതിയ സമീപനം. ഡോക്ടർമാരെയും എഞ്ചിനീയർമാരെയും വാർത്തെടുക്കുന്ന ഫാക്ടറിയാക്കി വിദ്യാലയങ്ങളെ മാറ്റാനാണ് എല്ലാവർക്കും താത്പര്യം.

**മന്ത്രി എം.എ.ബേബി**
*സംസ്ഥാന സ്കൂൾ ശാസ്ത്ര പ്രവൃത്തി പരിചയമേളയുടെ ഉദ്ഘാടന വേളയിൽ*



സതേൺ ബേഡ്‌വിങ് (ട്രോയ്ഡ്സ് മിനോസ്)



ബങ്കാൾ പാ



കോമൺ ജ
(ഡെലിയസ്

# അപൂർവ്വ ശലഭങ്ങൾ

ചിത്രശലഭങ്ങൾ പാരിസ്ഥിതിക ആരോഗ്യത്തിന്റെ അടയാളങ്ങളാണ്. കീടനാശിനികളാൽ മലീമസമായ ലോകത്ത് ശലഭങ്ങൾക്ക് ജീവിക്കാൻ കഴിയില്ല. തെക്കൻ യൂറോപ്പിൽ കാലി മേച്ചു നടന്നിരുന്നവർക്ക് വസന്തകാലത്ത് പ്രത്യക്ഷപ്പെടുന്ന വെണ്ണ നിറത്തിലുള്ള ബ്രംസ്റ്റോൺ (Brimstone) ശലഭങ്ങളുടെ കൂട്ടപ്പറക്കൽ കണ്ട് 'ബട്ടർ' 'ഫ്‌ളൈ' ചെയ്യുന്നതു പോലെ തോന്നി. അങ്ങനെയാണ് ചിത്രശലഭങ്ങളെ ബട്ടർഫ്‌ളൈ എന്നു വിളിച്ചു തുടങ്ങിയത്.


ഇന്ത്യയിൽ അഞ്ച് കുടുംബത്തിലായി 1500 ൽ പരം ഇനം ചിത്രശലഭങ്ങളെ ഇതുവരെ കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ 320 ൽപരം ഇനങ്ങൾ ഉണ്ട്. ഇന്ത്യയിൽ കാണുന്നതിൽ ഏറ്റവും വലിയ ചിത്രശലഭം ഗരുഡശലഭമാണ് (Southernbird wing). പാപ്പിലിയോനിഡെ കുടുംബത്തിൽപ്പെട്ട ഇതിന്റെ ശാസ്ത്രീ

യനാമം Troides
വലിയ നിശാശല
ത്തിൽ ഇത് ധാര
ചിത്രശലഭങ്ങളു
ഭങ്ങളുടെ സ്പർ
യാണ് എന്നതാ
ലഭങ്ങളുടെ സ്പ
പോലെയോ അ
ഇരിക്കുന്നു. നിശാ
അപൂർവം ചില

334 തരത്തിൽപ്പെ
യിട്ടുണ്ട്. കേരളത്ത
ചിലവയെ പരിച




കോമൺ വണ്ടറർ (പെരേരോനിയ വലേറിയ)



യാം ഫ്ളൈ
(ലോക്ഷറ അറ്റൈംനസ്)



ഗ്രേറ്റ് എഗ് ഫ്‌ളൈ




കോമൺ ജസീബൽ
(ഗ്രാഫിയം
ഡോസം)



അറ്റ്ലസ് മോത്ത്



ബങ്കാൾ പാം ഡർട്ട് (*സെഫ്രിനിസ് ക്രൈസോസോണ*)




കോമൺ ജസീബൽ
(ഡെലിയസ് യുക്കൊരിസ്)

# ഫോട്ടോഫീച്ചർ

**ബിജു കാരക്കോണം**

യനാമം Troidesminos എന്നാണ്. ലോകത്തിലെ ഏറ്റവും ലിയ നിശാശലഭം അറ്റ്ലസ് ശലഭമാണ്. പെരിയാർ വന ത്തിൽ ഇത് ധാരാളമായി കാണപ്പെടുന്നു. നിശാശലഭങ്ങളും ിത്രശലഭങ്ങളും തമ്മിലുള്ള പ്രധാന വ്യത്യാസം നിശാശല ങ്ങളുടെ സ്പർശകങ്ങൾ ധാരാളം ശാഖകളോടു കൂടിയവ യാണ് എന്നതാണ്. തൂവലിനെ അനുസ്മരിപ്പിക്കും. ചിത്രശ ലഭങ്ങളുടെ സ്പർശകങ്ങൾക്ക് ശാഖകൾ ഇല്ല. അറ്റം മൊട്ടു പോലെയോ അല്പം വളഞ്ഞ നേർത്ത കമ്പിപോലെയോ ഇരിക്കുന്നു. നിശാശലഭങ്ങളെ രാത്രിയാണ് കാണുന്നതെങ്കിലും അപൂർവം ചില ഇനങ്ങൾ പകലും കാണപ്പെടുന്നു.

34 തരത്തിൽപ്പെട്ട ചിത്രശലഭങ്ങളെ കേരളത്തിൽ കണ്ടെത്തി യിട്ടുണ്ട്. കേരളത്തിലെ അപൂർവ ചിത്രശലഭങ്ങളിൽ ഏതാനും ിലവയെ പരിചയപ്പെടുക.






ബ്ലൂ മോർമോൺ (പാപ്പിലിയോ പോളിംസ്റ്റർ)



പീകോക്ക് പാൻസി (ജുനോനിയ അൽമന)



ടെയ്ൽഡ് ജേ (ഗ്രാഫിയം അഗമേമൊൻ)

നാട്ടുവിശേഷം

# സ്വപ്ന സാക്ഷാത്കാരമായി ഹജ്ജ്ഹൗസ്

## കരിപ്പൂരിൽ പുതിയ ഹജ്ജ് ഹൗസ് വരുന്നതോടെ താത്കാലിക ക്യാമ്പുകൾക്ക് വിരാമമാകുന്നു, തീർത്ഥാടകർക്ക് ആശ്വാസവും.

തീർത്ഥാടകരുടെ സ്വപ്ന സാക്ഷാത്കാരമെന്നോണം കരിപ്പൂരിൽ പൂർത്തീകരിച്ച ഹജ്ജ്ഹൗസ് കേരളപ്പിറവിയുടെ അമ്പതാം വാർഷികോപഹാരമായി മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നാടിനു സമർപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ദൃഢനിശ്ചയവും കരാറുകാരന്റെ ശുഷ്കാന്തിയും ഹജ്ജ്കമ്മിറ്റിയുടെ മേൽനോട്ടവുമാണ് നാലുനിലകളിലായി 72,000 ച.അടി വിസ്തീർണമുള്ള കെട്ടിടം ഏഴുമാസത്തിനുള്ളിൽ പൂർത്തീകരിച്ച് വിശ്വാസികൾക്ക് തുറന്നുകൊടുക്കാൻ സാധ്യമാക്കിയതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

ഹജ്ജിന്റെ ചുമതലയുള്ള മന്ത്രി പാലോളി മുഹമ്മദ്കുട്ടി ചടങ്ങിൽ അധ്യക്ഷനായുരുന്നു. കേന്ദ്ര സംസ്ഥാന മന്ത്രിമാർ, എം.പി.മാർ, എം.എൽ.എ.മാർ, മതപണ്ഡിതർ, മതസംഘടനാനേതാക്കൾ, രാഷ്ട്രീയ പ്രമുഖർ, ജനപ്രതിനിധികൾ, സാംസ്കാരിക നേതാക്കൾ തുടങ്ങി ആയിരങ്ങൾ ചടങ്ങിന് സാക്ഷിയായി.


വർഷാവർഷം കരിപ്പൂരിൽ ഹജ്ജ് തീർത്ഥാടകർക്കായി ഒരുക്കുന്ന താത്കാലിക ക്യാമ്പിനാണ് ഇതോടെ അറുതി വന്നിരിക്കുന്നത്. ഒന്നേകാൽ ഏക്കർ വിസ്തൃതിയിൽ പാർക്കിങ് സൗകര്യത്തോടെ ഇൻഡോ - ഇസ്ലാമിക് ശില്പ മാതൃകയിൽ പണിതിരിക്കുന്ന മനോഹരസൗധം കേരളത്തിന്റെ ഹജ്ജ് ചരിത്രത്തിലെ ഒരു നാഴികക്കല്ലായി കരുതാം.

മുംബൈയിൽ പോയി ആഴ്ചകളോളം കാത്തുകിടക്കേണ്ട അവസ്ഥയായിരുന്നു കേരളത്തിലെ ഹജ്ജ് തീർത്ഥാടകർക്ക് ഉണ്ടായിരുന്നത്. ഇപ്പോൾ എട്ടോ പത്തോ മണിക്കൂർ മുമ്പ് മാത്രം ക്യാമ്പിലെത്തിയാൽ മതിയാകും. ഇവിടെ നിന്നുള്ള തീർത്ഥാടകരുടെ ആദ്യ സംഘം നവംബർ 19 ന് ജിദ്ദയിലേക്ക് യാത്ര തിരിച്ചു. 215 പേരുള്ള സംഘത്തിൽ 121 പേർ സ്ത്രീകളായിരുന്നു. 2000-ൽ നെടുമ്പാശ്ശേരിയിൽ നിന്ന് പുറപ്പെടാൻ അവസരം ലഭിച്ചതോടുകൂടിയാണ് മലയാളികൾക്ക് സ്വന്തം ഭൂമിയിൽ നിന്ന് പരിശുദ്ധ ഹജ്ജ് കർമത്തിന് യാത്ര തിരിക്കാനുള്ള അവസരം കൈവന്നത്. അന്നത്തെ ഇടതു മുന്നണി സർക്കാരാണ് ഇതിന് മുൻകൈയെടുത്തത്. 2001 ലും നെടുമ്പാശ്ശേരി തന്നെയായിരുന്നു എമ്പാർക്കേഷൻ പോയിന്റ്.

ആയിരം പേർക്ക് വിശ്രമിക്കാനും പ്രാർത്ഥിക്കാനുമുള്ള സൗകര്യം പുതിയ കെട്ടിടത്തിലുണ്ട്. 600 പേർക്കുള്ള ഭക്ഷണശാല, ലഗേജ് മുറി, വിമാനക്കമ്പനി, ബാങ്ക്, ഹജ്ജ്സെൽ,ക്ലിനിക്കൽ സൗകര്യങ്ങൾ എന്നിവയും ഉണ്ട്. തീർത്ഥാടകരുടെ യാത്രാരേഖകൾ നൽകുന്നതും വിദേശനാണയ കൈമാറ്റവും ക്യാമ്പിലാണ് നടക്കുന്നത്. ലഗേജ് നീക്കുന്നതിനും സംവിധാനമുണ്ട്.

ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റ് ആഴ്ചകൾക്കുള്ളിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഹജ്ജ് ഹൗസ് യാഥാർത്ഥ്യമായത്. 2006 ജൂണിൽ പ്രൊഫ. എ. കെ. അബ്ദുൾ ഹമീദ് ചെയർമാനായി ചുമതലയേറ്റ ഹജ്ജ്കമ്മിറ്റി സർക്കാർ തീരുമാനം അടിയന്തര പ്രാധാന്യത്തോടെ നടപ്പിലാക്കാൻ ആദ്യയോഗത്തിൽത്തന്നെ തീരുമാനിച്ചു. സംസ്ഥാന ബഡ്ജറ്റിൽ സപ്ലിമെന്ററി ഇനമായി ഒരു കോടി രൂപ ഉൾക്കൊള്ളിച്ച് 2006-07ൽ തന്നെ 25 ലക്ഷം രൂപയും 2007-08 ൽ 75 ലക്ഷം രൂപയും അനുവദിച്ച് സർക്കാർ നിർലോഭമായ പിന്തുണ നൽകി. പൂർത്തിയാക്കാൻ ഒരു കൊല്ലമെടുക്കുമെന്ന് കരുതിയ കെട്ടിടം മഞ്ചേരിയിലെ നിർമാൺ കൺസ്ട്രക്ഷൻസ് ഏഴുമാസം കൊണ്ട് പൂർത്തിയാക്കി.

കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റും ഉദാരമതികൾ നൽകിയ രണ്ടു കോടിയോളം രൂപയും നിർമാണച്ചെലവിനായി. സംഘടനകളും വ്യക്തികളും സംഭാവനയായി നൽകിയതാണ് സ്ഥലം.



## അറിയാൻ

## തൊഴിലില്ലാത്തവരുടെ തുണയ്ക്ക് സ്വയം തൊഴിൽ ക്ലബ്ബുകൾ

തൊഴിൽ അന്വേഷകരെ സഹായിക്കുന്നതിനായി സ്വയം തൊഴിൽ ക്ലബ്ബുകൾ രൂപീകരിക്കുന്നു. ഇതിനായി ജോബ് ക്ലബുകളും വിവിധോദ്ദേശ്യ സേവന കേന്ദ്രങ്ങളും നടത്താൻ സർക്കാർ ഭരണാനുമതി നൽകി ഉത്തരവായി. തൊഴിൽ വൈദഗ്ധ്യമുള്ള തൊഴിലില്ലാത്തവർക്ക് പദ്ധതി പ്രയോജനപ്പെടും.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കും രജിസ്റ്റർ ചെയ്യാത്ത പ്രവൃത്തി കാര്യക്ഷമതാ പരിശീലനം സിദ്ധിച്ചവർക്കും പദ്ധതിയുടെ ഗുണഭോക്താവാകാം. കുടുംബ വാർഷിക വരുമാനം 50,000 രൂപയിൽ കവിയരുത്. പ്രായം 25 നും 40 നും മദ്ധ്യേയായിരിക്കണം. പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി / പട്ടികവർഗ / വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അഞ്ചു വർഷവും ഉയർന്ന പ്രായപരിധിയിൽ ഇളവ് ലഭിക്കും. ഹോം നഴ്സ്, ഹോം മെയിഡ്സ് എന്നീ ജോബ് ക്ലബ്ബുകൾ വനിതകൾക്ക് മാത്രമായിട്ടുള്ളവയായിരിക്കും. പ്രൊഫഷണൽ / സാങ്കേതിക യോഗ്യതയുള്ളവർക്കും തൊഴിൽരഹിത വേതനം കൈപ്പറ്റിക്കൊണ്ടിരിക്കുന്നവർക്കും മുൻഗണന ലഭിക്കും. കൂടാതെ സംസ്ഥാന വ്യവസായ പരിശീലന വകുപ്പ് പരമ്പരാഗത തൊഴിലാളികൾക്ക് നൽകുന്ന തൊഴിൽ വൈദഗ്ധ്യ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവർക്കും ഐ.ടി.ഐ / ഐ.ടി.സി, പോളിടെക്നിക്കുകൾ എന്നിവയിൽ ഏതെങ്കിലും ട്രേഡിൽ പരിശീലനം പൂർത്തിയാക്കിയ സർട്ടിഫിക്കറ്റുള്ളവർക്കും ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് എന്നിവിടങ്ങളിൽ തൊഴിൽ പരിചയം നേടിയവർക്കും മുൻഗണന ലഭിക്കും.

ഈ പദ്ധതിയിൻ കീഴിൽ ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിലില്ലായ്മാ വേതനം ലഭിക്കില്ല. പദ്ധതിയുടെ നടത്തിപ്പ് എംപ്ലോയ്മെന്റ് വകുപ്പിലെ ഇപ്പോഴുള്ള ജീവനക്കാരെ കൊണ്ട് നടത്തും. ഇതിനാവശ്യമായ തുക 2230-02-101-1-92 പ്ലാൻ ശീർഷകത്തിൽ 2007 -08 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും കണ്ടെത്തണം. 2007 ഒക്ടോബർ 29 മുതൽ പദ്ധതിക്ക് പ്രാബല്യമുണ്ട്. കൂടുതൽ വിവരങ്ങൾ തിരുവനന്തപുരം പ്രസ് ക്ലബ് മന്ദിരത്തിലെ പി.ആർ.ഡി ഇൻഫർമേഷൻ സെന്ററിൽ ലഭിക്കും.

## ചേരി വികസനത്തിന് 230 കോടി രൂപയുടെ പദ്ധതി

നഗരങ്ങളിൽ താമസിക്കുന്ന പാവപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള ബേസിക് സർവീസസ് ഫോർ അർബൻ പൂവർ പരിപാടി പ്രകാരം തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 230 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയതായി മന്ത്രി പാലോളി മുഹമ്മദ്കുട്ടി അറിയിച്ചു. ചേരികളുടെ സമഗ്ര വികസനമാണ് ലക്ഷ്യം. പാവപ്പെട്ടവർക്ക് വീട്, കക്കൂസ് നിർമിക്കൽ, ഓട നിർമിക്കൽ, ചേരി മാറ്റി സ്ഥാപിക്കൽ തുടങ്ങിയവയ്ക്ക് തുക ഉപയോഗിക്കാം. നേരത്തെ 70 കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രാനുമതി നല്കിയതിനു പുറമെയാണിത്.

തിരുവനന്തപുരം നഗരത്തിന് മൊത്തം 170 കോടി രൂപയും കൊച്ചിക്ക് 130 കോടി രൂപയും ലഭിക്കും. തുകയിൽ 80 ശതമാനം കേന്ദ്ര ഗ്രാന്റാണ്. 10 ശതമാനം വീതം സംസ്ഥാന സർക്കാരും ബന്ധപ്പെട്ട കോർപറേഷനും വഹിക്കണം. 2011 വരെയുള്ള പദ്ധതിക്കാലത്ത് ലഭിക്കേണ്ട തുകയാണ് ഇപ്പോൾ കേരളത്തിന് അനുവദിച്ചിട്ടുള്ളതെന്ന് മന്ത്രി പറഞ്ഞു. നോഡൽ ഏജൻസി കുടുംബശ്രീയാണ്.

---

## കെട്ടിട നിർമാണത്തിന് മാർഗനിർദേശം

സ്ഥലം, വീട്, ഫ്ളാറ്റ്, കടമുറി, മറ്റ് കെട്ടിടങ്ങൾ എന്നിവ വാങ്ങുമ്പോൾ പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ച് സർക്കാർ മാർഗനിർദേശം പുറപ്പെടുവിച്ചു.

ഇതനുസരിച്ച് കെട്ടിട നിർമാണച്ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത ഏജൻസികളെക്കൊണ്ട് പരിശോധിപ്പിച്ച ശേഷമേ കെട്ടിട നിർമാണത്തിന് സ്ഥലം വാങ്ങാവൂ. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ലൊക്കേഷൻ പ്ലാൻ കാണിച്ചാൽ സ്ഥലം ടൗൺ പ്ലാനിങ് സ്കീമിലുൾപ്പെട്ടതാണോ എന്നറിയാം. അംഗീകൃത പദ്ധതികളനുസരിച്ച് റോഡ് വീതി കൂട്ടുന്നതിന് പ്ലോട്ടിൽ നിന്ന് സ്ഥലം വിടേണ്ടതുണ്ടോ എന്നറിയാൻ തദ്ദേശ സ്ഥാപനവുമായി ബന്ധപ്പെടണം. സംരക്ഷിത സ്മാരകം, തീരദേശം തുടങ്ങി നിയന്ത്രണങ്ങളേർപ്പെടുത്തിയിട്ടുള്ള സ്ഥലമാണോയെന്ന് ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ അന്വേഷിക്കണം. വിമാനത്താവളം, റെയിൽവെ ബൗണ്ടറി, സൈനിക കേന്ദ്രം, പുരാവസ്തു സംരക്ഷിത സ്മാരകം, ഹൈ ടെൻഷൻ വൈദ്യുതി ലൈൻ എന്നിവ അടുത്തുള്ള പ്ലോട്ടിലാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ നിരാക്ഷേപ സർട്ടിഫിക്കറ്റ് വാങ്ങണം. അടുത്തുള്ള പ്ലോട്ടുകൾ ഒഴിവാക്കണം. ഭൂവിഭജനം നടന്ന പ്ലോട്ട് വാങ്ങുമ്പോൾ ടൗൺ പ്ലാനറുടെ ലേ ഔട്ട് അംഗീകാരമുള്ളതായിരിക്കണം.

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ നിന്ന് പെർമിറ്റ് വാങ്ങി നിർമിച്ചതാകണം കെട്ടിടം/ഫ്ളാറ്റ്/കടമുറി. പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനം കെട്ടിട നമ്പർ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കണം. അഡ്വാൻസ്, രജിസ്ട്രേഷനുമുമ്പ് രേഖകൾ പരിശോധിക്കണം. പരസ്യ മോഡൽ മാത്രമുള്ള കെട്ടിടം വാങ്ങരുത്. റോഡിൽ നിന്നും ആവശ്യമായ വീതി, പാർക്കിങ് സ്ഥലം, വെള്ളം, വൈദ്യുതി, ഡ്രെയിനേജ് സംവിധാനങ്ങൾ എന്നിവ പരിശോധിക്കണം. ഫ്ളാറ്റുകളുടെ സ്ട്രക്ചറൽ ഡിസൈൻ തദ്ദേശ സ്വയംഭരണ സ്ഥാപനം അംഗീകരിച്ചിരിക്കണം. സർക്കാർ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ നടപടി നേരിടുന്നവ ഒഴിവാക്കണം. ഇടനിലക്കാരെ ഒഴിവാക്കാനും നിർദേശമുണ്ട്.

കെട്ടിട നിർമാണച്ചട്ടങ്ങളും സ്കീമുകളും സംബന്ധിച്ച സംശയങ്ങൾക്ക് ജില്ലാ ടൗൺ പ്ലാനിങ് ആഫീസിലെ ഹെൽപ്പ് ഡെസ്കിൽ ബുധനാഴ്ചകളിൽ രാവിലെ 10.30 മുതൽ 4.30 വരെ ബന്ധപ്പെടാം.

## പീപ്പിൾ ബസാറുകൾ സ്ഥിരം സംവിധാനമാക്കുന്നു

കഴിഞ്ഞ ഓണം സീസണിൽ വിജയകരമായി പ്രവർത്തിച്ച പീപ്പിൾ ബസാറുകൾ സ്ഥിരം സംവിധാനമാക്കാൻ സപ്ലൈകോ നടപടി ആരംഭിച്ചു. ലാഭകരമായി പ്രവർത്തനം നടത്താൻ കഴിയുന്ന പ്രദേശങ്ങളിലാവും ബസാറുകൾ തുടങ്ങുക. സംസ്ഥാന പൗൾട്രി ഡവലപ്പ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, മിൽമ, കയർഫെഡ്, ക്ഷീര വികസന വകുപ്പ്, കേരഫെഡ്, കുടുംബശ്രീ ഉത്പന്നങ്ങൾ ഉൾപ്പെടെ എല്ലാ നിത്യോപയോഗ സാധനങ്ങളും ബസാറിൽ ലഭ്യമാകും.

## ശാരീരിക ശിക്ഷ പാടില്ല


വിദ്യാർഥികൾക്ക് ശാരീരിക ശിക്ഷ നൽകുന്നത് ഒഴിവാക്കണമെന്ന് ഹയർ സെക്കണ്ടറി ഡയറക്ടർ അറിയിച്ചു. ഹയർ സെക്കണ്ടറി സ്കൂളുകളിൽ ശാരീരിക ശിക്ഷകൾ ഒഴിവാക്കുന്നത് സംബന്ധിച്ച് കുട്ടികളുടെ അവകാശ സംരക്ഷണത്തിന് വേണ്ടിയുള്ള ദേശീയ കമ്മീഷൻ വ്യക്തമായ നിബന്ധനകൾ പുറപ്പെടുവിച്ചു. പ്രസ്തുത നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സർക്കുലർ ഹയർ സെക്കണ്ടറിയുടെ ഔദ്യോഗിക പോർട്ടലിൽ ലഭ്യമാണ്. എല്ലാ ഹയർ സെക്കണ്ടറി പ്രിൻസിപ്പൽമാരും സ്കൂൾ അധികൃതരും ഈ സർക്കുലർ കർശനമായി പാലിക്കേണ്ടതാണെന്നും ഡയറക്ടർ അറിയിച്ചു.

---

## അസംഘടിത തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷ്വറൻസ്

അസംഘടിത മേഖലയിൽ പണിയെടുക്കുന്നവർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി വരുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്കാവും ഇതിന്റെ പ്രയോജനം ലഭിക്കുക. പദ്ധതി പ്രകാരം അഞ്ച് അംഗങ്ങളുള്ള കുടുംബത്തിന് 30,000 രൂപ വരെയുള്ള ചികിത്സാ ചെലവ് ലഭ്യമാകും. ഗുണഭോക്താവ് പ്രതിവർഷം 30 രൂപ പ്രീമിയം അടയ്ക്കണം. ചികിത്സയ്ക്ക് സർക്കാർ-സ്വകാര്യ ആശുപത്രികളുടെ സേവനം ഉപയോഗിക്കാം. പദ്ധതിച്ചെലവിന്റെ 75 ശതമാനം കേന്ദ്ര സർക്കാരും 25 ശതമാനം സംസ്ഥാന സർക്കാരുമാണ് വഹിക്കുന്നത്. ഗുണഭോക്താവിന് സ്മാർട്ട് കാർഡ് ലഭ്യമാക്കും.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ അസംഘടിത തൊഴിലാളികളുള്ള കൊല്ലം, ആലപ്പുഴ ജില്ലകളിലാണ് പദ്ധതി തുടക്കത്തിൽ നടപ്പാക്കുക. തുടർന്ന് ഓരോ വർഷവും മൂന്നു ജില്ലകളിൽ വീതം വ്യാപിപ്പിക്കും. അടുത്ത വർഷം പദ്ധതി ആരംഭിക്കും.



# പരസ്പരം

**സർക്കാർ ജീവനക്കാർക്ക് ഭവന നിർമാണത്തിന് അപേക്ഷിക്കുമ്പോൾ എന്തെല്ലാം രേഖകളാണ് ഹാജരാക്കേണ്ടത്? ഇത്തരം വായ്പകൾ ഡിപ്പാർട്ടുമെന്റ് മുഖേന അടയ്ക്കുവാൻ സൗകര്യമുണ്ടോ? ബാങ്ക് വായ്പാ പലിശനിരക്ക് എത്ര? വീടും സ്ഥലവും വാങ്ങുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണ്? ഏത് ബാങ്കിനെ സമീപിക്കണം?**

**എം.പി.രാജൻ**
അത്തോളി, കോഴിക്കോട്

സർക്കാർ ജീവനക്കാർക്ക് ഡിപ്പാർട്ടുമെന്റു വഴി ഭവന നിർമാണത്തിന് അപേക്ഷിക്കാം. അപേക്ഷ അതത് വകുപ്പ് മേധാവിക്കാണ് നൽകേണ്ടത്. ശമ്പള സർട്ടിഫിക്കറ്റും അപേക്ഷയോടൊപ്പം ഉൾക്കൊള്ളിക്കണം. ഈ അപേക്ഷ വകുപ്പ് മേധാവി സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെയും ഹെഡ് ഓഫീസിലേക്കും തുടർന്ന് താങ്കൾ വീടു വയ്ക്കുന്ന സ്ഥലത്തിനടുത്തുള്ള ബാങ്ക് ശാഖയിലേക്കും കൈമാറും.

ബാങ്ക് അപേക്ഷ സ്വീകരിച്ചു കഴിഞ്ഞാൽ അപ്രൂവ്ഡ് പ്ലാൻ, എസ്റ്റിമേറ്റ്, ഏറ്റവും ഒടുവിലായി നികുതിയടച്ച രസീത്, വില്ലേജ് ഓഫീസിൽ നിന്നുള്ള പൊസെഷൻ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സർട്ടിഫിക്കറ്റ്, സെക്ച്ച് ഇവയൊക്കെ സമർപ്പിക്കണം. കൂടാതെ 15 വർഷത്തെ കുടിക്കിട ബാധ്യതാ സർട്ടിഫിക്കറ്റ് നിലവിലുള്ള ആധാരം, 15 വർഷത്തിനുള്ളിൽ നടന്ന ഡീഡിന്റെ മുൻ ആധാരങ്ങൾ എന്നിവയും സമർപ്പിക്കേണ്ടതാണ്.

അടിസ്ഥാന ശമ്പളത്തിന്റെ 60 ഇരട്ടി അല്ലെങ്കിൽ പ്രോജക്ട് കോസ്റ്റിന്റെ 80% ഇതിൽ കുറവ് ഏതാണോ അതാണ് അനുവദിക്കുക. യൂണിഫോം ഫ്ളോട്ടിങ് രീതിയിൽ 9.75% മാണ് പലിശനിരക്ക്.

ഇത്തരം വായ്പകൾ ഡിപ്പാർട്ടുമെന്റു മുഖേന അടയ്ക്കാൻ സൗകര്യമില്ല. ബാങ്കിൽ നേരിട്ടടയ്ക്കുന്ന രീതിയാണിപ്പോഴുള്ളത്.

കൂടുതൽ വിവരങ്ങൾക്ക് 0471 – 2330725 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്. ജി ഒ (പി) നം.744/02/ഫിൻ തീയതി 04.12.2002, ജി ഒ (പി) നം.086/03/ഫിൻ തീയതി 05.02.2003. ജി ഒ (എം എസ് ) നം.91/07/02/ഫിൻ തീയതി 05.03.2007 .എന്നീ ഉത്തരവുകൾ അനുസരിച്ചാണ് വായ്പാ നിബന്ധനകൾ തീരുമാനിച്ചിട്ടുള്ളത്.

---

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം – 695 001 വിലാസത്തിൽ അയയ്ക്കുക.*



# അക്ഷരത്തിൽ നിന്നും അറിവിലേക്ക്

**അക്ഷരം അഗ്നിയാണ്**. അക്ഷരവെട്ടം കൈയിലേന്തിയ ജനതയ്ക്ക് സ്വന്തം അവസ്ഥ തിരിച്ചറിഞ്ഞു പരിഹരിക്കാനും മുന്നേറാനും കഴിയും. മുഴുവൻ കേരളീയർക്കും അക്ഷരത്തിന്റെ വെളിച്ചം പകരാനായി അരങ്ങേറിയ സമ്പൂർണ സാക്ഷരതാ യജ്ഞം ഓരോ കേരളീയന്റെയും അഭിമാനമാണ്. സമ്പൂർണ സാക്ഷരതാ യജ്ഞത്തെ പിൻപറ്റി പുതിയൊരു സാക്ഷരതായജ്ഞത്തിന് തിരികൊളുത്തുകയാണ് കണ്ണൂർ ജില്ലാ പഞ്ചായത്ത്. അക്ഷരത്തിൽ നിന്നും അറിവിലേക്ക് നയിക്കുന്ന ഈ യജ്ഞം മുഴുവനാളുകളെയും നാലാംതരം പ്രാഥമിക വിദ്യാഭ്യാസമുള്ളവരാക്കാനുദ്ദേശിച്ച് അരങ്ങേറിയതാണ്. കിരൺ 2007 എന്ന് പേരുള്ള ഈ പദ്ധതി പല കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസത്തിന് തടസ്സം നേരിട്ട മുൻ തലമുറകളിൽ പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാകാത്തവർക്ക് അതിനുള്ള ഒരവസരമൊരുക്കുന്നു.ജനകീയ പങ്കാളിത്തത്തോടെ രാജ്യത്തെ ആദ്യ പ്രാഥമിക വിദ്യാഭ്യാസം നേടിയ ജില്ലയായി കണ്ണൂരിനെ മാറ്റുകയാണ് ലക്ഷ്യം. 18 നും 50 നും ഇടയിൽ നാലാംതരം വിദ്യാഭ്യാസം നേടാൻ സാധിക്കാത്ത ഒരു ലക്ഷത്തോളം പേരാണ് ഇതിന്റ ഗുണഭോക്താക്കൾ.

സമ്പൂർണപ്രാഥമിക വിദ്യാഭ്യാസ പ്രവർത്തനത്തിന് തുടക്കം കുറിച്ച നവംബർ 18 ന്റെ സർവെയിൽ ആയിരങ്ങൾ പങ്കാളികളായി. 5,800 ഓളം സ്ക്വാഡുകൾ സർവെ നടത്തി. ഡിസംബർ 10 മുതൽ ക്ളാസുകളാരംഭിക്കും. സാക്ഷരത, കുടുംബശ്രീ, യുവജന സാമൂഹിക പ്രവർത്തകരാണ് ക്ളാസുകൾ നയിക്കുക. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സംയോജിത പദ്ധതി എന്ന നിലയിൽ ഒരു വാർഡിൽ നാലും അതിലധികമോ, പത്ത് പേരെങ്കിലുമുള്ള ക്ളാസുകൾ സംഘടിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ സാക്ഷരതാ തുല്യത പരിപാടിയിൽ ജില്ലയിൽ 6,000 പേർ 4-ാം തരം പാസായവരായിട്ടുണ്ട്. മലയാളം, കണക്ക്, ഇംഗ്ളീഷ്, നമ്മളും ചുറ്റുപാടും എന്നിവയാണ് പഠന വിഷയങ്ങൾ. പാസാകുന്നവർക്ക് 5-ാം ക്ളാസിൽ ചേർന്ന് പഠിക്കുന്നതിന് സ്ക്കൂളിൽ ചേരാം. എംപ്ളോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്യാം. മസ്ദൂർ, സ്വീപ്പർ തുടങ്ങിയ ജോലിക്ക് അപേക്ഷിക്കാം.

സമ്പൂർണ പ്രാഥമിക വിദ്യാഭ്യാസം നേടിയ കേരളത്തിലെ ആദ്യ നഗരസഭ പയ്യന്നൂരാണ്. പയ്യന്നൂർ ബ്ളോക്ക് പഞ്ചായത്ത് ഏഴോം, മുണ്ടേരി, മലപ്പട്ടം ഗ്രാമ പഞ്ചായത്തുകൾ ഈ പ്രവർത്തനത്തിൽ ഏറെ മുന്നേറിയിട്ടുണ്ട്.

തുല്യതാ പരിപാടി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലൂടെ ദാരിദ്ര്യ നിർമ്മാർജനത്തിനും, ജീവിതവിജയത്തിനുമുതകുന്ന വിദ്യാഭ്യാസ സംസ്കാരം വളർത്തുന്ന ബഹുജന മുന്നേറ്റമായാണ് നടപ്പിലാക്കുക. നാലാംതരം വിദ്യാഭ്യാസം ലഭിക്കാത്ത എല്ലാവരെയും ക്ളാസിലെത്തിക്കാൻ ഒരു ബഹുജന മുന്നേറ്റം ആവശ്യമാണ്. ഇതിനായുള്ള സാമൂഹിക സാഹചര്യം സൃഷ്ടിക്കുന്ന സാമൂഹികമായ ഒരു ഉപ ഉത്പന്നം എന്ന നിലയിൽത്തന്നെ പദ്ധതിയെ കാണേണ്ടതുണ്ട്.

**ചന്ദ്രൻ.പി.പി**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കണ്ണൂർ

# മാലിന്യത്തിൽ നിന്ന് ബയോഗ്യാസും ജൈവവളവും

കോട്ടയം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ പാരിസ്ഥിതിക പ്രശ്നങ്ങൾക്കിടയാക്കുന്ന ജൈവമാലിന്യങ്ങൾ നിയന്ത്രിക്കാൻ അധികൃതർ നടപടികൾ എടുത്തുവരികയാണ്. ഇതിന്റെ ഭാഗമായി കക്കൂസ് മാലിന്യത്തിൽ നിന്ന് ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള ജില്ലാ പഞ്ചായത്തിന്റെ പദ്ധതി ജില്ലാ ആശുപത്രിയിലും വിവിധ കോളനികളിലും നടപ്പാക്കും. അറവുശാലകളിലെ മാലിന്യത്തിൽ നിന്ന് ഗ്യാസ് ഉത്പാദിപ്പിക്കാനുള്ള പദ്ധതിയും ഇതോടൊപ്പം പ്രാവർത്തികമാക്കും. ഈ പദ്ധതികൾക്കായി 33 ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് നീക്കിവെച്ചിട്ടുണ്ട്.

ഇതോടെ നഗരത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ജില്ലാ ആശുപത്രിക്ക് പഴയ ടാങ്കുകൾ സ്ഥിതിചെയ്യുന്ന ഒന്നര ഏക്കർ സ്ഥലം പുതിയ വികസന പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. മാലിന്യത്തിൽ നിന്നുത്പാദിപ്പിക്കുന്ന ഗ്യാസുപയോഗിച്ച് വിളക്കു തെളിക്കാനും കഴിയും. ഇതിന് 13 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

മീനച്ചിലാറ്റിലേക്കും വിവിധ തോടുകളിലേക്കും വിവിധ കോളനികളിലെ കക്കൂസ് മാലിന്യങ്ങൾ ഇപ്പോൾ നേരെ ഒഴുക്കുകയാണ്. ഈ കോളനികളിൽ ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ച് നൽകുകയാണ് ജില്ലാ പഞ്ചായത്തിന്റെ മറ്റൊരു പദ്ധതി. അറവുശാലകളിലെ മാലിന്യങ്ങൾ സംസ്കരിച്ച് ബയോഗ്യാസ് ഉത്പാദിപ്പിക്കാനുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നത് മുണ്ടക്കയം പഞ്ചായത്തിലാണ്. കോളനികളിൽ ബയോഗ്യാസ് പ്ലാന്റുകൾ ഏർപ്പെടുത്താനും അറവുശാലകളിലെ മാലിന്യങ്ങൾ സംസ്കരിക്കാനുമുള്ള പദ്ധതികൾക്ക് 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**കെ.ആർ.പ്രമോദ്കുമാർ**
അസിസ്റ്റന്റ് എഡിറ്റർ, കോട്ടയം

# വലനിർമാണശാല നവീകരണത്തിന്റെ പാതയിൽ

38 വർഷം പിന്നിടുന്ന കൊച്ചിയിലെ വല നിർമാണശാല നവീകരണത്തിന്റെ പാതയിലാണ്. പരമ്പരാഗത മത്സ്യമേഖലയിലെ ആവശ്യകതയുടെ 25 ശതമാനം കൈവരിക്കാൻ 160 ലക്ഷം രൂപ ചെലവിൽ നാല് ജപ്പാൻ നിർമിത ഹൈസ്പീഡ് മെഷിനുകൾ ഇവിടെ സ്ഥാപിച്ചു കഴിഞ്ഞു. 1969 ലാണ് കേരള ഫിഷറീസ് കോർപറേഷൻ 6 യന്ത്രങ്ങളുമായി നൈലോൺ നെറ്റ് ഫാക്ടറി ആരംഭിച്ചത്. മത്സ്യഫെഡിന്റെ നേതൃത്വത്തിലാണ് ദുർബലവിഭാഗമായ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി നെറ്റ് ഫാക്ടറിയുടെ നവീകരണത്തിന് ഇപ്പോൾ തുടക്കമിടുന്നത്. മത്സ്യഫെഡ് ഏറ്റെടുത്ത ശേഷം ഫാകടറി 107 കോടി രൂപയുടെ വിറ്റുവരവ് നേടി. 13.21 കോടി രൂപയുടെ അറ്റാദായവും.

ഒഴുക്കുവല, ട്രോൾവല, പഴ്സീൻവല, മത്സ്യം വളർത്താനുള്ള കുട തുടങ്ങിയവ നിർമിക്കുന്ന ഫാക്ടറിയിൽ 150 പേർക്ക് നേരിട്ടും 500 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുന്നുണ്ട്. മത്സ്യബന്ധനവലകളുടെ സംസ്ഥാനത്തെ മാർക്കറ്റ് ലീഡറാണ് ഈ ശാല. ഇടനിലക്കാരില്ലാതെ നേരിട്ട് കടലോരഗ്രാമങ്ങളിൽ വ്യാസാസ്റ്റോർ വഴിയും സഹകരണസംഘങ്ങൾ വഴിയും വിപണനശൃംഖല തുറന്ന ഫാക്ടറിയുടെ കഴിഞ്ഞ വർഷത്തെ വിറ്റുവരവ് 11 കോടി രൂപയാണ്. നവീകരണപദ്ധതിയുടെ ഉദ്ഘാടനകർമം മന്ത്രി എസ്. ശർമ നിർവഹിച്ചു. ആധുനികവത്കരണം വഴി 30 ശതമാനം ഉദ്പാദനവർധനവാണ് ഫാക്ടറിക്ക് കൈവരുന്നത്.

**അയ്യപ്പൻ**
അസി. എഡിറ്റർ, എറണാകുളം

# സമീക്ഷ

## സൂര്യൻ രണ്ടാമൻ

സൗരയൂഥത്തിൽ വലുപ്പത്തിൽ രാജാവ് ഇനി സൂര്യനല്ല. 17 പി ഹോമൻസ് എന്ന വാൽ നക്ഷത്രമാണ് വലുപ്പത്തിൽ സൂര്യനെ പിന്തള്ളിയത്.



ഒക്ടോബർ അവസാനത്തിൽ ദശലക്ഷം മടങ്ങ് പ്രകാശമാനം വർദ്ധിച്ചതിനെത്തുടർന്ന് ഹോമൻസിന്റെ വലുപ്പവും ആകൃതിയും വർദ്ധിക്കാൻ തുടങ്ങി. ഹോമൻസിന്റെ മധ്യരേഖ (1.4 ദശലക്ഷം കി.മീ) സൂര്യന്റെ മധ്യരേഖയെ (1.39 ദശലക്ഷം കി.മീ) നേരിയ അളവിൽ പിന്തള്ളിയതായി ഹവായ് സർവകലാശാലയിലെ ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തി.റാച്ചേൽ സ്റ്റീവെൻസണും സഹപ്രവർത്തകരുമാണ് ഈ കണ്ടുപിടിത്തത്തിന് ചുക്കാൻ പിടിച്ചത്. എന്നാൽ ഹോമൻസ് എന്ന വാൽനക്ഷത്രം എത്രനാൾ സൂര്യനെ പിന്തള്ളി ഒന്നാം സ്ഥാനത്ത് തുടരുമെന്ന് നിർവചിക്കുക പ്രയാസം.



## മഴവില്ല് കൈക്കുള്ളിൽ

മഴവില്ലിനെ പിടിക്കാൻ കഴിയുമോ? രണ്ടു ശാസ്ത്രതത്ത്വങ്ങൾ ബന്ധിപ്പിച്ച് പ്രകാശത്തിന്റെ വേഗത കുറച്ച് ഒടുവിൽ അത് തീർത്തും ഇല്ലാതാക്കാം എന്ന സിദ്ധാന്തം പ്രാവർത്തികമായി വിജയിച്ചാൽ മഴവില്ലും ചന്ദ്രരശ്മിയും കൈക്കുള്ളിൽ ഒതുക്കാൻ കഴിയുമത്രെ! സറേ സർവകലാശാലയിലെ ഓർവിൻ ഹസ്സും സഹപ്രവർത്തകരുമാണ് ഈ കണ്ടുപിടിത്തത്തിനു പിന്നിൽ.



## പക്ഷിപ്പനിക്കെതിരെ പ്രതിരോധശേഷിയുള്ള ജീൻ കണ്ടെത്തി

പക്ഷിപ്പനിക്കെതിരെ പ്രതിരോധശേഷിയുള്ള ജീൻ ഹവായ് ദ്വീപിലെ അമക്കിഹി വർഗത്തിൽപ്പെട്ട പക്ഷികളിൽ കണ്ടെത്തി. നോർത്തേൺ അരിസോണ യൂണിവേഴ്സിറ്റിയിലെ ജെഫ്റി ഫോസ്റ്റർ ഉൾപ്പെട്ട ശാസ്ത്രസംഘം നടത്തിയ പഠനങ്ങളുടെ ഫലമാണ് ഈ കണ്ടെത്തൽ. ഭാവിയിൽ ഈ ജീനുകൾ മറ്റു പക്ഷിവർഗങ്ങളിൽ പ്രയോഗിച്ച് വംശനാശത്തിൽ നിന്ന് പക്ഷിവർഗത്തെ കുറേയെങ്കിലും രക്ഷിക്കാൻ കഴിയുമെന്നാണ് ശാസ്ത്രലോകത്തിന്റെ പ്രതീക്ഷ.

## റോബോ പാറ്റകൾ

പാറ്റകളെക്കുറിച്ച് പഠിക്കാനും അവയുടെ സ്വഭാവത്തെ സ്വാധീനിക്കാനും കഴിയുന്ന റോബോട്ടുകൾക്ക് ശാസ്ത്രജ്ഞർ രൂപം കൊടുത്തു. മറ്റു പ്രാണികളെ പോലെ പാറ്റകൾക്ക് സാമൂഹിക ഘടനാ സ്വഭാവം ഇല്ല. എന്നാൽ തങ്ങളുടെ കൂട്ടാളികൾ എന്തു ചെയ്യുന്നു എന്നതിൽ അവ ശ്രദ്ധാലുക്കളാണ്. പാറ്റകളുടെ ഈ സ്വഭാവത്തെ ചൂഷണം ചെയ്തു കൊണ്ടാണ് പുതിയ റോബോട്ടുകൾക്ക് രൂപം നൽകിയിരിക്കുന്നത്. പാറ്റകളെ പോലെ പ്രവർത്തിക്കുന്ന ഇവയ്ക്ക് തങ്ങളുടെ കൂട്ടാളിയെയാണ് അനുഗമിക്കുന്നതെന്ന് പാറ്റകളെ തെറ്റിദ്ധരിപ്പിക്കുവാൻ കഴിവുണ്ട്.



## അറിയപ്പെടാത്ത ദിനോസർ



ഇതുവരെ അറിയപ്പെടാതിരുന്ന ദിനോസറിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തി. നാചുറൽ ഹിസ്റ്ററി മ്യൂസിയത്തിലെ അറകളിൽ ഒന്നിലാണ് ഇത് ആരാലും ശ്രദ്ധിക്കപ്പെടാതെ കിടന്നത്. പാലിയന്റോളജിസ്റ്റ് മൈക്ക് ടെയ്‌ലർ തന്റെ പഠനത്തിനായി മ്യൂസിയത്തിലെ ശേഖരം പരിശോധിക്കുന്നതിനിടയിലാണ്, 113 വർഷം ശ്രദ്ധിക്കപ്പെടാതിരുന്ന പുതിയതരം ദിനോസറുകളുടെ അവശിഷ്ടം കണ്ടെത്തിയത്.

## ഇന്ത്യൻ കഥാകാരിക്ക് കോമൺവെൽത്ത് സമ്മാനം




കോമൺവെൽത്ത് ചെറുകഥാ മത്സരത്തിൽ ഏഷ്യൻ പ്രാദേശിക വിഭാഗത്തിൽ ഇന്ത്യൻ സാഹിത്യകാരി ഹേമ. എസ്.രാമന് അംഗീകാരം. 500 പൗണ്ട് (ഏകദേശം 40,000 രൂപ) ആണ് സമ്മാനത്തുക.

സാംബിയയിൽ നിന്നുള്ള എലൻബാന്ദ ആകു മത്സരത്തിലെ മുഖ്യവിജയി ആയി. 20,000 പൗണ്ട് (ഏകദേശം 1,60,000 രൂപ) ആണ് എലന് ലഭിക്കുക. സോസിസ് ബോക്സ് എന്ന കൃതിക്കാണ് പുരസ്കാരം.



വ്യത്യസ്ത സംസ്കാരങ്ങൾ തമ്മിൽ കൂടുതൽ മനസ്സിലാക്കാനും വളർന്നു വരുന്ന സാഹിത്യ പ്രതിഭകളെ പിന്തുണയ്ക്കാനുമാണ് കോമൺവെൽത്ത് ബ്രോഡ്കാസ്റ്റിങ് അസോസിയേഷൻ മത്സരം സംഘടിപ്പിക്കുന്നത്.



## ഇന്ത്യാക്കാരി അമേരിക്കൻ സർവകലാശാലാ ചാൻസലർ

രേണു ഖതോർ എന്ന ഉത്തർപ്രദേശുകാരി ഹൂസ്റ്റൺ സർവകലാശാലാ സിസ്റ്റത്തിന്റെ ചാൻസലറായി നിയമിതയായി. മൂന്നു ചെറിയ സർവകലാശാലകളും ഹൂസ്റ്റണും ഉൾപ്പെട്ടതാണ് ഹൂസ്റ്റൺ സർവകലാശാലാ സിസ്റ്റം. ഫറൂഖാബാദിൽ ജനിച്ചുവളർന്ന രേണു ഖതോർ ഹൂസ്റ്റൺ സർവകലാശാലായുടെ പ്രസിഡന്റു കൂടിയാണ്.



## പ്രഥമ വനിതാ പ്രസിഡന്റ്

ക്രിസ്റ്റീന ഫെർണാണ്ടസ് ഡി കിർച്നർ അർജന്റീനയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 14 സ്ഥാനാർത്ഥികൾ മത്സരരംഗത്തുണ്ടായിരുന്നു. 44% വോട്ടുകൾ നേടിയാണ് ക്രിസ്റ്റീന ജയിച്ചത്. അർജന്റീനയിൽ ഇതാദ്യമാണ് ഒരു വനിത പ്രസിഡന്റാവുന്നത്.

## ചൈന തടവിലിട്ട പത്രപ്രവർത്തകന് ലോകബഹുമതി



ഡെങ്കിപ്പനി പൊട്ടിപ്പുറപ്പെടുമെന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകിയതിനു ജയിലിലടയ്ക്കപ്പെട്ട ലി ചാങ് ഖിങ് എന്ന ചൈനീസ് പത്രപ്രവർത്തകന് 2008 ലെ ഗോൾഡൻ പെൻ ഓഫ് ഫ്രീഡം അവാർഡ്. 102 രാജ്യങ്ങളിൽ നിന്നായി 18,000 പത്രങ്ങൾ ഉൾപ്പെട്ട വേൾഡ് അസോസിയേഷൻ ഓഫ് ന്യൂസ് പേപ്പഴ്സ് നൽകുന്ന പുരസ്കാരമാണിത്. ഫുഷൗ പത്രത്തിൽ റിപ്പോർട്ടറും ഡപ്യൂട്ടി ന്യൂസ് ഡയറക്ടറുമായ ലി മൂന്ന് വർഷത്തേയ്ക്കാണ് 2006 ൽ ജയിലിലാക്കപ്പെട്ടത്.

## ഗ്വാട്ടിമാല പ്രസിഡന്റ്



മധ്യ അമേരിക്കൻ രാജ്യം ഗ്വാട്ടിമാലയിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ നേതാവ് അൽവാറോ കൊളോം വിജയിച്ചു. പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ആദ്യ ഇടതുപക്ഷക്കാരനാണ് കൊളോം. നാഷണൽ യൂണിറ്റി ഓഫ് ഹോപ് ആണ് ഇദ്ദേഹത്തിന്റെ പാർട്ടി. പാട്രിയോട്ടിക് പാർട്ടിയിലെ പെറസ് മൊളീനയെയാണ് തോല്പിച്ചത്.



## എഴുത്തച്ഛൻ പുരസ്കാരം

ഈ വർഷത്തെ എഴുത്തച്ഛൻ പുരസ്കാരത്തിന് ഒ.എൻ.വി.കുറുപ്പ് അർഹനായി. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

## ഗാന്ധി മൈ ഫാദറിന് ഏഷ്യ - പസഫിക് സ്ക്രീൻ അവാർഡ്

2007 ലെ മികച്ച തിരക്കഥയ്ക്കുള്ള ഏഷ്യ - പസഫിക് സ്ക്രീൻ അവാർഡ് ഫിറോസ് അബ്ബാസ്ഖാൻ സംവിധാനം ചെയ്ത ഗാന്ധി മൈ ഫാദർ കരസ്ഥമാക്കി. ഇന്ത്യയിൽ നിന്ന് നാമനിർദേശം ചെയ്ത ഏകചിത്രമായിരുന്നു ഇത്.



ക്വിൻസ്ലൻഡിലെ ഗോൾഡ് കോസ്റ്റിൽ നടന്ന ചലച്ചിത്രോത്സവത്തിൽ നിർമാതാക്കളുടെ രാഷ്ട്രാന്തര ചലച്ചിത്ര സംഘടനയുടെ വൈസ് പ്രസിഡന്റും ഇന്ത്യൻ പ്രതിനിധിയുമായ പി.വി.ഗംഗാധരനെ ആദരിച്ചു. ഇന്ത്യയിൽ നിന്നുള്ള ചലച്ചിത്രങ്ങൾ തെരഞ്ഞെടുത്ത ജൂറി അദ്ധ്യക്ഷൻ കൂടിയായിരുന്നു അദ്ദേഹം. നടി ശബാനാ ആസ്മി ചെയർ പേഴ്സണായ അന്താരാഷ്ട്ര ജൂറിയാണ് പുരസ്കാരങ്ങൾ നിർണയിച്ചത്. ലിചാങ് ഡോങ് സംവിധാനം ചെയ്ത സീക്രട്ട് സൺഷൈൻ (കൊറിയ) മികച്ച ചിത്രമായി തിരഞ്ഞെടുക്കപ്പെട്ടു. 2യുനെസ്കോ, ഫിയാഫ് എന്നീ സംഘടനകളുടെ സഹകരണത്തോടെ ഓസ്ട്രേലിയയിലെ ക്വിൻസ്ലൻഡ് സർക്കാരിന്റെ ആഭിമുഖ്യത്തിലാണ് ഏഷ്യ - പസഫിക് സ്ക്രീൻ അവാർഡ് സംഘടിപ്പിക്കപ്പെട്ടത്.







## ജസ്റ്റിസ് ഉദയഭാനു ഉപഭോക്തൃ കമ്മീഷൻ ചെയർമാൻ

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ ചെയർമാനായി ജസ്റ്റിസ് .കെ.ആർ. ഉദയഭാനുവിനെ നിയമിച്ചു. ഹൈക്കോടതിയിൽ നിന്ന് ഈ മാസം വിരമിച്ച ശേഷം അദ്ദേഹം പുതിയ ചുമതലയേൽക്കും.

ഒന്നാം റാങ്കോടെ എൽ.എൽ.എം. നേടിയ ശേഷം അഭിഭാഷകനായ അദ്ദേഹം 1980 ൽ മുൻസിഫും തുടർന്ന് ജില്ലാ ജഡ്ജിയുമായി. തലശ്ശേരി, തിരുവനന്തപുരം, ആലപ്പുഴ എന്നിവിടങ്ങളിലും സേവനം അനുഷ്ഠിച്ചു. കെ.എസ്.ഇ.ബി നിയമോപദേഷ്ടാവായും ചുമതല വഹിച്ചിട്ടുണ്ട്.